JEEVA MOZHIKAL RNI/KERBIL/-2003/21404 Regn No: KL/KTM/608/2012-14
June 2012 www.jeevamozhikal.org Annual subscription Rs. 80/-

## ഉദയസൂര്യനു നേരേ തിരിയുക

മാസിഡോണിയിലെ ഫിലിപ്പ് രാജാവിന്റെ കൊട്ടാരം. രാവിലെ കൊട്ടാര മുറ്റത്തു നിൽക്കുന്ന കറുത്ത അഴകുള്ള പുതിയ കുതിരയിലാണ് എല്ലാവരുടെയും കണ്ണ്. അതിനെ മെരുക്കാൻ പലരും ശ്രമിച്ചു. പക്ഷേ കുതിര ആരെയും അടുപ്പിക്കാതെ ഇടഞ്ഞു നിൽക്കുകയാണ്.

എല്ലാം ശ്രദ്ധിച്ചുകൊണ്ടു നിന്ന ബാലൻ പെട്ടെന്നു രാജാവിന്റെ അനുമതി വാങ്ങി കുതിരയെ സമീപിച്ചു. കുതിരയുടെ അടുത്തു ചെന്ന് അതിനെ തിരിച്ചു നിർത്തി. ഒരു നിമിഷംകൊണ്ട് അതിന്റെ പുറത്തു ചാടിക്കയറി അതിനെ ഓടിച്ചുകൊണ്ടുപോയി.

അല്പം കഴിഞ്ഞപ്പോൾ ആളുകളുടെ കരഘോഷങ്ങൾക്കിടയിലൂടെ ആ ബാലൻ കുതിരയെ ഓടിച്ചു തിരിച്ചെത്തി. എങ്ങനെയാണു കുതിരയെ മെരുക്കിയതെന്ന് അന്വേഷിച്ചവരോട് ഫിലിപ്പ് രാജാവിന്റെ മകനായ അലക്സാണ്ടർ രാജകുമാരൻ എന്ന ആ ബാലൻ ഇങ്ങനെ മറുപടി നൽകി:

"കുതിരയെ ശ്രദ്ധിച്ചപ്പോൾ എനിക്കൊരു കാര്യം മനസ്സിലായി. കുതിരയെ ഉദയസൂര്യന് എതിരായാണു നിർത്തിയിരിക്കുന്നത്. അതുകൊണ്ട് അതിന്റെ കറുത്ത വലിയ നിഴൽ കുതിരയുടെ മുൻപിലായാണു വീണുകിടന്നത്. ഈ നിഴൽ കണ്ടു വിരണ്ടുപോയതിനാലാണു കുതിര ആരെയും അടുപ്പിക്കാതെ ഇടഞ്ഞു നിന്നത്.

"ഞാൻ കുതിരയെ ഉദയസൂര്യന് അഭിമുഖമായി തിരിച്ചു നിർത്തുകയാണ് ആദ്യം ചെയ്തത്. അപ്പോൾ നിഴൽ കുതിരയുടെ പിന്നിലായി. കുതിരയുടെ പേടി പോയി. ആ തക്കത്തിനു ഞാൻ കുതിരയുടെ പുറത്തു കയറി സവാരി നടത്തുകയായിരുന്നു."

ഉദയസൂര്യനായ യേശുവിന് അഭിമുഖമായി നിൽക്കുക. ഇല്ലെങ്കിൽ സ്വന്തം നിഴൽ പോലും നമ്മെ ഭയപ്പെടുത്തും. എന്നാൽ യേശുവിലേക്കു തിരിയുമ്പോൾ നമ്മുടെ ഭയം മാറിപ്പോകും.

"കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും" (2 കൊരി.3:15)

"ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു" (2 കൊരി.4:6).

## 'കുരിശും കഠാര'യും പുസ്തകരൂപത്തിൽ

അമേരിക്കയിലെ കഠാരഅധോലോകമാഫിയ സംഘങ്ങളുടെ ഇരുണ്ട ലോകത്തേക്കു സുവിശേഷത്തിന്റെ വെള്ളിവെളിച്ചവുമായി കടന്നുചെന്ന ഡേവിഡ് വിൽക്കേഴ്സണിന്റെ കോരിത്തരിപ്പിക്കുന്ന അനുഭവങ്ങളുടെ നേർക്കാഴ്ച. ജീവമൊഴിയിൽ പ്രസിദ്ധീകരിച്ച 'കുരിശും കഠാര'യും ഉടനെ പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്നു CROSS & SWITCHBLADE എന്ന ലോകപ്രസിദ്ധഗ്രന്ഥത്തിന്റെ പരിഭാഷ ആദ്യമായി മലയാളത്തിൽ! അഡ്വാൻസ് ബുക്കിങ്ങിനും വിശദവിവരങ്ങൾക്കും

Email അല്ലെങ്കിൽ SMS അയക്കുക: jeevamozhikal@gmail.com
Phone:9249516234 or 8281027519

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranalloor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 10 – ലക്കം 6 ജൂൺ 2012



**എഡിറ്റോറിയൽ**

# കഷ്ടതയുടെ പിന്നിലെ ദൈവഹിതം



'**കു**ഞ്ഞുങ്ങളെ വളർത്താൻ പറ്റിയ സ്ഥലമല്ല സ്വർഗ്ഗം' - സി. എസ്. ലോവെറ്റ് എന്ന ദൈവഭൃത്യന്റേതാണ് അമ്പരപ്പിക്കുന്ന ഈ പ്രസ്താവന. നമുക്ക് ഒറ്റക്കേഴ്‌വിയിൽ ഉൾക്കൊള്ളാനാകാത്ത ഈ പ്രസ്താവന തുടർന്ന് അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു: 'മക്കളെ പക്വതയിലേക്കു കൊണ്ടുവരുവാൻ കഴിയുന്ന സ്ഥലമല്ല സ്വർഗ്ഗം. ദിവ്യസ്നേഹത്തിലേക്കോ ദൈവികസ്വഭാവത്തിലേക്കോ വിശ്വാസികളെ വളർത്തുവാനും സ്വർഗ്ഗത്തിൽ സാധ്യമല്ല. ഇതിനെല്ലാം ഒരേയൊരു കാരണമേയുള്ളു-ആത്മീയ പക്വതയിലേക്ക് ആളുകളെ നയിക്കുവാൻ വേണ്ട സാഹചര്യമല്ല അവിടെയുള്ളത്.'

അവിടത്തെ സാഹചര്യത്തിന്റെ പ്രത്യേകത എന്താണ്? അവിടെ 'അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല. ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല'(വെളിപ്പാട് 21:4,5).

അപ്പോൾ അതാണു കാര്യം. അവിടെ കഷ്ടതകളും പരീക്ഷകളും ഇല്ല. എതിർപ്പുകളോ തടസ്സങ്ങളോ ഇല്ല. മോഹഭംഗങ്ങളും കണ്ണുനീരും ഇല്ല. പൂർണ്ണമായ സ്വസ്ഥതയാണവിടെ. ഇത്തരം ഒരു അവസ്ഥയിൽ സ്വഭാവത്തിൽ വളർച്ചയുണ്ടാകുമോ? ഡോ: ലോവെറ്റ് തുടർന്നു ചോദിക്കുന്നു: 'എല്ലാ സമ്മർദ്ദങ്ങളും ഒഴിവാക്കിയാൽ കുട്ടികൾക്ക് എന്തു സംഭവിക്കും? കഷ്ടതകൾ, പീഡനങ്ങൾ, എതിർപ്പുകൾ, ജീവിതത്തിന്റെ തിരിച്ചടികൾ എന്നിവയിൽ നിന്നെല്ലാം എപ്പോഴും കുഞ്ഞുങ്ങളെ സംരക്ഷിച്ചുനിർത്തിയാൽ എന്താണുണ്ടാവുക? അവർ വളരുമോ? ഇല്ല. ദിവ്യസ്വഭാവത്തിലേക്ക് അവർ വളരുകയില്ല.'

ദിവ്യസ്വഭാവത്തിലേക്കുള്ള വളർച്ചയെക്കുറിച്ച് അപ്പൊസ്തലനായ പൗലോസ് പറയുമ്പോഴും ഈ സത്യത്തിലേക്കു തന്നെയാണു വിരൽ ചൂണ്ടുന്നത്: 'കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു'(റോമർ 5:3). എന്തുകൊണ്ടാണ് കഷ്ടങ്ങളിൽ പൗലൊസ് പ്രശംസിക്കുന്നത്? കാരണം കഷ്ടതയാണ് ദിവ്യസ്വഭാവത്തിലേക്കുള്ള വളർച്ചയുടെ ആദ്യപടി.

ഇക്കാര്യത്തിൽ ശാലോമോന്റെ ദേവാലയം പണിക്ക് ഉപയോഗിച്ച കല്ലുകളിൽനിന്നു നമുക്കൊരു പാഠം പഠിക്കാൻ കഴിയും. ക്വാറിയിൽനിന്ന് വെട്ടി എടുക്കുമ്പോൾ ഈ കല്ലുകൾ കുറവുകൾ ഉള്ളതും ആകൃതിയില്ലാത്തതുമാണ്. എന്നാൽ വെട്ടുകുഴിയിൽ വച്ചു തന്നെ അതിന്റെ മേൽ ചുറ്റിക, മഴു, ഇരുമ്പായുധങ്ങൾ എന്നിവ പ്രയോഗിക്കുന്നു. (1 രാജാക്കന്മാർ 6:7). ഫലം അവ ദേവാലയം പണിക്ക് ഉപയുക്തമായ മനോഹരമായ ആകൃതിയൊത്ത കല്ലുകളായി മാറുന്നു.

നമ്മെ 'ജീവനുള്ള കല്ലുകൾ' എന്നാണു ദൈവവചനം വിശേഷിപ്പിച്ചിരിക്കുന്നത് (1 പത്രോ.2:5). ശാലോമോന്റെ ദേവാലയം പണിത കല്ലുകളുടെ മേൽ ചുറ്റികയും മഴുവും ഇരുമ്പായുധങ്ങളും ഉപയോഗിച്ചപ്പോൾ അവ നിർജ്ജീവമായതുകൊണ്ടു വേദന അറിഞ്ഞില്ല. എന്നാൽ നേരേ മറിച്ചാണു ജീവനുള്ള കല്ലുകളുടെ അവസ്ഥ. ചുറ്റികയുടെ ഓരോ അടിയും മഴുവിന്റെ ഓരോ കൊത്തും നമ്മെ വേദനിപ്പിക്കുന്നുണ്ട്. എന്നാൽ ആയുധം പ്രയോഗിക്കാതെ ആകൃതിവരുത്തുവാൻ കഴിയുകയില്ല. വേദനിപ്പിക്കാതെ ജീവനുള്ള കല്ലുകളെ ആകൃതിയൊത്ത ഒന്നാക്കി മാറ്റുവാൻ ശില്പിക്കു സാധ്യമല്ല.

ശില്പിയുടെ ഹൃദയത്തിൽ ഓരോ കല്ലിനെക്കുറിച്ചും ഒരു സങ്കല്പമുണ്ട്. ഈ സങ്കല്പത്തിലേക്കാണു കല്ലിനെ കൊത്തിയെടുക്കുന്നത്. വിശ്രുതനായ ശില്പി മൈക്കൽ ഏയ്ഞ്ചലോയുടെ വിശ്വപ്രസിദ്ധ ശില്പമായ ഡേവിഡിനെക്കുറിച്ചുള്ള കഥ ഇങ്ങനെ: മറ്റു ശില്പികൾ ഉപേക്ഷിച്ച് ഇട്ടിരുന്ന ഒരു വലിയ മാർബിൾ കല്ല് അദ്ദേഹം കാണുവാനിടയായി. മൈക്കൽ ഏയ്ഞ്ചലോ അതെടുത്ത് അതിൽ പണി ചെയ്യുവാൻ ആരംഭിച്ചു. ആ ആകൃതിയില്ലാത്ത കല്ല് ഒടുവിൽ ദാവീദിന്റെ അതിമനോഹരമായ ഒരു ശില്പമായി മാറി. മറ്റു ശില്പികളുടെ ഉളിക്കു വഴങ്ങാത്ത കഠിനമായ ഈ കല്ലിൽനിന്ന് എങ്ങനെയാണ് താങ്കൾ ഡേവിഡ് എന്ന ഈ വെണ്ണക്കൽ ശില്പം രൂപപ്പെടുത്തിയതെന്ന് അത്ഭുതപരതന്ത്രരായ കാണികൾ ചോദിച്ചപ്പോൾ മൈക്കൽ ഏയ്ഞ്ചലോയുടെ മറുപടി ഇങ്ങനെയായിരുന്നു: 'അതു വളരെ എളുപ്പമായിരുന്നു. ഞാൻ ആ ആകൃതിയില്ലാത്ത മാർബിൾ കഷണത്തിനുള്ളിൽ ഒളിച്ചിരുന്ന ഡേവിഡിന്റെ രൂപം ആദ്യം മനക്കണ്ണിൽ കണ്ടു. എന്നിട്ട് ആ കല്ലിൽ നിന്നു ഡേവിഡിന്റെ ശില്പത്തിനു ചേരാത്ത ബാക്കി ഭാഗങ്ങളെല്ലാം ഉളി ഉപയോഗിച്ചു ചെത്തിക്കളയുക മാത്രം ചെയ്തു. അപ്പോൾ ഈ ശില്പം അവശേഷിച്ചു.'

വലിയ ശില്പിയായ ദൈവത്തിന് ഇതുപോലെ നമ്മെ ഓരോരുത്തരെക്കുറിച്ചും നാം ഏതു രൂപത്തിൽ എത്തിച്ചേരണം എന്നതു സംബന്ധിച്ച് ഒരു സങ്കല്പമുണ്ട്. അതിനു യോജിക്കാത്തതെല്ലാം അവിടുന്നു കഷ്ടതയുടെ ഉളി ഉപയോഗിച്ചു ചെത്തിക്കളയുകയാണ് ചെയ്യുന്നത്. നാം എന്തായിത്തീരണമോ അതിതുവരെ ആയിത്തീർന്നിട്ടില്ല. എന്നാൽ ആ രൂപാന്തര പ്രക്രിയയിലാണു നാം.

നാം ആത്യന്തികമായി എത്തിച്ചേരേണ്ട രൂപത്തെക്കുറിച്ച് ഒരു സങ്കല്പമോ വ്യക്തമായ കാഴ്ചപ്പാടോ ഇല്ലാതെ ദൈവം നമ്മിൽ വെറുതെ ചില കൊത്തുപണികൾ ചെയ്യുകയില്ല. താൻ എന്താണു ചെയ്യുന്നതെന്ന് അവിടുത്തേക്കറിയാം. ചുറ്റികയുടെ ഒരു അടിയും ഉളിയുടെ ഒരു കൊത്തും യാദൃച്ഛികമല്ല. ചുറ്റികയും ഉളിയും പിടിച്ചിരിക്കുന്ന ഒരു കൈയുണ്ട്. ആ കരത്തിന്റെ ഉടയവന് എല്ലാറ്റിനെക്കുറിച്ചും വ്യക്തതയുണ്ട്.

എ.എൻ. ഹോഡ്ജ്കിൻ എന്ന ദൈവഭൃത്യൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:'എല്ലാക്കാലത്തേയും എല്ലായഥാർത്ഥ വിശ്വാസികളും സ്വർഗ്ഗീയ ദേവാലയത്തിന്റെ പണിക്കുള്ള ജീവനുള്ള കല്ലുകളാണ്. ഉയരത്തിലെ ആ ദേവാലയത്തിൽ അവയുടെ സ്ഥാനത്തിന് അനുയോജ്യമായ വിധത്തിൽ ഓരോ കല്ലിനേയും അവിടുന്ന് ഈ വെട്ടുകുഴിയിൽ വച്ചുതന്നെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഭൂമിയിലെ ക്വാറിയുടെ ഒച്ചയിലും ബഹളത്തിനും ഇടയിൽ ആകൃതിയില്ലാത്ത, കൂർത്തമൂർത്ത ഓരോ കല്ലിന്മേലും ഒരു പണി നടക്കുകയാണ്. ചുറ്റികയുടെ അടി ഇവിടെ ശക്തമാണ്. മഴുവിനു നല്ല മൂർച്ചയുണ്ട്. കൊത്തുപണി വളരെ കഠിനമാണ്. എങ്കിലും ഓരോ കല്ലും സ്വർഗ്ഗീയ യെരുശലേമിനു യോജിച്ച മട്ടിൽ രൂപപ്പെട്ടുക്കൊണ്ടിരിക്കുന്നു'

ക്രിസ്തുതുല്യമല്ലാത്ത ഓരോ മനോഭാവത്തിൽ നിന്നും നമ്മെ മോചിപ്പിക്കാനുദ്ദേശിച്ചുള്ളതാണ് ഓരോ കഷ്ടതയും. പാപസ്വഭാവങ്ങളിൽ നിന്നു മാത്രമുള്ള മോചനമല്ല പൂർണ്ണമനസ്കനായ ഒരു വിശ്വാസിയെ സംബന്ധിച്ചു കഷ്ടതയുടെ പിന്നിലുള്ള ദൈവഹിതം. ഇയ്യോബ്ബിന്റെ ദൃഷ്ടാന്തം

*ശേഷം പേജ് 14 ൽ*

സന്ദേശം

# കഷ്ടതകൾക്കു മുൻപിൽ ധീരതയോടെ

**സാക്പുന്നൻ**

പുതിയ നിയമവ്യവസ്ഥയിൻ കീഴിൽ ദൈവം ചെയ്യുന്ന ഒരു പ്രത്യേക കാര്യത്തെപ്പറ്റി എഫേസ്യർ 3:10-ൽ പറഞ്ഞിട്ടുള്ളതു ശ്രദ്ധിക്കുക.അവിടുന്നു സ്വർല്ലോകങ്ങളിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും തന്റെ ജ്ഞാനം സഭയിലൂടെ വെളിപ്പെടുത്തുവാനാഗ്രഹിക്കുന്നു. ഈ വാഴ്ചകളും അധികാരങ്ങളും രണ്ടാം സ്വർഗ്ഗത്തിൽ വസിക്കുന്ന സാത്താനും അവന്റെ ദുഷ്ടാത്മസേനകളുമാണെന്ന് എഫേസ്യർ 6:12-ൽ നിന്നു നമുക്കു മനസ്സിലാക്കാം. മൂന്നാം സ്വർഗ്ഗത്തിൽ അതായത് ദൈവത്തിന്റെ ഏറ്റവുമടുത്ത സാന്നിധ്യത്തിൽനിന്നു പുറംതള്ളപ്പെട്ടശേഷം ഇതുവരെയും രണ്ടാം സ്വർഗ്ഗത്തിലാണ് ഇവർ വസിക്കുന്നത്.

സകല മനുഷ്യരുടെയും മുമ്പിൽ നാം ക്രിസ്തുവിന്റെ സാക്ഷികളായിരിക്കേണ്ടതാണെന്നു നമുക്കറിയാം. എന്നാലിവിടെ ദുഷ്ടാത്മസമൂഹത്തിനും നാം ഒരു സാക്ഷ്യം നൽകുവാനുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. ഈ സാക്ഷ്യം എന്താണ്? ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനത്തെക്കുറിച്ചുള്ള ഒരു സാക്ഷ്യമത്രേ ഇത്



*കുറ്റപ്പെടുത്തലുകളുടെയും അപവാദങ്ങളുടെയും മുൻപിൽ സ്വസ്ഥരായിരിക്കാനാണ് ദൈവം നമ്മെ വിളിച്ചിട്ടുള്ളത്.*

***മുൻകൂട്ടി ദൈവത്തിന്റെ അനുവാദം ലഭിക്കാതെ സാത്താന് ഒരു ക്രിസ്തു ശിഷ്യനുള്ള യാതൊന്നിനെയും തൊടുവാൻ സാധ്യമല്ലെന്ന് നാം മനസ്സിലാക്കുന്നു. ഇത് നാം ഉറപ്പായി ധരിച്ചിരിക്കേണ്ട ഒരു വസ്തുതയാണ്. ഇനി വരാൻ പോകുന്ന നാളുകളിൽ ഈ ധാരണ പ്രത്യേകിച്ചും ആവശ്യമാണ്. ആദിമ ശതകങ്ങളിലെന്നപോലെ ക്രിസ്തുവിന്റെ യഥാർത്ഥ സഭ ആസന്നഭാവിയിൽ പീഡനങ്ങൾ അനുഭവിക്കാനിടയാകും. ഈ പീഡനകാലം ആരംഭിക്കുന്നതിനു മുമ്പ് നമുക്കു ചുറ്റുമുള്ള വേലികളുടെ കാര്യം നാം ഉറപ്പായി ധരിച്ചിരിക്കേണ്ടത് ആവശ്യമത്രേ.***

(എഫേ. 3:10). തന്റെ പരിപൂർണ്ണ ജ്ഞാനത്തിനനുസൃതമായി നമ്മുടെ ജീവിതത്തിലെ സകലകാര്യങ്ങളും ദൈവം നിയന്ത്രിക്കുന്നുവെന്നുള്ള സന്തോഷപൂർണ്ണമായ സാക്ഷ്യമാണിത്. ഉയരത്തിൽ നിന്നുള്ള ജ്ഞാനത്തിൽ പങ്കാളികളായിത്തീർന്ന ജീവിതങ്ങൾക്കു മാത്രമേ ഈ സാക്ഷ്യം നൽകുവാൻ കഴിയൂ.

ഇയ്യോബ് തന്റെ ജീവിതം മുഖേന സാത്താനു നൽകിയ സാക്ഷ്യത്തെപ്പറ്റി ഇയ്യോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. ലോകത്തിലെല്ലാം സഞ്ചരിച്ച ശേഷം സാത്താൻ ദൈവസന്നിധിയിൽച്ചെന്നപ്പോൾ തന്റെ ദാസനായ ഇയ്യോബിന്റെ നീതിനിഷ്ഠ അവൻ ഗ്രഹിച്ചിട്ടുണ്ടോ എന്നു ദൈവം ചോദിച്ചു (ഇയ്യോബ് 1:8). ദൈവം ഇയ്യോബിനു ചുറ്റും കെട്ടിയിട്ടുള്ള മൂന്നു വേലികൾ കാരണമാണ് അവൻ ദൈവത്തെ ഭയപ്പെടുന്നത് എന്നായിരുന്നു സാത്താന്റെ മറുപടി. ഇയ്യോബിനു ചുറ്റും മൂന്നു വേലികൾ ഉള്ളതായി സാത്താൻ ഗ്രഹിച്ചിരുന്നു. ഒന്ന് അവന്റെ ജീവനുചുറ്റും, രണ്ടാമത്തേത് അവന്റെ കുടുംബത്തിനുചുറ്റും, മൂന്നാമത്തേത് അവന്റെ വസ്തുവകകൾക്കു ചുറ്റും. യേശുവിന്റെ ശിഷ്യന്മാർക്കു ചുറ്റും ദൈവം കെട്ടിയിട്ടുള്ള ഈ വേലികളെപ്പറ്റി പല വിശ്വാസികൾക്കും അറിവില്ല. ലൂക്കോസ് 14:26-33 വാക്യങ്ങളിൽ വിവരിച്ചിട്ടുള്ള ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകൾ പാലിക്കുന്ന എല്ലാ വിശ്വാസികളുടെയും ചുറ്റുമായി ഈ മൂന്നു വേലികൾ ദൈവം നിർമ്മിച്ചിട്ടുണ്ട്.

എന്നാൽ ഇയ്യോബിന്റെ പുസ്തകത്തിന്റെ തുടർന്നുള്ള ഭാഗത്ത്, അവന്റെ വസ്തുവകകൾ, കുടുംബം, ജീവൻ എന്നിവയെ ആക്രമിക്കുമാറ് ദൈവം ഈ വേലികൾ ഓരോന്നായി സാത്താനു തുറന്നു കൊടുത്തതിനെപ്പറ്റി നാം വായിക്കുന്നു. ഇയ്യോബിന്റെ സ്വഭാവശ്രേഷ്ഠത സാത്താനു കാണിച്ചു കൊടുക്കുവാനാണ് ദൈവം ഇപ്രകാരം ചെയ്തത്.

മുൻകൂട്ടി ദൈവത്തിന്റെ അനുവാദം ലഭിക്കാതെ സാത്താന് ഒരു ക്രിസ്തു ശിഷ്യനുള്ള യാതൊന്നിനെയും തൊടുവാൻ സാധ്യമല്ലെന്ന് ഇവിടെ നാം മനസ്സിലാക്കുന്നു. ഇത് നാം ഉറപ്പായി ധരിച്ചിരിക്കേണ്ട ഒരു വസ്തുതയാണ്. ഇനി വരാൻ പോകുന്ന നാളുകളിൽ ഈ ധാരണ പ്രത്യേകിച്ചും ആവശ്യമാണ്. ആദിമ ശതകങ്ങളിലെന്നപോലെ ക്രിസ്തുവിന്റെ യഥാർത്ഥ സഭ ആസന്നഭാവിയിൽ പീഡനങ്ങൾ അനുഭവിക്കാനിടയാകും. ഈ പീഡനകാലം ആരംഭിക്കുന്നതിനു മുമ്പ് മുൻപറഞ്ഞ വേലികളുടെ കാര്യം നാം ഉറപ്പായി ധരിച്ചിരിക്കേണ്ടത് ആവശ്യമത്രേ.

ഇയ്യോബിന്റെ ഭാര്യയും അവന്റെ സ്നേഹിതന്മാരും അവനെ തെറ്റിദ്ധരിക്കയും വിമർശിക്കുകയും ചെയ്തതുപോലെ നമ്മുടെ ബന്ധുജനങ്ങളും മതഭക്തരായ സ്നേഹിതന്മാരും നമ്മെ തെറ്റിദ്ധരിക്കാനും വിമർശിക്കാനും ഇടയാകും.





തന്റെ പരീക്ഷണഘട്ടത്തിൽ ഇയ്യോബ് സ്വയം താഴ്ത്തി ഇപ്രകാരം പറഞ്ഞു: 'നഗ്നനായി ഞാൻ അമ്മയുടെ ഉദരത്തിൽ നിന്നു പുറപ്പെട്ടു വന്നു; നഗ്നനായി തന്നെ ഞാൻ മടങ്ങിപ്പോകും. ദൈവം തന്നു; ദൈവം എടുത്തു; ദൈവത്തിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ" (ഇയ്യോബ് 1:21). തനിക്കുള്ളതെല്ലാം ദൈവത്തിന്റെ വകയാണെന്നും അവയെ തരാനെന്നതുപോലെ തിരിച്ചെടുക്കാനും ദൈവത്തിന് അവകാശമുണ്ടെന്നും ഇയ്യോബ് മനസ്സിലാക്കിയിരുന്നു. ഒരു യഥാർത്ഥ ശിഷ്യന്റെ മനോഭാവമാണിത്. ദൈവത്തിന്റെ ദാനങ്ങൾ അവിടുന്നു തിരിച്ചെടുക്കുമ്പോൾ അത് കൂടുതൽ വലിയ ഒരനുഗ്രഹമാണെന്നും യഥാർത്ഥ ശിഷ്യന്മാർ മനസ്സിലാക്കും. നമ്മുടെ ശിഷ്യത്വത്തെ ശോധനചെയ്യുന്ന ഉരകല്ലായി ഇതിനെ കരുതാം.

ഇയ്യോബിന് ഈ ധീരമായ നിലപാടിൽ അവസാനം വരെയും ഉറച്ചു നില്ക്കുവാൻ സാധിക്കാതെപോയി എന്നതാണ് ദുഃഖകരമായ വസ്തുത. പീഡനങ്ങളുടെ നിരന്തര സമ്മർദ്ദത്തിൻ കീഴിൽ കുറെ കഴിഞ്ഞപ്പോൾ അവൻ തളർന്നു പോകുകയും ദൈവത്തിനെതിരായി പരാതിപ്പെടുവാനാരംഭിക്കുകയും ചെയ്തു. പഴയനിയമ വ്യവസ്ഥയിൽപ്പെട്ട ആളുകളുടെ അനുഭവമത്രേ ഇത്.

എന്നാൽ എബ്രായർ 11:40-ൽ പറഞ്ഞിട്ടുള്ളപ്രകാരം പുതിയനിയമ വ്യവസ്ഥയനുസരിച്ച് ദൈവം അധികം നല്ലതായ ഒന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. എബ്രായർ 12:1-3 വാക്യങ്ങളിൽ യേശു അവസാനത്തോളം വിജയപൂർവ്വം ഉറച്ചുനിന്നതായി വിവരിച്ചിട്ടുള്ളതുപോലെ ഉറച്ചു നില്പാൻ നമുക്കും സാധ്യമാണ്.

ഇന്ന് നാം ഇയ്യോബിനെയല്ല, യേശുവിനെത്തന്നെ പിന്തുടരുന്നവരാണ്. നമുക്കു വരുന്ന പീഡനം എന്തുതന്നെയാകട്ടെ, ദൈവകൃപയിലാശ്രയിച്ച് അവസാനത്തോളം ഉറച്ചുനില്പാനും

***തനിക്കുള്ളതെല്ലാം ദൈവത്തിന്റെ വകയാണെന്നും അവയെ തരാനെന്നതുപോലെ തിരിച്ചെടുക്കാനും ദൈവത്തിന് അവകാശമുണ്ടെന്നും ഇയ്യോബ് മനസ്സിലാക്കിയിരുന്നു. ഒരു യഥാർത്ഥ ശിഷ്യന്റെ മനോഭാവമാണിത്. ദൈവത്തിന്റെ ദാനങ്ങൾ അവിടുന്നു തിരിച്ചെടുക്കുമ്പോൾ അത് കൂടുതൽ വലിയ ഒരനുഗ്രഹമാണെന്നും യഥാർത്ഥശിഷ്യന്മാർ മനസ്സിലാക്കും. നമ്മുടെ ശിഷ്യത്വത്തെ ശോധനചെയ്യുന്ന ഉരകല്ലായി ഇതിനെ കരുതാം.***

സാത്താന്റെ മുമ്പിൽ സാക്ഷ്യം വഹിക്കാനും നമുക്കു കഴിയും. ഇയ്യോബിനെ വിമർശിക്കുവാൻ നമുക്കു സാധ്യമല്ല. ജഡത്തിലൂടെ ജീവനുള്ള പുതുവഴി തുറക്കപ്പെടുന്നതിനും കൃപയും പരിശുദ്ധാത്മദാനവും വരുന്നതിനും ദൈവവചനം എഴുതപ്പെടുന്നതിനും മുമ്പുള്ള കാലത്ത് ജീവിച്ചിരുന്ന ഒരുവനാണ് അദ്ദേഹം. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ പരിമിതികളാലോചിക്കുമ്പോൾ അദ്ദേഹം ഏറ്റവും ശ്ലാഘനീയമായി ജീവിച്ചുവെന്നു പറയാം. അതിനാൽ ദൈവം മൂന്നുപ്രാവശ്യം അദ്ദേഹത്തെ പ്രശംസിച്ചു സംസാരിക്കുന്നുണ്ട്. (ഇയ്യോബ് 1:8; 2:3; 42:7)

എന്നാൽ നമുക്കാകട്ടെ, ദൈവഭക്തിയുടെ മർമ്മം വെളിപ്പെട്ടിരിക്കുന്നു. ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടു. ആത്മാവിൽ നീതികരിക്കപ്പെട്ടു (പരിശുദ്ധാത്മാവ് അദ്ദേഹത്തെ നീതിമാനെന്നു പ്രഖ്യാപിച്ചു), ദൂതന്മാർ ഈ എല്ലാ പീഡനങ്ങളിലും അദ്ദേഹത്തെ വിശുദ്ധിയുള്ളവനായി കണ്ടു– ഇതാണ് ഈ മർമ്മം(1 തിമോ. 3:16).ഇപ്പോൾ ദൂതന്മാരുടെ മുമ്പിൽ ഈ

*യേശു പീഡനത്തിന്റെ സർവകലാശാലയിൽ പഠിച്ചു പാസ്സാവുകയും പരിപൂർണ്ണാനുസരണത്തിന്റെ സർട്ടിഫിക്കറ്റു നേടുകയും ചെയ്തു. ഇന്ന് അതേ സർവകലാശാലയിൽ ചേർന്നു പഠിക്കുവാനാഗ്രഹിക്കുന്നവർക്കെല്ലാം അനുസരണം പഠിപ്പിക്കുന്ന അധ്യാപകനാണ് അവിടുന്ന്. ഇവിടെ പഴയനിയമ വ്യവസ്ഥയിലുള്ളപോലെ 'നീ ചെയ്യണം' എന്നനുശാസിക്കുന്ന നിർബ്ബന്ധമില്ല. എന്നാൽ ദൈവാത്മാവും മണവാട്ടിയും 'വരിക, ഈ സർവകലാശാലയിൽ ചേരുക' എന്ന് നമ്മെ ക്ഷണിക്കുന്നുണ്ട്*

സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ ദൈവം നമ്മെ നിയോഗിച്ചിരിക്കുകയാണ്. (1 കോരി 4:9)

യേശു പീഡനത്തിന്റെ സർവകലാശാലയിൽ പഠിച്ചു പാസ്സാവുകയും പരിപൂർണ്ണാനുസരണത്തിന്റെ സർട്ടിഫിക്കറ്റു നേടുകയും ചെയ്തു. ഇന്ന് അതേ സർവകലാശാലയിൽ ചേർന്നു പഠിക്കുവാനാഗ്രഹിക്കുന്നവർക്കെല്ലാം അനുസരണം പഠിപ്പിക്കുന്ന അധ്യാപകനാണ് അവിടുന്ന് (എബ്രായർ 5:8, 9). ഇവിടെ പഴയനിയമ വ്യവസ്ഥയിലുള്ളപോലെ 'നീ ചെയ്യണം' എന്നനുശാസിക്കുന്ന നിർബ്ബന്ധമില്ല. എന്നാൽ ദൈവാത്മാവും മണവാട്ടിയും 'വരിക, ഈ സർവകലാശാലയിൽ ചേരുക' എന്ന് നമ്മെ ക്ഷണിക്കുന്നുണ്ട്. ഇവിടെച്ചേർന്നു പഠിക്കാതെ ഒരു ശിഷ്യനാകുവാൻ ആർക്കും സാധ്യമല്ല. ശിഷ്യന്മാരെ പരിശീലിപ്പിക്കുന്ന ഏക സ്ഥലം ഇതു മാത്രമാണ്.

"ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്" യേശു ശിഷ്യന്മാരോടു പറഞ്ഞു. "എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." ലോകത്തെയും അതിന്റെ പ്രഭുവായ സാത്താനെയും യേശു ജയിച്ചതുപോലെ നമുക്കും ജയിപ്പാൻ സാധ്യമാണ്.

ഇന്ന് യേശുവിനെ അഭിനന്ദിക്കുന്ന ധാരാളം പേരുണ്ട്. അവിടുത്തെ പിന്തുടരുന്നവർ ചുരുക്കമാണ്. നാം യേശുവിന്റെ ശിഷ്യന്മാരാണെന്നുള്ളതിന്റെ വ്യക്തവും തെറ്റിക്കൂടാത്തതുമായ ഏക തെളിവ് ലോകം നമ്മെ വെറുക്കുന്നു എന്നതാണ്. "അവർ എന്നെ ഉപദ്രവിച്ചുവെങ്കിൽ നിങ്ങളെയും ഉപദ്രവിക്കും" എന്നു യേശു പറഞ്ഞിട്ടുണ്ട്.(യോഹ. 15:19, 20). ക്രിസ്തുശിഷ്യരുടെ രണ്ടാമത്തെ അടയാളം "തങ്ങളെ വെറുക്കുന്നവരെ സ്നേഹിക്കുക" എന്നതാണ് (മത്തായി 5:44-48). ദൈവികസത്യം കേൾപ്പാൻ ചെവിയുള്ള എല്ലാവർക്കും ഈ രണ്ടു തെളിവുകളാൽ തങ്ങൾ ശിഷ്യരാണോ അല്ലയോ എന്ന സത്യം കണ്ടെത്തുവാൻ കഴിയും.

ലൗകികരായ ആളുകളും പൂർണ്ണഹൃദയത്തോടെ യേശുവിനു ശിഷ്യരായിട്ടില്ലാത്ത മതഭക്തന്മാരും നിങ്ങളെ അംഗീകരിക്കയും പിന്താങ്ങുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ ഒരു ഒത്തുതീർപ്പുകാരനാണെന്ന കാര്യം തീർച്ചയാണ്. ഒരു പക്ഷേ നിങ്ങൾ മാനസാന്തരപ്പെട്ടിട്ടില്ലാത്ത ഒരുവനാണെന്നു വരാനും സാധ്യതയുണ്ട്.

ലോകം എന്തുകൊണ്ട് യേശുവിനെ വെറുത്തു? അവിടുന്ന് നികുതി കൊടുക്കുകയും ശിഷ്യന്മാരുടെ കാലുകൾ കഴുകുകയും ചെയ്തതുകൊണ്ടാണോ? അവിടുന്ന് ഒരു വിശുദ്ധ ജീവിതം നയിച്ചതുകൊണ്ടാണോ? ഇതൊന്നമല്ല കാരണം. താൻ വായ് തുറന്ന് ഈ ലോകത്തിന്റെ തിന്മ കലർന്ന വഴികളെ അനാവരണം ചെയ്തതുകൊണ്ടാണ് ലോകം തന്നെ വെറുത്തതെന്ന് കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്(യോഹ 7:7). കപടഭക്തിയെ അദ്ദേഹം നിർദ്ദയം വെളിച്ചത്തുകൊണ്ടുവന്നതുമൂലം കപടഭക്തന്മാർ അദ്ദേഹത്തെ വെറുത്തു. ദൈവജനങ്ങൾക്കിടയിലുള്ള വചനവിരുദ്ധമായ പാരമ്പര്യങ്ങളെ വിമർശിച്ചതുമൂലം പാരമ്പര്യവാദികൾ അദ്ദേഹത്തെ വെറുക്കുവാനിടയായി. യേശു സംസാരിച്ചതുപോലെ തന്നെ നാമും വായ് തുറന്ന് ഈ വക കാര്യങ്ങൾ സംസാരിക്കുന്ന പക്ഷം നമ്മുടെ ഗതിയും അതുതന്നെ. നേരേമറിച്ച് നാം മനുഷ്യരുടെയും മതഭക്തരായ പ്രമാണിമാരുടെയും പ്രശംസ അന്വേഷിച്ചുകൊണ്ട് മൗനം അവലംബിച്ചാൽ നാം ജനസമ്മതിയുള്ളവരായിത്തീരും. താൻ പോകേണ്ട വഴിയേതെന്ന് ഓരോരുത്തരും നിശ്ചയിച്ചുകൊള്ളട്ടെ.

സാത്താന് ചിലരുടെ നേരേ വലിയ ക്രോധമുള്ളതായി വെളിപ്പാടു 12-ൽ നാം വായിക്കുന്നു. സ്ത്രീ (യിസ്രായേൽ ജനം), പ്രസവിച്ച ആൺകുട്ടിയെ (യേശുവിനെ) വിഴുങ്ങിക്കളയുവാൻ അവൻ ആദ്യം ശ്രമിച്ചു. എന്നാൽ അതിലവൻ പരാജയപ്പെട്ടു. ആൺകുട്ടി വളർന്ന് തന്റെ ശുശ്രൂഷ നിറവേറ്റിയശേഷം ദൈവസിംഹാസനത്തിനടുത്തേക്കു കയറിപ്പോയി. (വെളി. 12:4, 5) ഇപ്പോൾ സാത്താന്റെ ക്രോധം ആ ആൺകുട്ടിയുടെ ഇളയ സഹോദരന്മാരുടെ നേരെയാണ്. ഇവരെപ്പറ്റി ആ ഭാഗത്തു വിവരിച്ചിട്ടുള്ള വാക്കുകൾ ശ്രദ്ധിക്കുക. "ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരും." (വെളി 12:17). ദൈവകല്പനകൾ പൂർണ്ണമായി അനുസരിക്കുകയും യേശുവിന്റെ സാക്ഷ്യം മുറുകെപ്പിടിക്കുകയുമാണ് ശിഷ്യന്മാരുടെ ലക്ഷണം. അവർ വായ് തുറന്നു യേശു സ്വയം സാക്ഷീകരിച്ചതെല്ലാം സംസാരിക്കുന്നവരാണ്. ഇതാണ് 'യേശുവിന്റെ സാക്ഷ്യം'. ഇന്ന് ഇത്തരക്കാർ ഭൂമിയിൽ വളരെ വളരെ കുറവാണ്. കാരണം ദൈവ കല്പനകൾ പൂർണ്ണമായി അനുസരിക്കുന്ന വളരെ കുറച്ചു സഭകളേ ഇന്ന് ഭൂമുഖത്തുള്ളു.

*ലൗകികരായ ആളുകളും പൂർണ്ണ ഹൃദയത്തോടെ യേശുവിനു ശിഷ്യരായിട്ടില്ലാത്ത മതഭക്തന്മാരും നിങ്ങളെ അംഗീകരിക്കയും പിന്താങ്ങുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ ഒരു ഒത്തുതീർപ്പു കാരനാണെന്ന കാര്യം തീർച്ചയാണ്. ഒരു പക്ഷേ നിങ്ങൾ മാനസാന്തരപ്പെട്ടിട്ടില്ലാത്ത ഒരുവനാണെന്നു വരാനും സാധ്യതയുണ്ട്.*

വെളിപ്പാടു 12-ൽ ഈ യുഗത്തിന്റെ അന്തിമദിനങ്ങളെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്. അന്ന് യേശു വരുന്നതിനു തൊട്ടുമുമ്പുള്ള മൂന്നരവർഷക്കാലത്തേക്ക് സാത്താനെ രണ്ടാം സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്കു തള്ളിക്കളയും. (വാക്യം 9) അന്ന് ദൈവകല്പനകൾ കാക്കുന്നവരും യേശുവിന്റെ സാക്ഷ്യം മുറുകെപ്പിടിക്കുന്നവരും സാത്താനെ ജയിക്കുന്നവരുമായ ആളുകൾ ഭൂമിയിൽ ഉണ്ടായിരിക്കും. (വാക്യം.11). അവർ ദൈവത്തിന്റെ കമാൻഡോകളാണ് (തിരഞ്ഞെടുക്കപ്പെട്ട സേനാവ്യൂഹം). അതിലൊരാളാകുക എന്നത് വലിയൊരു പദവിയും ബഹുമതിയുമായിരിക്കും. അവരിൽ ഭൂരിപക്ഷത്തിനും യേശുവിനുവേണ്ടി തങ്ങളുടെ ജീവൻ വച്ചുകൊടുക്കേണ്ടിവരും. എതിർക്രിസ്തുവിന് യേശുവിന്റെ ശിഷ്യന്മാരെ കൊല്ലുവാൻ അനുമതി ലഭിക്കുമെന്ന് വെളി. 13:7-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വേലി തുറന്നു കൊടുക്കുന്നത് ദൈവമാണെന്ന് നാമോർത്തുകൊള്ളണം. അല്ലാത്തപക്ഷം ആർക്കും നമ്മെ

തൊടുവാൻ സാധ്യമല്ല. ഇതുകൊണ്ടാണ് നാം നിർഭയരായിരിക്കുന്നത്. "എന്നെ സംബന്ധിച്ച എല്ലാ വിശദവിവരങ്ങളും ദൈവം അറിയുന്നു" എന്ന് ഇയ്യോബ് പറഞ്ഞു. (ഇയ്യോബ് 23:10) പുതിയ നിയമപ്രകാരം നമുക്ക് കുറേക്കൂടി കടന്ന് 'എന്റെ എല്ലാ കാര്യങ്ങളും ദൈവം പ്ലാൻ ചെയ്യുന്നു' എന്നു പറയാൻ കഴിയും. ഇതാണ് റോമർ 8:28-ന്റെ അർത്ഥം. ഈ ഘട്ടത്തിലും നമ്മുടെ കഴിവുകൾക്കപ്പുറമായി പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കയില്ല. ഏതു പീഡനത്തിലും നമുക്കു ജയിക്കുവാനും പാപം ചെയ്കയോ തന്നെ തള്ളിപ്പറയുകയോ ചെയ്യാതിരിപ്പാനുമുള്ള ഒരു രക്ഷാമാർഗ്ഗം അവിടുന്നു തുറന്നുതരും(1 കോരി. 10:13). എല്ലായ്പ്പോഴും അവിടുത്തെ കൃപ മതിയായതെന്നു തെളിയും (2 കോരി. 12:9). അതുകൂടാതെ നമുക്കാർക്കും ഉറച്ചു നില്പാൻ സാധ്യമല്ല. സ്വതേ ധീരൻമാരായവരല്ല, പിന്നെയോ സ്വതേ ഭയശീലരും എന്നാൽ തങ്ങളെ ശക്തിപ്പെടുത്തുവാൻ കർത്താവിലാശ്രയം വയ്ക്കുന്നവരുമായിരിക്കും അന്ന് ഉറച്ചു നിൽക്കുന്നത്.

എതിർക്രിസ്തുവിന്റെ ആ വാഴ്ചകാലം വലിയ പീഡനത്തിന്റെ ദിവസങ്ങളായിരിക്കും. എന്നാൽ തന്റെ വൃതന്മാർക്കുവേണ്ടി അതിന്റെ കാലദൈർഘ്യം കുറയ്ക്കപ്പെടുമെന്ന് യേശു പറഞ്ഞിട്ടുണ്ട് (മത്തായി 24:21, 22). അതിനാൽ യേശുവിന്റെ വൃതന്മാർ - അതായത് സഭ- ഈ കാലഘട്ടത്തിൽ സാക്ഷ്യം വഹിച്ചും കർത്താവിനുവേണ്ടി ഉറച്ചുനിന്നുംകൊണ്ട് ഭൂമിയിൽ ഉണ്ടായിരിക്കുമെന്ന കാര്യം വ്യക്തമാണ്. യേശു പറഞ്ഞു: "ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ......... മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിൻമേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതുകാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടുകൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ കൂട്ടിച്ചേർക്കും". (മത്തായി 24:21-30) യേശു ഇവിടെ പരാമർശിച്ച കാഹളം 1 തെസ്സ. 4:16, 17 വാക്യങ്ങളിൽ പറയുന്നതുതന്നെയാണ്. അപ്പോൾ ക്രിസ്തുവിൽ മരിച്ചവർ ഉയിർക്കും. അവർ ജീവിച്ചിരിക്കുന്ന ശിഷ്യന്മാരോടൊപ്പം കർത്താവിനെ മേഘങ്ങളിൽ എതിരേല്പാൻ എടുക്കപ്പെടും. സഭയുടെ ഈ ഉൽപ്രാപണം മഹാപീഡനകാലത്തിനു ശേഷമായിരിക്കുമെന്ന് യേശു വ്യക്തമാക്കിയിട്ടുണ്ട്. കർത്താവിന്റെ ആ രണ്ടാം വരവിൽ നാം അവിടത്തെ എതിരേല്ക്കും. അനന്തരം നാം തന്നോടൊപ്പം ആയിരം വർഷം വാഴുവാനായി ഭൂമിയിലേക്കു തിരികെ വരും. ദൈവവചനം വ്യക്തമാണ്. മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാത്തവരും നെറ്റിമേലോ കൈമേലോ അവന്റെ മുദ്ര ധരിക്കാത്തവരുമാണ് ഇപ്രകാരം വാഴുന്നത്. (വെളി. 20:4) ഇതിൽ നിന്നും ക്രിസ്തുവിന്റെ കാന്തയായിത്തീരുന്ന ജയാളികൾ എതിർക്രിസ്തുവിന്റെ വാഴ്ചക്കാലത്ത് കർത്താവിനോടു വിശ്വസ്തത പാലിച്ചുകൊണ്ട് ഭൂമിയിൽ ഉണ്ടായിരിക്കുമെന്ന വസ്തുത തെളിയുന്നു.

സഭയ്ക്കെതിരായി സാത്താനാൽ പ്രേരിതരായിത്തീരുന്ന മനുഷ്യരിൽ നിന്നും സംഭവിക്കുന്ന ഒന്നാണ് പീഡനം. അഭക്തർക്കുവേണ്ടി സംഗ്രഹിച്ചുവെച്ചിട്ടുള്ള ദൈവകോപത്തിൽനിന്നും ഇതിനെ വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. ദൈവകോപത്തെ നാം നേരിടേണ്ടതില്ലായിരിക്കാം. എന്നാൽ മനുഷ്യരിൽ നിന്നുള്ള മഹാപീഡനത്തെ നമുക്കു നേരിട്ടേ മതിയാവൂ. പഴയനിയമവ്യവസ്ഥയിൽ ദൈവജനങ്ങൾക്കുള്ള അനുഗ്രഹം സമ്പത്തും സൗഖ്യവുമായിരുന്നു. എന്നാൽ പുതിയ നിയമവ്യവസ്ഥയിൽ അതല്ല ദൈവാനുഗ്രഹം. യേശു മരണത്തെ അഭിമുഖീകരിച്ചപ്പോൾ -- "പിതാവേ, ഈ നാഴിക

*ശേഷം പേജ് 37 ൽ*





**അനുഭവങ്ങളിൽചാലിച്ചെഴുതിയ കീർത്തനങ്ങൾ**

# രാത്രിയിലെ പാട്ട്

**സുരേഷ്, ബാംഗ്ലൂർ**

നമ്മിലധികം പേരും സ്വന്തമായ ഒരു വീടുപണിയുന്നതിനെക്കുറിച്ചു സ്വപ്നം കാണുന്നവരാണ്. അപ്രകാരമുള്ള ദമ്പതികളായ ജോർജ്ജ് യൂങിനെയും ശ്രീമതി യൂങിനെയും കർത്താവു നടത്തിയ വഴികളെക്കുറിച്ചുള്ളതാണ് ഇക്കഥ. യേശു ഒരു നല്ല ഇടയനായി തന്റെ മക്കളെ പച്ചപ്പുൽ മേടുകളിലേക്കും ശാന്തജലത്തിനരികിലേക്കും ചിലപ്പോൾ കഷ്ടങ്ങളുടെ താഴ്വരയിലൂടെ മഹത്വത്തിലേക്കും നടത്തുന്നതിന്റെ ഒരു ചിത്രമാണ് "ദൈവം തന്റെ മക്കളെ അങ്ങോളം നടത്തുന്നു" എന്ന പാട്ട്. ഈ വരികൾ "രാത്രിയിൽ നമുക്കു പാട്ടു തരുന്ന സ്രഷ്ടാവായ ദൈവം" എന്ന ഇയ്യോബ് 35:10, 11 ലെ ചിത്രമാണു നമ്മെ ഓർമ്മിപ്പിക്കുക.



**ശ്രീമതി യൂങിന്റെ കഥ പുറംലോകത്തെ അറിയിച്ച ഡോ.ഹാൽഡർ ലില്ലെനാസ്**

ഈ ഗാനത്തിന്റെ രചയിതാവും അതിന്റെ സംഗീതം ചിട്ടപ്പെടുത്തിയ വ്യക്തിയുമായ ജോർജ്ജ് എ. യൂങ് അമേരിക്കയിലെ മദ്ധ്യ - പടിഞ്ഞാറൻ ഗ്രാമപ്രദേശങ്ങളിൽ അത്ര പ്രശസ്തിയൊന്നുമില്ലാത്ത ഒരു പ്രഭാഷകനും മരപ്പണിക്കാരനുമൊക്കെയായി കർത്താവിനെ സേവിച്ചുപോന്നു. ചുറ്റി സഞ്ചരിക്കുന്ന പ്രഭാഷകനെന്ന നിലയിൽ അദ്ദേഹത്തിന്റെ വരുമാനം തുച്ഛമായിരുന്നു. എന്നാൽ ജീവിതത്തിന്റെ ഉയർച്ച താഴ്ചകളിലൊന്നും കുലുങ്ങാതെ അദ്ദേഹത്തിന്റെ സഹധർമ്മിണി വിശ്വസ്തയായി കർത്താവിനെയും ഭർത്താവിനെയും ഒരുപോലെ സേവിച്ചുപോന്നു. അവളുടെ വാക്കുകളിൽ: "യേശു എല്ലായ്പ്പോഴും ധാരാളമായി ഞങ്ങൾക്കുണ്ടായിരുന്നു." കഥയിങ്ങനെയാണ്: വളരെ അദ്ധ്വാനത്തിനും കഷ്ടപ്പാടുകൾക്കുമൊടുവിൽ ഒരു ചെറിയ കൂര കൂട്ടുവാൻ മതിയായ പണം അവർക്കുണ്ടായി -- ചെറുതെങ്കിലും വിശ്രമത്തിനൊരു സ്ഥലം. അതു കർത്താവിനായി സമർപ്പിച്ച് ഒരു പാട്ടു പാടിയാണ് അവർ ഗൃഹപ്രവേശം നടത്തിയത്. "എല്ലാ നന്മകളുടെയും ഉറവായ കർത്താവിനു സ്തുതി."

ഒരു ദിവസം യൂങ് ദമ്പതികൾ സുവിശേഷകാര്യങ്ങൾക്കായി യാത്രയിലായിരിക്കുമ്പോൾ അവരുടെ പ്രസംഗം കേട്ടു ചൊടിച്ചിരുന്ന ചില കൊള്ളക്കാർ അവ

രുടെ വീടിനു തീയിട്ടു. തിരികെ വന്നപ്പോൾ ഒരു ചാരക്കൂമ്പാരമാണ് അവർ കണ്ടത്. അതിലേക്കു നോക്കിനിൽക്കുമ്പോഴാണ് ‘‘ദൈവം തന്റെ മക്കളെ അങ്ങോളം നടത്തുന്നു” എന്ന വിശ്വാസം പാട്ടായി ഹൃദയത്തിൽ ബീജാവാപം ചെയ്തത്. അതു തന്റെ വിശ്വാസത്തെ ദൃഢമാക്കി. അടുത്ത മൂന്നു ദിവസങ്ങളിൽ മൂന്നു ചരണങ്ങൾ എഴുതി. നാലാമത്തെ ചരണം പിൽക്കാലത്തെങ്ങോ കൂട്ടിച്ചേർക്കപ്പെട്ടതാണ്:

*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*
*മാധുര്യമേറും പച്ചപ്പുൽ മേട്ടിൽ ധന്യ സ്നേഹത്തണലിൽ*
*ആർത്തപാദങ്ങളിലിറ്റുവാൻ കുളിർ ജലത്തിന്നുറവയുണ്ടങ്ങ് –*
*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*
*വെള്ളങ്ങളിലൂടെ, വെള്ളപ്പൊക്കത്തിലും*
*ചിലരെ അഗ്നിയിലൂടെയും,*
*എങ്കിലുംരക്തത്തിൽക്കൂടിത്തന്നെ.*
*ചിലരെ പീഡകളിലൂടെ*
*എങ്കിലും പാട്ടു നൽകുന്നൂ ദൈവം*
*രാത്രികാലത്തും പകൽ വേളയിലും*
*പർവ്വതങ്ങളിലെ കൊടും വെയിലിൽ*
*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*
*രാവിൻ കൂരിരുൾ താഴ്‌വരയിൽ*
*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*
*തിന്മകൾ നേരിടുമ്പോൾ ദുഃഖം പിൻഗമിക്കുമ്പോൾ*
*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*
*കൃപയാൽ നാം കീഴടക്കി ശത്രുമേൽ ജയം നേടി*
*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*
*ചെളിയിൽ നിന്നു ദൂരെ*
*കുഴഞ്ഞ ചേറ്റിൽ നിന്നു ദൂരെ*
*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*
*ഉയരെ മഹത്വത്തിൽ*
*നിത്യതയിൽ നാളിൽ*
*ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം*

[In shady, green pastures, so rich and so sweet
God leads his children along
Where the waters cool flow bathes the weary one’s feet,
God leads his children along
Some through waters, some through flood,
Some through fire, but all through blood,
Some through great sorrow, but God give a song
In the night season and all the day long.
Some times in the mount where the sun shines so bright
God leads his children along
Some times in the valley, in the darkest of night
God leads his children along.
Though sorrows bet all us evils oppose, God leads his dear children along,
Through grace we can conquer, defeat all our foes
God leads his dear children along.
Away from the mire, and away from the clay.
God leads his dear children along
Away up in glory, eternity’s day
God leads his dear children along.]

യൂങ് ദമ്പതികളെ ദൈവം നടത്തിയതിനെ സംബന്ധിച്ച് ഡോ. ഹാൽഡർ





ലില്ലെനാസ് പറയുന്ന മറ്റൊരു കഥയുണ്ട്. ഡോ. ലില്ലെനാസ് ഒരു സഭാ ശുശ്രൂഷകനും എഴുത്തുകാരനും 4,000 പാട്ടുകളോളം രചിച്ചിട്ടുള്ള ഗാനരചയിതാവും ഒക്കെയായിരുന്നു. വിശ്രുതരായ സംഗീതജ്ഞരുടെ നിരയിലേക്ക് പിന്നീട് അദ്ദേഹം ഉയർത്തപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതകാലം 1885 – 1959 ആയിരുന്നു. ഈ ഗീതത്തിൽ നിന്ന് ആശ്വാസവും പ്രചോദനവുമുൾക്കൊണ്ടിരുന്ന ആളായിരുന്നു ഡോ. ലില്ലെനാസ്.

സ്കാൻഡിനേവിയയിൽ നിന്നു മാതാപിതാക്കളോടൊപ്പം നന്നേ ചെറുപ്പത്തിൽ അമേരിക്കയിലെത്തിയതാണ് ഡോ. ലില്ലെനാസ്. ഏതൊരു പ്രവാസിയേയും പോലെ അദ്ദേഹത്തിന്റെ ആദ്യനാളുകൾ പ്രയാസമേറിയതായിരുന്നു. ഭാഷയറിഞ്ഞുകൂടായിരുന്നു. സ്നേഹിതരായി ആരുമില്ലായിരുന്നു. പ്രായമുള്ള ഒരു വനിതയെ പിന്നീടു കൂട്ടിനു കിട്ടി. അവർ അദ്ദേഹത്തെ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചു. എന്നുമാത്രമല്ല അവർ അദ്ദേഹത്തോടു യേശുവിനെക്കുറിച്ചു പറയുകയും അദ്ദേഹം യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കാനിടയാവുകയും ചെയ്തു. “ദൈവം തൻ മക്കളെ നടത്തുന്നങ്ങോളം’’ എന്നൊരു പാട്ട് അവർ ആശ്വാസത്തിനായ് കൂടെക്കൂടെ പാടാറുണ്ടായിരുന്നു.

വർഷങ്ങൾക്കുശേഷം ഒരു നാൾ തന്റെ ഏകാന്തതയുടെ നാളുകളിൽ തന്നെ സഹായിച്ച വൃദ്ധയായ ആ നല്ല മാതാവിനെയും അവർ പാടിയിരുന്ന ആ പാട്ടിനെയും കുറിച്ച് ഡോ. ലില്ലെനാസ് ഓർക്കുവാനിടയായി. ആ പാട്ട് തനിക്ക് ആശ്വാസവും പ്രത്യാശയും പകർന്നതു താൻ ഓർത്തു. അതിന്റെ രചയിതാവ് ജോർജ്ജ് എ. യൂങിനെ കണ്ടെത്തണമെന്ന് അദ്ദേഹം തീരുമാനിച്ചു. 1942 – ലെങ്ങോ ജോർജ്ജ് ഇഹലോകവാസം വെടിഞ്ഞു എന്നും വിധവയായ ഭാര്യ അടുത്ത പട്ടണത്തിലെവിടെയോ ഉണ്ടെന്നും അദ്ദേഹം അന്വേഷിച്ചറിഞ്ഞു.

അടുത്ത പട്ടണത്തിലെത്തിയ ഡോ. ലില്ലെനാസ് ഒരു പെട്രോൾ പമ്പിലെത്തി ചില വിവരങ്ങൾ അന്വേഷിച്ചു. തുടർന്ന് ശ്രീമതി യൂങ് നിരാലംബരായ ദരിദ്രർക്കു വേണ്ടി സർക്കാർ നടത്തുന്ന സൗകര്യങ്ങളൊന്നുമില്ലാത്ത ഒരു സാധുജന സംരക്ഷണ കേന്ദ്രത്തിലുണ്ടെന്ന് അറിഞ്ഞു.

അവിടെ എന്തായിരിക്കും താൻ കണ്ടെത്തുക എന്ന സന്ദേഹത്തോടെ ഡോ. ലില്ലെനാസ് അങ്ങോട്ടുപോയി. എന്നാൽ അവിടെ വൃദ്ധയായ, സന്തോഷവും പ്രത്യാശയും തുളുമ്പുന്ന, ശ്രീമതി യൂങ് എന്ന ചെറിയ രൂപത്തെ അദ്ദേഹം കണ്ടു. ദീർഘ വർഷങ്ങൾ എങ്ങനെയാണ് തങ്ങളെ കർത്താവു നടത്തിയതെന്ന് അവർ പറഞ്ഞു. അവർ അത്ഭുതത്തോടെ ഇങ്ങനെ തുടർന്നു: “ഡോ. ലില്ലെനാസ്, താങ്കൾക്കറിയാമോ, ഒടുവിൽ കർത്താവ് എന്നെ ഇവിടേക്കാണ് കൊണ്ടുവന്നത്! അത് എനിക്കു വലിയ സന്തോഷം നൽകുന്നു. എല്ലാ മാസവും തങ്ങളുടെ ശിഷ്ട ജീവിതം ഇവിടെ കഴിച്ചുകൂട്ടാനായ് പുതുതായി ആരെങ്കിലുമൊക്കെ വരും. അവർക്കൊന്നും എന്റെ യേശുവിനെ അറിഞ്ഞുകൂടാ.’’ തുടർന്ന് എത്രയോ ആളുകൾ നിരാശ്രയരായി, നിസ്സഹായരായി അവിടെ എത്തുന്നു എന്നും അവർ എത്ര ദുഃഖത്തിലും ആവശ്യത്തിലുമാണെന്നും ശ്രീമതി യൂങ് പറഞ്ഞു. താൻ അവരെ ധൈര്യപ്പെടുത്താനും ആശ്വസിപ്പിക്കാനും യേശു കർത്താവിലേക്ക് നടത്താനും എങ്ങനെ ശ്രമിക്കുന്നു എന്നും അവർ പറഞ്ഞു. “ഡോ. ലില്ലെനാസ്, അവരെ യേശുവിലേക്കു നടത്തി എന്റെ ജീവിതം ചെലവഴിക്കണം. ദൈവത്തിന്റെ വഴികൾ അത്ഭുതകരമല്ലേ ഡോക്ടർ?”

ശ്രീമതി യൂങിന്റെ വാക്കുകൾ ലില്ലെനാസിനെ ആഴമായി തൊട്ടുണർത്തി. തന്നെ ബഹുകാലം ആശ്വസിപ്പിക്കു

കയും ധൈര്യപ്പെടുത്തുകയും ചെയ്ത ആ പാട്ടിനു പിന്നിലെ കഥമാത്രമല്ല താൻ കണ്ടെത്തിയത്. ദൈവത്തിന്റെ പൂർണ്ണതയുള്ള ഹിതത്തിന് ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ച മഹത്വപൂർണ്ണ മായ ഒരു മാതൃകയെ ആണ് താൻ കണ്ടെത്തിയത്.

രാത്രികാലങ്ങളിൽ നമുക്കു പാട്ടു നൽകി നിത്യഭവനത്തിലെത്തുവോളം ദൈവം നമ്മെ നടത്തട്ടെ, യൂങ് ദമ്പതികളെ നടത്തിയതുപോലെ.

**മൊഴിമാറ്റം: ബോബി ചെറിയാൻ**

⊙

## എഡിറ്റോറിയൽ *തുടർച്ച*

നോക്കുക. ഇയ്യോബ്ബ് എല്ലാ പാപങ്ങളിൽ നിന്നും വിടുതൽ നേടിയ, തികഞ്ഞ, ഭക്തനായ ഒരുവനായിരുന്നു. എന്നാൽ തന്റെ കഷ്ടങ്ങളിൽ കൂടി അവൻ തന്റെ മതജീവിതത്തിനും കുടുംബത്തോടുള്ള പറ്റുമാനത്തിനും തന്റെദൈവശാസ്ത്രത്തിനും ദൈവകരുതലിനെക്കുറിച്ചുള്ള തന്റെ ധാരണകൾക്കും തന്റെ നീതിബോധത്തിനും എല്ലാം മരിച്ചു. ഇവയൊന്നും പാപമായിരുന്നില്ല. എന്നാൽ ദൈവത്തോടുള്ള ഏറ്റവും അടുത്ത ബന്ധത്തിന് അവ വിഘാതമായിരുന്നു! യോസേഫ് ജയിലിൽ അടയ്ക്കപ്പെടുന്നതിനു മുൻപുതന്നെ നീതിമാനായ ഒരുവനായിരുന്നു. എന്നാൽ വിവിധ കഷ്ടങ്ങളിലൂടെയുള്ള കടന്നു പോക്ക് അവന്റെ സ്വയത്തിന്റെ മരണത്തിന് ആക്കം കൂട്ടി.ഫലം: ദൈവത്തോടുള്ള വളരെ അടുത്ത ബന്ധത്തിലേക്ക് അവൻ പ്രവേശിച്ചു.

നമ്മെ സംബന്ധിച്ചും കഷ്ടങ്ങൾക്കു പിന്നിലുള്ള ദൈവഹിതം ഇതാണ്. 'നിങ്ങളുടെ ദുഃഖങ്ങളെ പാഴാക്കരുത്.' എന്ന പ്രശസ്തമായ ഗ്രന്ഥത്തിൽ പോൾ ഇ. ബിൽഹെയ്മർ എന്ന ദൈവഭൃത്യൻ പറയുന്നത്, നമ്മെ ദിവ്യസ്നേഹത്തിലേക്ക് (Agape Love) നയിക്കുക എന്നതാണു കഷ്ടതയുടെ എല്ലാം ആത്യന്തികലക്ഷ്യം എന്നാണ്. നേരത്തെ നാം ഉദ്ധരിച്ച റോമർ അഞ്ചാം അദ്ധ്യായത്തിന്റെ പ്രാരംഭ വാക്യങ്ങളും ഈ സത്യത്തിന് അടിവരയിടുന്നു. അവിടെ 'കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും' എന്നിങ്ങനെ ചങ്ങല പോലെ നീണ്ടുപോകുന്ന ദിവ്യസ്വഭാവത്തിലേക്കുള്ള വളർച്ച ചെന്നെത്തുന്നത് ഇതിലൂടെയെല്ലാം പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിലേക്കു പകരപ്പെട്ടിരിക്കുന്ന 'ദൈവത്തിന്റെ സ്നേഹ'ത്തിലേക്കാണല്ലോ(5:5). ദൈവം, സ്നേഹം ആയതിനാൽ ഇതു 'ക്രിസ്തുവിന്റെ സ്വഭാവത്തോടുള്ള നമ്മുടെ അനുരൂപപ്പെടൽ'തന്നെയാണ് (8:29).

നോക്കുക: കഷ്ടതയിലൂടെ ആത്യന്തികമായി അവിടുന്നു നമ്മെ തന്റെ പുത്രന്റെ സ്വരൂപത്തിലേക്കു തന്നെയാണു നയിക്കുന്നത്. ആകട്ടെ, ഈ അനുരൂപപ്പെടൽ എന്തിനു വേണ്ടിയാണ്? അതിനുള്ള മറുപടി ഇതാണ്: ദൈവത്തിനു തന്റെ പുത്രന് ഒരു കാന്തയെ വേണം. കാന്ത, കാന്തന് എല്ലാ വിധത്തിലും അനുരൂപയായിരിക്കേണ്ടേ? തീർച്ചയായും. എങ്കിൽ അതിനുവേണ്ടിയാണു ദൈവം കഷ്ടങ്ങളിലൂടെ നമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഇതാണ്, ഈ ഭൂമിയിലെ നമ്മുടെ കഷ്ടങ്ങളുടെ നിത്യതയിലെ ലക്ഷ്യം. ഇതിനെക്കുറിച്ച് ഒരു വെളിപ്പാടു ലഭിച്ചാൽ മാത്രമേ 'കഷ്ടങ്ങളിൽ പ്രശംസിക്കാൻ' നമുക്കു കഴിയുകയുള്ളു.

'ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്വവും'. (2 കൊരി. 4:17)

⊙





ഓർമ്മ

### ക്രിസ്തു എത്ര അടുത്ത്–II

# സത്യം നൽകിയ സ്വാതന്ത്ര്യം

സാധു സുന്ദർസിങ്

രാംപൂരിൽ ജീവിക്കുന്നതു പ്രയാസകരമാണെന്നു കണ്ടപ്പോൾ ലുധിയാനായിലെ ക്രിസ്ത്യൻ ബോയിസ് ബോർഡിങ് സ്കൂളിലേക്കു പോകുവാൻ ന്യൂട്ടൻ സായിപ്പ് എന്നെ ഗുണദോഷിച്ചു. അവിടുത്തെ മിഷനറിമാരായ ഡോക്ടർ വെറി, ഡോക്ടർ ഫൈഫേ എന്നിവർ എന്നെ ദയാപുരസ്സരം സ്വീകരിക്കുകയും എല്ലാ വിധത്തിലും സംരക്ഷിക്കുകയും ചെയ്തു. എന്നാൽ ചില ക്രിസ്ത്യാനിക്കുട്ടികളുടെയും സ്ഥലവാസികളായ ചില ക്രിസ്ത്യാനികളുടെയും ക്രൈസ്തവവിരുദ്ധമായ ജീവിതരീതി കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ജീവനുള്ള ക്രിസ്തുവിനെ പിന്തുടരുന്നവർ ദൈവദൂതന്മാരെപ്പോലെ ആയിരിക്കുമെന്നാണ് ഞാൻ കരുതിയിരുന്നത്. ഈ കാര്യത്തിൽ എന്റെ ധാരണ തെറ്റാണെന്നു മനസ്സിലായി. ജീവനുള്ള ക്രിസ്തുവിന്റെ ദർശനം ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ - അവനിൽ നിന്നു പുതുജീവൻ എനിക്കു ലഭിച്ചില്ലായിരുന്നുവെങ്കിൽ- ഞാൻ കാലിടറി വീണു തെറ്റിമാറി ക്രിസ്തുമതത്തിന്റെ ഒരു ശത്രുവായിത്തീരുമായിരുന്നു. സ്കൂളിനെയും ആ ക്രിസ്ത്യാനികളെയും വിട്ടു വേറെ മാറിത്താമസിക്കുന്നതിനും, ഒരു 'സാധു' എന്ന നിലയിൽ തന്റെ വേലയ്ക്കായി ക്രിസ്തു എന്നെ എങ്ങോട്ടു നയിക്കുന്നുവോ അങ്ങോട്ടു പോയി ക്രിസ്തുവിനെ പിന്തുടരുന്നതിനും ഞാൻ തീരുമാനിച്ചു. വേനലവധിക്കാലത്തു ഞാൻ സിംലായിലേക്കും സുബാതുവിലേക്കും പോയി. സ്കൂളിലേക്കു തിരിച്ചു പോരുന്നതിനു പകരം ഞാൻ സ്നാനപ്പെട്ട് ഒരു സാധുവായി ചുറ്റിസഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ചു തുടങ്ങി.

ക്രൈസ്തവേതര സത്യാന്വേഷികൾ സത്യം കണ്ടുപിടിക്കുന്നതിനു വേണ്ടി സ്വമനസ്സാലെ അവിശ്വസനീയമായ കഷ്ടപ്പാടുകൾ സഹിക്കുന്നു. ക്രിസ്ത്യാനികളെന്നു പറയപ്പെടുന്നവർ ജീവിക്കുന്ന ക്രിസ്തുവിന്റെ രാജ്യം പ്രചരിപ്പിക്കുന്ന യത്നത്തിൽ ഈ ക്രൈസ്തവേതരരെപ്പോലെ സത്യസന്ധമായും പൂർണ്ണ മനസ്സോടുകൂടിയും ശ്രമിക്കുന്നപക്ഷം ലോകം മുഴുവൻ എത്രയോ മുമ്പുതന്നെ ക്രിസ്തുമതം സ്വീകരിച്ചേനെ. ഈ കാര്യത്തിൽ ക്രിസ്തുസഭ വല്ലാതെ പരാജയപ്പെട്ടുപോയെന്നു നമുക്കു സമ്മതിക്കാതെ തരമില്ല.

**കണ്ണിലെ മരുന്ന്**

ക്രിസ്തുവോടുകൂടി ജീവിക്കുകയും അവനെ ജീവിതത്തിൽ അനുഭവിക്കുകയും ചെയ്തപ്പോൾ ഒരു രഹസ്യം എനിക്കു മനസ്സിലായി. ഞാനവനെ അറിയുന്നതിനോ അവനെന്റെ രക്ഷകനാണെന്നു മനസ്സിലാക്കുന്നതിനോ മുൻപ്, ഞാൻ അറിയാതെതന്നെ, കണ്ണിലൊഴിച്ച മരുന്നുപോലെ അവനെന്റെ ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടാണിരുന്നത്. കാഴ്ച നൽകുന്നതായ മരുന്നിന്റെ സാന്നിദ്ധ്യം കണ്ണിനറിയാമെങ്കിലും മരുന്നു കാണുവാൻ കണ്ണിനു കഴിയുന്നില്ല.

*ക്രിസ്തുവോടു കൂടെയല്ലാതിരുന്നപ്പോൾ ഞാൻ ആശാരഹിതനും ഭാവിജീവിതത്തെപ്പറ്റി ഭയം നിറഞ്ഞവനുമായിരുന്നു. അവിടുത്തെ സാന്നിദ്ധ്യം ഭയത്തെ സ്നേഹമായും നിരാശയെ ആത്മസാക്ഷാൽക്കാരമായും രൂപാന്തരപ്പെടുത്തി. ഭയം താൽക്കാലികവും സ്നേഹം നിത്യവുമാണ്.*

**അമ്മയും കുഞ്ഞും**

എന്റെ അസ്വസ്ഥമായ മനസ്സ് അവനെ അന്വേഷിച്ചുകൊണ്ടാണിരുന്നത്. അവൻ അടുത്തുണ്ടായിരുന്നെങ്കിലും എന്റെ ദൃഷ്ടിയിൽ നിന്നൊളിച്ചുമാറി നിന്ന് എന്നെ അവങ്കലേക്ക് അടുപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു. ലോകമാകുന്ന ഉദ്യാനത്തിൽ ചെടിയുടെ പിമ്പിൽ ഒളിച്ചിരുന്ന അമ്മയെ കാണാതെ വിഷമിച്ച ഒരു കുട്ടിയെപ്പോലെയായിരുന്നു ഞാൻ. അമ്മയെ കാണാതെ കുട്ടി കരയാൻ തുടങ്ങി. കുട്ടിയുടെ കരച്ചിൽ കേട്ടയുടനെ തോട്ടക്കാരൻ പലവിധത്തിലുള്ള പഴങ്ങൾ ഓരോന്നായി കൊടുത്തു കുട്ടിയെ സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു. കുട്ടിയാകട്ടെ പഴങ്ങളെല്ലാം എടുത്തെറിഞ്ഞു 'എനിക്കു വേണ്ടാ, എനിക്കെന്റെ അമ്മയെ കാണണം' എന്നു പറഞ്ഞു കരഞ്ഞുകൊണ്ടേയിരുന്നു. ഒടുവിൽ അമ്മ ചെടിയുടെ മറവിൽ നിന്നു മുമ്പോട്ടു വന്നു കുട്ടിയെ കൈകളിൽ കോരിയെടുത്ത് അവന് ഉമ്മ കൊടുക്കുകയും അവന്റെ കണ്ണുനീർ തുടയ്ക്കുകയും ചെയ്തു. അമ്മയുടെ കൈകളിൽ സുരക്ഷിതനായിത്തീർന്നപ്പോൾ അവനു വേണ്ടതു കിട്ടിക്കഴിഞ്ഞു. അതുപോലെ, നമ്മുടെ സാർവലൗകിക മാതാവ് (Universal Mother) പ്രപഞ്ചമാകുന്ന തോട്ടത്തിൽ ചിലപ്പോഴൊക്കെ മറഞ്ഞിരുന്നേക്കും. ഈ കുട്ടിയെപ്പോലെയുള്ളവർ അമ്മയുടെ സ്നേഹം ഒന്നുകൊണ്ടു മാത്രമല്ലാതെ തൃപ്തിപ്പെടുകയില്ല. അമ്മ അവരെ ജാഗ്രതയായി സൂക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും അമ്മ അവരെ കോരിയെടുത്തു മാറോടണച്ച് അവരുടെ കണ്ണുനീർ തുടച്ചുകളഞ്ഞശേഷം അവർക്ക് ആനന്ദം എന്നേക്കും നൽകുമെന്നും അവർക്കറിയാം (യെശ. 49:15; വെളി. 21:3-4).

**വിശ്വാസവും സ്നേഹവും**

ക്രിസ്തുവോടു കൂടെയല്ലാതിരുന്നപ്പോൾ ഞാൻ ആശാരഹിതനും ഭാവിജീവിതത്തെപ്പറ്റി ഭയം നിറഞ്ഞവനുമായിരുന്നു. അവിടുത്തെ സാന്നിദ്ധ്യം ഭയത്തെ സ്നേഹമായും നിരാശയെ ആത്മസാക്ഷാൽക്കാരമായും രൂപാന്തരപ്പെടുത്തി. ഭയം താൽക്കാലികവും സ്നേഹം നിത്യവുമാണ്. വിശ്വാസവും സ്നേഹവും ആത്മാവിന്റെ പ്രതാനങ്ങളാണ്. ദൈവമെന്ന സൂര്യന്റെ വെളിച്ചവും ചൂടും നേടി ഈ പ്രതാനങ്ങൾ സ്വർഗത്തിലേക്കാഞ്ഞു നീട്ടി സ്നേഹമാകുന്ന ദൈവത്തെ ചുറ്റിപ്പിടിക്കുന്നു. അവിടുന്നില്ലെങ്കിൽ അവ നിരാശയിലും ഇരുട്ടിലും കിടന്നു വാടിക്കരിഞ്ഞു നശിച്ചുപോകും.

**മരണവും ജീവിതവും**

പുനരുത്ഥാനവും ജീവനുമാകുന്ന അവിടുത്തോടുള്ള കൂട്ടായ്മയിൽ നാം മരണഭയത്തിൽ നിന്നു വിടുതൽ പ്രാപിക്കുന്നു. മരണത്തിന്മേലുള്ള വിജയത്തിന്റെ പങ്കുപറ്റി നാം നിത്യജീവനിലേക്കു പ്രവേശിക്കുന്നു. അവിടുന്ന്ഒരേസമയം രണ്ടു ലോകങ്ങളിലും സന്നിഹിതനാണ്. അവിടുന്ന് ഭൗതിക ലോകത്തിലും ഇതേ സമയം തന്നെ ആത്മീയ ലോകത്തിലുമു



ജീവമൊഴികൾ

ണ്ടായിരുന്നു. ലാസറിന്റെ കല്ലറയുടെ അടുക്കൽ നിന്നുകൊണ്ട് അവിടുന്ന് സ്രഷ്ടാവിന്റെ ശബ്ദത്തിൽ 'ലാസറെ പുറത്തുവരിക' എന്നു പറഞ്ഞപ്പോൾ തന്റെ സ്നേഹിതന്റെ ആത്മാവിനെ ശരീരത്തിൽ നിന്നോ ശവക്കല്ലറയിൽ നിന്നോ അല്ല ക്രിസ്തു വിളിച്ചത്; പിന്നെയോ, ആത്മീയലോകത്തിൽ നിന്നാണു വിളിച്ചുവരുത്തിയത്. ആത്മാവ് അവിടുത്തെ കല്പന കേട്ടപ്പോൾ അതു കല്ലറയിലേക്കും ലാസറിന്റെ ശരീരത്തിലേക്കും തിരിച്ചുവന്നു.

**ഒരു ഗ്രാമത്തിൽവച്ചുണ്ടായ അനുഭവം**

മറ്റുള്ളവരെക്കൂടി ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുവാൻ ഒരു വ്യക്തിയിൽ അപ്രതിരോധ്യമായ പ്രേരണ ചെലുത്തുന്നുവെന്നുള്ളതാണ് ഈ പുതിയ ജീവന്റെ വിശേഷഗുണം. നിർബന്ധംകൊണ്ടല്ല, പിന്നെയോ ഈ അത്ഭുതകരമായ അനുഭൂതിയുടെ സന്തോഷത്തിൽ മറ്റുള്ളവർകൂടി പങ്കു ചേരണമെന്നുള്ള ആഗ്രഹംകൊണ്ടുതന്നെ. ഒരു വ്യക്തിയെ നേടുന്നതിനുള്ള പരീക്ഷണങ്ങൾ എത്രതന്നെ കഠിനമാണെങ്കിലും ആ കാഠിന്യം ഈ സേവനത്തിൽ നിന്നു ലഭിക്കുന്ന സന്തോഷംമൂലം വേഗം മറന്നുപോകും.

രാംപൂരിലെ എന്റെ പഴയ വീട്ടിൽ നിന്നു രണ്ടു മൈൽ അകലെയുള്ള ഒരു ഗ്രാമത്തിൽ ഒരിക്കൽ ഞാൻ പ്രസംഗിക്കാൻ പോയി. ഞാൻ ദീർഘനേരം പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞപ്പോൾ നേരം ഇരുട്ടിപ്പോയി. ആളുകൾ എന്നെ തനിയെ വിട്ടിട്ട് അവരവരുടെ വീടുകളിലേക്കു പോയി. ഞാൻ ക്ഷീണിച്ചും വിശന്നും ഒരു വൃക്ഷത്തിന്റെ കീഴിൽ വിശ്രമംതേടി. അന്നേദിവസം ഞാൻ യാതൊരു ഭക്ഷണവും കഴിച്ചിരുന്നില്ല. യാചിക്കുക എന്നതെന്റെ പ്രമാണങ്ങൾക്കെതിരാണ്. ക്ഷീണിച്ചും വിശന്നും ഞാൻ അവിടെക്കിടന്നപ്പോൾ സാത്താനെന്നെ പരീക്ഷിക്കുവാൻ തുടങ്ങി. എന്റെ വിചാരധാര ഇപ്രകാരമായിരുന്നു... 'ഞാൻ വീട്ടിലായിരുന്നപ്പോൾ എനിക്കെന്തെല്ലാം സുഖസൗകര്യങ്ങളുണ്ടായിരുന്നു. ക്രിസ്തുവിനുവേണ്ടി ഞാൻ അവയെല്ലാം ത്യജിച്ചപ്പോൾ ഞാനിതാ നിർദ്ധനനും വിശപ്പുള്ളവനുമായി തീർന്നിരിക്കുന്നു...' ഞാനിങ്ങനെ ചിന്തിച്ചെങ്കിലും എന്റെ ഹൃദയം അത്ഭുതകരമായ സമാധാനവും സന്തോഷവും കൊണ്ടു നിറഞ്ഞു.ഈ സന്തോഷം സാത്താന്റെ പരീക്ഷയെ ജയിച്ചുവെന്നു മാത്രമല്ല ഒരു പാട്ടു പാടുവാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്തു. അർദ്ധരാത്രിവരെ ഞാൻ കർത്താവിനെ സ്തുതിച്ചുകൊണ്ടേയിരുന്നു. അതിനുശേഷം താഴെക്കാണുന്ന വാക്കുകൾ എന്റെ വായിൽ നിന്നു പുറപ്പെട്ടു. 'എനിക്കു വീട്ടിൽ വച്ചു സ്വസ്ഥതയും സുഖവുമുണ്ടായിരുന്നെങ്കിലും അത്ഭുതകരമായ ഈ സമാധാനം എന്താണെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോൾ എല്ലാം നഷ്ടപ്പെട്ടിട്ടും ക്രിസ്തുവിൽ ഞാൻ ഹൃദയസമാധാനം കണ്ടെത്തിയിരിക്കുന്നു. ലോകത്തിന് ഈ സമാധാനം നൽകാനോ എടുത്തുകളയാനോ സാധ്യമല്ല.'

എന്റെ പാട്ടുകേട്ടു ചിലർ ഉണർന്നെഴുന്നേറ്റു. രണ്ടുപേർ എന്റെ അടുക്കൽവന്നു. എന്റെ അനുഭവത്തെപ്പറ്റി ഞാൻ പറഞ്ഞപ്പോൾ അവരുടെ മനസ്സിൽ അത് തറച്ചു. അന്നുരാവിലെ മുതൽ ഞാനൊന്നും ഭക്ഷിച്ചിട്ടില്ലെന്നുള്ള കാര്യം കേട്ടപ്പോൾ ഞാൻ അവരോടതു നേരത്തെ പറയാതിരുന്നതുകൊണ്ട് അവർ വളരെ വ്യാകുലപ്പെട്ടു. ഉടനടി അവർ ഭക്ഷണം തയ്യാറാക്കി എനിക്കു തന്നു. ഞാൻ ദൈവത്തോടും അവരോടും നന്ദി പറഞ്ഞശേഷം ഭക്ഷണം കഴിച്ച് അവിടെ കിടന്നുറങ്ങി.

**രാംപൂരിലെ അനുഭവം**

അടുത്തദിവസം, സമീപസ്ഥിതമായ ഏതാനും ഗ്രാമങ്ങളിൽ പ്രസംഗിച്ചശേഷം

***അനേക വർഷങ്ങൾക്കുശേഷം, എന്റെ നിരന്തരമായ പ്രാർഥനയ്ക്കുത്തരം കിട്ടി. എന്റെ അച്ഛനും കർത്താവിങ്കലേക്കു തിരിഞ്ഞു. പലമാതിരി കഷ്ടപ്പാടുകൾ എനിക്കുണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം എനിക്ക് അനുഗ്രഹത്തിനു കാരണമായിത്തീർന്നു. കർത്താവിന്റെ വാഗ്ദാനങ്ങളിലെ ഓരോ വാക്കും അക്ഷരംപ്രതി സത്യമാണെന്ന് നന്ദി നിറഞ്ഞ ഹൃദയത്തോടെ ആത്മാർഥമായി എനിക്കു പറയുവാൻ കഴിയും.***

ഞാൻ രാംപൂരിലേക്കു പോയി. അവിടെയും ആളുകൾ എന്റെ പ്രസംഗം നല്ലതുപോലെ കേട്ടു. വൈകുന്നേരമായപ്പോൾ ഞാനെന്റെ വീട്ടിലേക്കു ചെന്നു. ഞാനൊരു ക്രിസ്ത്യാനിയായിത്തീർന്നു കുടുംബത്തിനു അപമാനം വരുത്തുകയാൽ, എന്നെ കാണുന്നതിനോ വീട്ടിനകത്തു കയറ്റുന്നതിനോ ആദ്യം അച്ഛൻ വിസമ്മതിച്ചു. കുറെക്കഴിഞ്ഞ് അദ്ദേഹം പുറത്തിറങ്ങിവന്നു പറഞ്ഞു: 'കൊള്ളാം, ഇന്നു രാത്രി നിനക്കിവിടെ താമസിക്കാം. അതിരാവിലെ ഇവിടെനിന്നു പൊയ്ക്കൊള്ളണം. നിന്റെ മുഖം ഇനിയെനിക്കു കാണേണ്ടാ'. ഞാൻ മൗനമായി നിന്നു. വീട്ടിലുള്ളവരെയോ പാത്രങ്ങളെയോ ഞാൻ അശുദ്ധമാക്കാതിരിക്കാൻ വേണ്ടി അകലെയിരുത്തി എനിക്കു ഭക്ഷണം തന്നു. താഴ്ന്ന ജാതിക്കാർക്കു കൊടുക്കുന്നതുപോലെ പൊക്കി പിടിച്ച ഒരു പാത്രത്തിൽ നിന്ന്, കുടിക്കുവാനുള്ള വെള്ളം എന്റെ കൈയിലൊഴിച്ചു തരികയാണ് ചെയ്തത്. എന്നെ വളരെയധികം സ്നേഹിച്ചിരുന്ന അച്ഛൻ, ഒരു തീണ്ടൽജാതിക്കാരനോടെന്നപോലെ എന്നോടു പെരുമാറുന്നതു കണ്ടപ്പോൾ പൊട്ടിയൊഴുകിയ കണ്ണുനീർ തടയുവാൻ എനിക്കു സാധിച്ചില്ല. ഇതെല്ലാമുണ്ടായിട്ടും എന്റെ ഹൃദയം അവാച്യമായ സമാധാനം കൊണ്ടു നിറഞ്ഞിരുന്നു. ഞാൻ അച്ഛനു നന്ദി പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'അച്ഛനെന്നെ ത്യജിച്ചതു സാരമില്ല. സ്വജീവൻ എനിക്കായ് വെടിഞ്ഞ സ്നേഹവാനായ ക്രിസ്തുവിനെ ഞാൻ സ്വീകരിച്ചിരിക്കുന്നു. അവന്റെ സ്നേഹം മാറ്റമില്ലാത്തതും അച്ഛന്റെ സ്നേഹത്തേക്കാൾ വലുതുമാണ്. ഞാനൊരു ക്രിസ്ത്യാനിയാകുന്നതിനു മുമ്പ് അവന് അപമാനം വരുത്തി. എന്നിരുന്നാലും അവനെന്നെ കൈവെടിഞ്ഞില്ല. ഇപ്പോൾ എനിക്കൊരു പരാതിയുമില്ല. കഴിഞ്ഞകാലത്തെ സ്നേഹത്തിനും ഇപ്പോഴത്തെ ഉപചാരത്തിനും വേണ്ടി ഞാൻ അച്ഛനോടു നന്ദിയുള്ളവനാണ്.' ബഹുമാനപുരസ്സരം യാത്രാവന്ദനം പറഞ്ഞുകൊണ്ടു ഞാൻ പിരിഞ്ഞുപോന്നു. വയലിൽ വച്ചു ഞാൻ ദൈവത്തോടു പ്രാർഥിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്തു. അതിനുശേഷം ഒരു മരത്തിന്റെ ചുവട്ടിൽ കിടന്നുറങ്ങി. നേരം വെളുത്തപ്പോൾ ഞാനെന്റെ വഴിക്കുപോയി.

### കർത്താവിന്റെ വാഗ്ദാനം

ഞാൻ സുവിശേഷപ്രസംഗം ആരംഭിച്ച കാലത്ത് എന്റെ സ്വന്തം ഗ്രാമത്തിലും സമീപസ്ഥിതമായ മറ്റു ഗ്രാമങ്ങളിലുമാണ് പ്രസംഗിച്ചു നടന്നത്. അതുകഴിഞ്ഞ് ഇന്ത്യയിൽ എല്ലായിടവും വിപുലമായ തോതിൽ സഞ്ചരിച്ചു പ്രസംഗിച്ചു. കുറേശ്ശെയായി കർത്താവ് എന്നെ അവിടുത്തെ വേലയ്ക്കായി ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലേക്കും അയച്ചു. അനേക വർഷങ്ങൾക്കുശേഷം, എന്റെ നിരന്തരമായ പ്രാർഥനയ്ക്കുത്തരം കിട്ടി. എന്റെ അച്ഛനും കർത്താവിങ്കലേക്കു തിരിഞ്ഞു. പലമാതിരി കഷ്ടപ്പാടുകൾ എനിക്കുണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം എനിക്ക് അനുഗ്രഹത്തിനു കാരണമായിത്തീർന്നു.





കർത്താവിന്റെ വാഗ്ദാനങ്ങളിലെ ഓരോ വാക്കും അക്ഷരംപ്രതി സത്യമാണെന്ന് നന്ദി നിറഞ്ഞ ഹൃദയത്തോടെ ആത്മാർഥമായി എനിക്കു പറയുവാൻ കഴിയും. അവിടുത്തെ വാഗ്ദാനം എന്താണെന്നു കേൾക്കൂ:

'...എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരേയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽതന്നെ ഉപദ്രവങ്ങളോടുകൂടെ നൂറുമടങ്ങു വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ലെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' (മർക്കൊ. 1:29-30).

ഇതു നൂറിരട്ടി-നൂറിരട്ടിയുടെ നൂറിരട്ടി-ശരിയാണെന്നു ഞാൻ കണ്ടറിഞ്ഞിരിക്കുന്നു. ആരുടെയെങ്കിലും കാര്യത്തിൽ ഈ വാഗ്ദാനം നിവൃത്തിയായിട്ടില്ലെങ്കിൽ കർത്താവിന്റെ വാഗ്ദാനം സത്യമല്ലെന്നല്ല അതിന്റെ അർഥം. പിന്നെയോ അവരുടെ ജീവിതത്തിൽ എന്തെങ്കിലും പാകപ്പിഴയുണ്ടെന്നാണ്. അതല്ലെങ്കിൽ ദൈവം അവർക്കുവേണ്ടി 'ഏതെങ്കിലും നല്ലതൊന്നു മുൻ കണ്ടിട്ടുണ്ട്' (എബ്രാ. 11:39-40).

### ആത്മീയാനുഭവം

ജർമ്മനിയിൽവച്ചു പ്രമുഖനായ ഒരു മനഃശാസ്ത്രജ്ഞൻ എന്റെ ആത്മീയാനുഭവങ്ങളെയും ഹൃദയസമാധാനത്തെയുംപറ്റി ഇങ്ങനെ ചോദിച്ചു: 'പരിശുദ്ധാത്മാവിന്റെയോ ജീവനുള്ള ക്രിസ്തുവിന്റേയോ സാന്നിദ്ധ്യം അങ്ങയുടെ ഹൃദയത്തിലുള്ളതിന്റെ ഫലമായിട്ടാണ് അങ്ങേയ്ക്ക് ആത്മീയ സമാധാനവും സംതൃപ്തിയും ഉളവായതെന്നുള്ളതിനും അവ വസ്തുനിഷ്ഠമല്ല ആത്മനിഷ്ഠമാണെന്നുള്ളതിനും തെളിവെന്താണ്?' ഞാൻ പ്രതിവചിച്ചു: 'നമ്മിൽ വിശപ്പും ദാഹവും ഉണ്ടെന്നുള്ള അവസ്ഥതന്നെ, അവയ്ക്കു പുറമെ വിശപ്പും ദാഹവും ശമിപ്പിക്കുന്നതിനുള്ള ഭക്ഷണം, ജലം എന്നീ വസ്തുനിഷ്ഠമായ ചില യാഥാർത്ഥ്യങ്ങൾ കൂടിയുണ്ടെന്നുള്ളതിനൊരു തെളിവല്ലേ? ഊഹാപോഹങ്ങൾകൊണ്ടുമാത്രം വിശപ്പും ദാഹവും ദീർഘസമയത്തേക്കു ശമിപ്പിക്കുവാൻ കഴിയുന്ന ആരെങ്കിലും ഈ ലോകത്തിലുള്ളതായി പറയാമോ? തീർച്ചയായും അത് അസാധ്യമാണ്. സ്വപ്രേരണകൊണ്ട് ഒരു ഹ്രസ്വസമയത്തേക്കു വിശപ്പും ദാഹവും തോന്നിക്കാത്ത ആത്മനിഷ്ഠമായ ഒരു മാനസികനില നിർമിക്കുവാൻ ഒരാൾക്കു കഴിഞ്ഞെന്നിരിക്കും. എന്നാൽ സ്വപ്രേരണകൊണ്ടുമാത്രം, തന്റെ ജീവിതകാലമത്രയും കവിയുന്ന പൂർണ ആത്മസംതൃപ്തിയും സകല ബുദ്ധിയെയും കവിയുന്ന ദൈവത്തിന്റെ സമാധാനവും (ഫിലി. 4:7) കൈവരുത്തുവാൻ യാതൊരാൾക്കും കഴിയുന്നതല്ല. ഈ

***ഈ ലോകത്തിൽ നാമൊരു മുങ്ങൽ വിദഗ്ധനെപ്പോലെ ജീവിക്കണം. കടലിൽ മുങ്ങി മുത്തുച്ചിപ്പി വാരുന്നവൻ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന സമയമത്രയും ശ്വാസകോശങ്ങളിൽ വെള്ളം കയറാതിരിക്കുന്നതിനുവേണ്ടി ഒന്നുകിൽ ശ്വാസം ഉള്ളിൽ പിടിച്ചു നിർത്തുന്നു; അല്ലെങ്കിൽ ഒരു കുഴൽവഴി വായു ഉള്ളിലേക്കു ശ്വസിച്ചുകൊണ്ടിരിക്കുന്നു. നാം ലോകത്തിലായിരിക്കണം, പക്ഷേ ലോകത്തിന്റേതായിരിക്കരുത്.***

ആത്മീയ വിശപ്പും ദാഹവും നമുക്കു തന്നവനായ കർത്താവിൽക്കൂടെ മാത്രമേ പൂർണ ആത്മസംതൃപ്തിയും ഹൃദയസമാധാനവും സ്ഥിരമായി ലഭിക്കുകയുള്ളൂ. അവനുമായി ബോധപൂർവമായ ഐക്യത്തിൽ നാം ജീവിക്കുകയും അവനിൽ നിന്നു ഹൃദയസമാധാനം നേടുകയും ചെയ്യുമ്പോൾ നാം തീവ്രമായി അഭിലഷിച്ചിരുന്ന ആത്മസാക്ഷാത്ക്കാരം ഇതാ ഒടുവിൽ നമുക്കു ലഭിച്ചിരിക്കുന്നുവെന്നുള്ളതിനു നമ്മുടെ സർവ സാരാംശവും സാക്ഷ്യം വഹിക്കുന്നതാണ്.'

**ക്രിസ്തുവും സഭയും**

മിഷനറി പ്രവർത്തനത്തിൽ സജീവ താത്പര്യമുള്ള ഒരു ജർമൻകാരൻ എന്നോടു ചോദിച്ചു: 'ഇന്ത്യയിലുള്ളവരെല്ലാം ക്രിസ്ത്യാനികളായിത്തീർന്നാൽ ഇവിടുത്തെ സഭാഘടനയുടെ രൂപം എന്തായിരിക്കും?' ഞാൻ 'മുഴുവനും ക്രിസ്ത്യാനികളുള്ള യാതൊരു രാജ്യവും ലോകത്തിലില്ല; ഒട്ടുണ്ടാകുകയുമില്ല. ഇന്ത്യ മുഴുവൻ ക്രിസ്ത്യാനികളായാലും, പാശ്ചാത്യരാജ്യങ്ങളിൽ ഏതെങ്കിലുമൊന്ന് ക്രൈസ്തവ രാജ്യമാണെന്നു പറയുന്നതുപോലെ മാത്രമേ ഇന്ത്യയും ഇരിക്കുകയുള്ളൂ. ലോകമുള്ള കാലത്തോളം നല്ലതും ചീത്തയും, ആത്മാർഥതയും അനാസ്ഥയും എല്ലായ്പ്പോഴുമുണ്ടായിരിക്കും. എല്ലാവരുടെയും ഹൃദയവും ജീവിതവും രൂപാന്തരപ്പെട്ടെങ്കിൽ മാത്രമേ ദൈവരാജ്യം വന്നുവെന്നു പറയുവാൻ സാധിക്കുകയുള്ളൂ.അപ്പോൾ ഇതു ലോകമല്ല പിന്നെയോ സ്വർഗമാണ്.

സഭയെപ്പറ്റി പറയാം. ആരാധനാസമ്പ്രദായങ്ങളിൽ മനുഷ്യർ തുടർച്ചയായ വ്യത്യാസങ്ങൾ വരുത്തുകയും തന്മൂലം സഭയിൽ അവാന്തര വിഭാഗങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. എന്നാൽ അവകൊണ്ടൊന്നും മനുഷ്യൻ തൃപ്തിപ്പെടുന്നില്ല. പുതിയ സഭാവിഭാഗങ്ങൾ ഉണ്ടാകുകയെന്നുള്ളതല്ല യഥാർഥ ആവശ്യം, ഹിമാലയ പർവതത്തിൽ നിന്നും ഉത്ഭവിക്കുന്ന ഒരു നദിയിലെ വെള്ളം സമതല പ്രദേശങ്ങളിലെത്തുമ്പോൾ, അതിലെ വെള്ളം ചാൽ തിരിച്ചു കൊണ്ടുപോകുന്നതിനു വേണ്ടി മനുഷ്യർ തോടുകൾ വെട്ടുന്നു. നദിയാകട്ടെ പർവതത്തിന്റെ വിദൂരമായ ഉന്നതതലപ്രദേശങ്ങളിൽവച്ചു കിഴക്കാംതൂക്കായ കൊടുമുടികളിലും പാറക്കൂട്ടങ്ങളിലും താഴ്‌വരകളിലും തട്ടിമുട്ടിയൊഴുകുന്നു.ആ ഉന്നതതലപ്രദേശങ്ങളിലാരും തോടുകൾ വെട്ടാറില്ല. പുതുജീവൻ പ്രാരംഭത്തിൽ ക്രിസ്തീയവ്യക്തികളിൽ കൂടിയാണു പ്രവഹിക്കുന്നത്. തന്മൂലം സംഘടനാപരമായ നീർച്ചാലുകളുടെ ആവശ്യം പ്രാരംഭഘട്ടത്തിലില്ല. എന്നാൽ പുതുജീവൻ സമൂഹങ്ങളിൽക്കൂടി ഒഴുകുമ്പോൾ-അതു സാമൂഹികതലത്തിലെത്തുമ്പോൾ -ആളുകളുടെ ആവശ്യാർഥം അവർ നീർച്ചാലുകൾ അഥവാ സഭകൾ സംഘടിപ്പിക്കുന്നു. മനുഷ്യനിർമ്മിതമായ അവാന്തര വിഭാഗങ്ങൾ ഒരിക്കൽ അപ്രത്യക്ഷമായി ജീവിക്കുന്ന ക്രിസ്തുവിന്റെ ഏക സഭ മാത്രം അവശേഷിച്ച് 'ഒരാട്ടിൻകൂട്ടവും ഒരിടയനുമായിത്തീരും' (യോഹ. 10:16).

**തത്ത്വജ്ഞാനിയും വിശുദ്ധനും**

ഏതെങ്കിലുമൊരു രാജ്യം സമ്പൂർണമായി ക്രിസ്തീയ രാജ്യമാണെന്നു പറയാൻ പാടില്ലെങ്കിലും ആ രാജ്യങ്ങളിലെല്ലാംതന്നെ കർത്താവിന്റെ വേലയിൽ ജാഗരൂകരായ അനേകം സത്യക്രിസ്ത്യാനികളുണ്ടായിരിക്കും. പ്രശംസിക്കപ്പെടുമ്പോൾ അവർ ഗർവിഷ്ഠരോ കുറ്റപ്പെടുത്തുമ്പോൾ അവർ നിരുത്സാഹികളോ ആകുകയില്ല. പ്രശംസിക്കപ്പെടുമ്പോൾ അതിൽ അപകടമുണ്ടെന്ന് അവർക്കറിയാം.

'സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തി പറയുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം' (ലൂക്കൊ. 6:26). ആത്മീയ ജീവിതത്തിനും പുരോഗതിക്കും പ്രശംസ അപകടം വരുത്തുന്നതാണ്. നമ്മെപ്പറ്റി മറ്റുള്ളവർ ദുഷിച്ചുപറയുമ്പോൾ ഈ അപകടത്തിനു സാധ്യതയില്ല. അമിതപ്രശംസയിലോ അമിത വിമർശനത്തിലോ അല്ല, അവയ്ക്കു രണ്ടിനും ഇടയ്ക്കാണു സത്യാവസ്ഥ കിടക്കുന്നത്.





ഒരിക്കൽ ഒരു തത്ത്വജ്ഞാനി ഒരു വിശുദ്ധന്റെ അടുക്കൽ ചെന്നു ചോദിച്ചു: 'അങ്ങയെ ജനങ്ങൾ പുണ്യവാളനെന്നു വിളിക്കുന്നത് എന്തുകൊണ്ടാണ്?'

വിശുദ്ധൻ മറുപടി പറഞ്ഞു: 'സ്നേഹംകൊണ്ടും ബഹുമാനംകൊണ്ടും. അവരെപ്പോലെ ഞാനും ഒരു പാപിയാണ്. എന്നാൽ ദൈവകൃപകൊണ്ടുമാത്രം രക്ഷപ്പെട്ടവനാണു ഞാൻ'.

തത്ത്വജ്ഞാനി: 'അപ്രകാരമാണെങ്കിലും അങ്ങും മറ്റു ജനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്?'

വിശുദ്ധൻ:'എനിക്കൊന്നുംതന്നെ അറിയാൻ പാടില്ലെന്ന സംഗതി എനിക്കറിയാം എന്നു സോക്രട്ടീസ് പറഞ്ഞത് ഓർമയുണ്ടല്ലോ. ഒരു തത്ത്വജ്ഞാനിയായിട്ടും സോക്രട്ടീസിന് ഒന്നും അറിയാൻ പാടില്ലെങ്കിൽ സോക്രട്ടീസും അനഭിജ്ഞരും തമ്മിലുള്ള വ്യത്യാസമെന്താണെന്നു സോക്രട്ടീസിനോടു വീണ്ടും ആരാഞ്ഞപ്പോൾ, 'എനിക്കൊന്നും അറിയുവാൻ പാടില്ലെന്നെങ്കിലും എനിക്കറിയാം. അവരുടെ കാര്യമാണെങ്കിൽ അവർക്കൊന്നും അറിഞ്ഞുകൂടാ എന്നുപോലും അവർക്കറിയാൻ പാടില്ല' എന്നായിരുന്നു സോക്രട്ടീസിന്റെ മറുപടി. ഞാനും മറ്റുള്ളവരും തമ്മിലുള്ള വ്യത്യാസവും ഇതുതന്നെയാണ്. ഞാനൊരു പാപിയാണെന്ന് എനിക്കറിയാം. അവർ പാപികളാണെന്നുപോലും അവർക്കറിഞ്ഞുകൂടാ. രക്ഷയെപ്പറ്റി അവർ കരുതലില്ലാത്തവരും അനാസ്ഥയുള്ളവരുമാണ്.'

**വെളിച്ചവും ഇരുട്ടും**

നമ്മിലുള്ള വെളിച്ചം ഇരുട്ടായിപ്പോയാൽ ആ ഇരുട്ട് എത്ര വലുതായിരിക്കും! അതിനാൽ നാം കരുതലുള്ളവരും പ്രാർഥനാനിരതരുമായിരിക്കണം (മത്താ. 6:23). നമ്മുടെ കണ്ണുകൾ ചെറുതാണെങ്കിലും അവയ്ക്കു പല സാധനങ്ങൾ കാണാൻ കഴിയുമല്ലോ-വലുതും ചെറുതും അകലെയുള്ളതും അടുത്തുള്ളതും. ഒരു വ്യക്തിയുടെ കണ്ണിന്റെ കൃഷ്ണമണിക്കു കേടുപറ്റിയാൽ കണ്ണിൽ അന്ധകാരം നിറയുന്നുവെന്നു മാത്രമല്ല, ആ വ്യക്തിക്കു ലോകം മുഴുവൻ ഇരുട്ടായിത്തോന്നും. നമ്മിലുള്ള വെളിച്ചം ഇരുട്ടായി പോകാതിരിക്കുവാനും സ്വർഗസ്ഥനായ പിതാവിനെ നാം മഹത്ത്വപ്പെടുത്തത്തക്കവിധം നമ്മുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കുവാനും വേണ്ടി നാം പ്രാർഥിച്ചുകൊണ്ടിരിക്കണം.

**മുങ്ങൽ വിദഗ്ദ്ധൻ**

ഈ ലോകത്തിൽ നാമൊരു മുങ്ങൽ വിദഗ്ദ്ധനെപ്പോലെ ജീവിക്കണം. കടലിൽ മുങ്ങി മുത്തുച്ചിപ്പി വാരുന്നവൻ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന സമയമത്രയും ശ്വാസകോശങ്ങളിൽ വെള്ളം കയറാതിരിക്കുന്നതിനുവേണ്ടി, ഒന്നുകിൽ ശ്വാസം ഉള്ളിൽ പിടിച്ചു നിർത്തുന്നു. അല്ലെങ്കിൽ ഒരു കുഴൽവഴി വായു ഉള്ളിലേക്കു ശ്വസിച്ചുകൊണ്ടിരിക്കുന്നു. നാം ലോകത്തിലായിരിക്കണം, പക്ഷേ ലോകത്തിന്റേതായിരിക്കരുത്. നാമും മുമ്പു പറഞ്ഞ രണ്ടുവിധം മുങ്ങൽ വിദഗ്ദ്ധരിൽ ഏതെങ്കിലും ഒരാളെപ്പോലെയായിരിക്കണം; ലോകത്തിന്റെ വായു ശ്വസിക്കുന്നതു നാം നിർത്തണം. അതു നിർത്തി നാം ദൈവത്തിന്റെ ജീവനുള്ളവരായിത്തീരണം. നിത്യദൈവത്തിങ്കലേക്കെത്തുന്ന പ്രാർഥനയാകുന്ന കുഴൽവഴി പരിശുദ്ധാത്മാവിനെ നാം ശ്വസിച്ചുകൊണ്ടിരിക്കണം. ലോകത്തിൽ ഇങ്ങനെ നാം ജീവിക്കുമ്പോൾ രക്ഷയാകുന്ന വിലയേറിയ മുത്തു നാം കണ്ടെത്തുന്നു. ❖

(അവസാനിച്ചു)

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## അപ്പോസ്തലപ്രവൃത്തികൾ

### അധ്യായം - രണ്ട്

120 പേർ പരിശുദ്ധാത്മാവിനായി കാത്തിരുന്നപ്പോൾ എത്രകാലം കാത്തിരിക്കണം എന്നവർക്ക് അറിയില്ലായിരുന്നു; കാരണം, യേശു അവരോട് അതേപ്പറ്റി പറഞ്ഞിരുന്നില്ല. അത് 10 ദിവസം മാത്രം മതി എന്ന് അവർ അറിഞ്ഞിരുന്നെങ്കിൽ അവർക്ക് കാത്തിരിക്കാൻ എളുപ്പമായിരുന്നേനേ. ഏതെങ്കിലും കാര്യത്തിനായി നാം കാത്തിരിക്കുമ്പോൾ, ഒരു ഉത്തരത്തിനായി എത്രമാത്രം കാത്തിരിക്കണം എന്നു ദൈവം സാധാരണ നമ്മോടു പറയാറില്ല. നാം വിശ്വാസത്താൽ ജീവിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു; കാരണം ആത്മീയമായി വളരാനുള്ള ഒരേ ഒരു വഴി അതാണ്. നമ്മുടെ വിശ്വാസം ശക്തിപ്പെടുവാനുള്ള ഒരു വഴിയാണ് കാത്തിരിക്കുക എന്നത്. എത്രമാത്രം കാത്തിരിക്കണം എന്നു നാം അറിഞ്ഞിരുന്നെങ്കിൽ അവിടെ വിശ്വാസം ഉണ്ടാകയില്ലായിരുന്നു. പിന്നീടു തിരിഞ്ഞുനോക്കുമ്പോൾ മാത്രമാണ് 'എനിക്ക് ഇത്ര ദിവസം (ഇത്ര വർഷം) അതിനായി കാത്തിരിക്കേണ്ടിവന്നു' എന്നു നാം പറയുന്നത്.

ആ കാത്തിരുന്ന ശിഷ്യന്മാരുടെ അടുക്കൽ നിങ്ങൾ പോയി 'ആത്മാവിനാൽ നിറയപ്പെടുന്നത് എങ്ങനെ നിങ്ങൾ അറിയും?' എന്നു ചോദിച്ചാൽ, 'ഞങ്ങൾ അന്യഭാഷ്യയിൽ സംസാരിക്കും' എന്നവർ പറയുകയില്ലായിരുന്നു.



കമ്പ്യൂട്ടറിന്റെ വില കൊടുത്തിട്ട് ഫ്രീ സീഡി മാത്രം വാങ്ങി വീട്ടിൽ വരുന്നു. എത്ര ഭോഷത്തം! അതാണ് ശക്തി ലഭിക്കാതെ അന്യഭാഷാവരം മാത്രം ലഭിച്ചവരുടെ അവസ്ഥ.





മറിച്ച്, അവരുടെ മറുപടി തങ്ങൾക്കു ശക്തി ലഭിക്കും എന്നായിരിക്കും. യേശു അങ്ങനെയാണല്ലോ പറഞ്ഞത്! 'എനിക്കു ശക്തി ലഭിച്ചോ എന്നു ഞാൻ എങ്ങനെ അറിയും?' എന്നു നിങ്ങൾ ചോദിക്കും. നമ്മുടെ പാപങ്ങൾ ക്ഷമിച്ചു തന്നു എന്നു ദൈവം നമ്മെ ബോധ്യപ്പെടുത്തിയതുപോലെ ഇതും ദൈവത്തിനു നമ്മെ ബോധ്യപ്പെടുത്താൻ സാധിക്കും. നമ്മുടെ പാപങ്ങൾ മോചിക്കപ്പെട്ടു എന്നു നമ്മുടെ ആത്മാവോടൊത്തു സാക്ഷ്യം പറയുന്ന പരിശുദ്ധാത്മാവു തന്നെ നാം ശക്തിയാൽ നിറയപ്പെട്ടു എന്നും സാക്ഷ്യപ്പെടുത്തും. ഈ രണ്ടു പ്രധാന കാര്യങ്ങൾക്കായുള്ള ബോധ്യത്തിനായി നിങ്ങൾ ദൈവത്തോടു ചോദിക്കുക.

അപ്രകാരം അവർ ശക്തിക്കായി കാത്തിരിക്കയായിരുന്നു. പക്ഷേ അവർക്കു ശക്തി ലഭിച്ചപ്പോൾ അറിയപ്പെടാത്ത ഭാഷ (അന്യഭാഷ) കളിൽ സംസാരിക്കാനുള്ള വരവും അവർക്കു ലഭിച്ചു. അന്യഭാഷാവരമുണ്ടെന്ന് അവകാശപ്പെടുന്ന പലർക്കും യാതൊരു ശക്തിയും ഉള്ളതായി കാണുന്നില്ല എന്നതാണ് ഇന്നത്തെ ദുരന്തം. അന്യഭാഷകൾ അനുകരിക്കാൻ സാധിക്കും; പക്ഷേ പാപത്തിന്മേൽ ജയം നേടുവാനും യേശുവിന്റെ ധീരസാക്ഷിയാകുവാനുമുള്ള ദൈവശക്തി അനുകരിക്കാൻ സാധ്യമല്ല. ഈ സാഹചര്യത്തെക്കുറിച്ച് ചിന്തിക്കുക. നിങ്ങൾ ഒരു കമ്പ്യൂട്ടർ വാങ്ങുവാൻ കടയിൽ പോകുന്നു. ഓരോ കമ്പ്യൂട്ടറിനോടുമൊപ്പം ഒരു ഫ്രീ സീഡി (അന്യഭാഷ) കൂടി ലഭിക്കും എന്നു വിൽപ്പനക്കാരൻ നിങ്ങളോടു പറയുന്നു. നിങ്ങൾ ഒരു സീഡിയല്ല, ഒരു കമ്പ്യൂട്ടർ വാങ്ങാനാണ് കടയിൽ പോയത്. പക്ഷേ, സീഡി ഫ്രീ ആയി തരുന്നതിനാൽ നിങ്ങൾ കമ്പ്യൂട്ടറും സീഡിയും വാങ്ങിക്കൊണ്ടുവരുന്നു. നിങ്ങളുടെ സ്നേഹിതൻ നിങ്ങളുടെ സീഡി കണ്ടിട്ട് കടയിൽ ചെന്ന് കമ്പ്യൂട്ടറിന്റെ വില കൊടുത്തിട്ട് ഫ്രീ സീഡി മാത്രം വാങ്ങി വീട്ടിൽ വരുന്നു. എത്ര ഭോഷത്തം! അതാണ് ശക്തി ലഭിക്കാതെ അന്യഭാഷാവരം മാത്രം ലഭിച്ചവരുടെ അവസ്ഥ.

***അവർക്കു ശക്തി ലഭിച്ചപ്പോൾ അറിയപ്പെടാത്ത ഭാഷ (അന്യഭാഷ) കളിൽ സംസാരിക്കാനുള്ള വരവും അവർക്കു ലഭിച്ചു. അന്യഭാഷാവരമുണ്ടെന്ന് അവകാശപ്പെടുന്ന പലർക്കും യാതൊരു ശക്തിയും ഉള്ളതായി കാണുന്നില്ല എന്നതാണ് ഇന്നത്തെ ദുരന്തം. അന്യഭാഷകൾ അനുകരിക്കാൻ സാധിക്കും; പക്ഷേ പാപത്തിന്മേൽ ജയം നേടുവാനും യേശുവിന്റെ ധീരസാക്ഷിയാകുവാനുമുള്ള ദൈവശക്തി അനുകരിക്കാൻ സാധ്യമല്ല.***

അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ കൊടുങ്കാറ്റടിക്കുന്നതുപോലെ ഒരു വലിയ മുഴക്കം ഉണ്ടായി അവർ ഇരുന്ന വീടു മുഴുവൻ നിറച്ചു എന്നും അഗ്നിജ്വാലപോലെയുള്ള നാവുകൾ ഓരോരുത്തരുടെയും മേൽ ആവസിച്ചു എന്നും നാം വായിക്കുന്നു. ഇതെല്ലാം ബാഹ്യകാര്യങ്ങൾ മാത്രമാണ്, പ്രധാന സംഭവം അഭിഷേകവും ശക്തിയും പ്രാപിക്കുക എന്നതാണ്. യേശുവിന് അഭിഷേകം കിട്ടിയപ്പോൾ അവിടെയുണ്ടായ ബാഹ്യകാര്യങ്ങൾ വ്യത്യസ്തമായിരുന്നു. യേശുവിന്റെ കാര്യത്തിൽ കൊടുങ്കാറ്റും അഗ്നിയും ഇല്ലായിരുന്നു; പക്ഷേ യേശുവിനു ലഭിച്ച അതേ അഭിഷേകവും ശക്തിയുമാണ് അപ്പൊസ്തലന്മാർക്കും ലഭിച്ചത്. യേശുവിനെപ്പോലെ നാമെല്ലാവരും പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. (അപ്പൊ: 10:38) ബാഹ്യവും വികാരപരവുമായ

*ശിശുക്കളാണ് ബാഹ്യകാര്യങ്ങളായ കൊടുങ്കാറ്റ്, അഗ്നി, ശബ്ദം, പ്രത്യേക വികാരങ്ങൾ എന്നിവയെ ശ്രദ്ധിക്കുന്നത്. പ്രായപൂർത്തിയായവർക്കാകട്ടെ, സമ്മാനമാണ് - എന്നു വച്ചാൽ അഭിഷേകവും പരിശുദ്ധാത്മശക്തിയുമാണ് - വലുത്. ആളുകൾ തങ്ങളുടെ സമ്മാനം പൊതിഞ്ഞ കടലാസിനെപ്പറ്റി സാക്ഷ്യം പറഞ്ഞ് ഊറ്റം കൊള്ളുമ്പോൾ അവർ ശിശുക്കളായ ക്രിസ്ത്യാനികളാണ് എന്നു നമുക്ക് അനുമാനിക്കാം.*

അനുഭവങ്ങൾ ഓരോരുത്തരിലും വ്യത്യസ്തമായിരിക്കും; ഒരാൾ നിങ്ങൾക്കു വിലയേറിയ ഒരു രത്നം സമ്മാനമായി തന്നു എങ്കിൽ അതു സാധാരണ ബ്രൗൺ പേപ്പറിലാണോ അതോ റിബണുകൾ കെട്ടിയ തിളക്കമുള്ള കടലാസിലാണോ പൊതിഞ്ഞിരിക്കുന്നത് എന്ന കാര്യം ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല. പേപ്പറിന് അകത്തുള്ള സമ്മാനമാണ് പ്രധാനം. ശിശുക്കളാണ് ബാഹ്യകാര്യങ്ങളായ കൊടുങ്കാറ്റ്, അഗ്നി, ശബ്ദം, പ്രത്യേകവികാരങ്ങൾ എന്നിവയെ ശ്രദ്ധിക്കുന്നത്. പ്രായപൂർത്തിയായവർക്കാകട്ടെ, സമ്മാനമാണ് - എന്നു വച്ചാൽ അഭിഷേകവും പരിശുദ്ധാത്മശക്തിയുമാണ് - വലുത്. ആളുകൾ തങ്ങളുടെ സമ്മാനം പൊതിഞ്ഞ കടലാസിനെപ്പറ്റി സാക്ഷ്യം പറഞ്ഞ് ഊറ്റം കൊള്ളുമ്പോൾ അവർ ശിശുക്കളായ ക്രിസ്ത്യാനികളാണ് എന്നു നമുക്ക് അനുമാനിക്കാം.

ഓരോരുത്തരുടേയും തലമേൽ അഗ്നിജ്വാല പോലെയുള്ള നാവുകൾ വന്നത് സൂചിപ്പിക്കുന്നത് ഇതാണ്: പുതിയനിയമയുഗത്തിൽ ദൈവം ഉപയോഗിക്കുന്ന മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവം നാവാണ് - പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ചതും എല്ലാ സമയത്തും അവിടത്തെ പൂർണ്ണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ നാവ്. അന്യഭാഷ വരമാകുന്ന പ്രതീകം ഇതിന്റെ ഒരു ഭാഗം മാത്രമാണ്. നിങ്ങൾ പ്രസംഗകർ ആയിരിക്കുമ്പോൾ മാത്രമല്ല, ഓരോ ദിവസവും മറ്റുള്ളവരുമായുള്ള സാധാരണസംഭാഷണത്തിലും അവരെ അനുഗ്രഹിക്കാൻ നിങ്ങളുടെ നാവിനെ ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. പക്ഷേ ഇതിനായി ആഴ്ചയിൽ ഏഴു ദിവസവും ദിവസത്തിൽ 24 മണിക്കൂറും നിങ്ങളുടെ നാവ് പരിശുദ്ധാത്മാവിന്റെ പൂർണ്ണനിയന്ത്രണത്തിലായിരിക്കണം.

2:14 ൽ എല്ലാ അപ്പൊസ്തലന്മാരിലും പരിശുദ്ധാത്മാവ് വസിച്ചതിന്റെ ഒരു അത്ഭുതഫലം നാം കാണുന്നു. 'പത്രോസ് മറ്റ് 11 പേരുടെയും പിന്തുണയോടെ എഴുന്നേറ്റുനിന്നു' (മെസേജ് പരിഭാഷ) എന്നു നാം വായിക്കുന്നു. തന്റെ ജീവിതകാലത്തിൽ യേശുവിന് നേടിയെടുക്കാൻ കഴിയാത്ത ഒരു കാര്യം അവസാനമായി ഇവിടെ സാധിതമായി. ഇപ്പോൾ പന്ത്രണ്ടും പേരും ഒരു ശരീരമാണ്. പ്രസംഗിക്കാനുള്ള പദവിക്കായി അവർ മത്സരിച്ചില്ല. പത്രോസ് സംസാരിച്ചപ്പോൾ അവർ പത്രോസിനെ പിന്തുണച്ചു. അവരെല്ലാം പത്രോസിനോടൊപ്പം ഉണ്ടായിരുന്നു. പരിശുദ്ധാത്മസ്നാനത്തിലൂടെ അവർ ഒരു ശരീരമായിത്തീർന്നു-ഇതാണ് ആത്മാവ് വന്നതിനുശേഷം അവർ ചെയ്യുമെന്ന് യേശു പറഞ്ഞ പ്രവൃത്തി.

2:17 ൽ, ആത്മസ്നാനം യോവേൽ പ്രവചനത്തിന്റെ പൂർത്തീകരണമാണെന്നു പത്രോസ് പറയുന്നു.സ്ത്രീപുരുഷന്മാർക്കെല്ലാം ആത്മപ്പകർച്ച പ്രാപിക്കുവാനും പ്രവചിക്കുവാനും സാധിക്കും. പഴയ നിയമത്തിൽ ഇതു രാജാക്കന്മാർക്കും പുരോഹിതന്മാർക്കും മാത്രം





ലഭ്യമായിരുന്ന ഒന്നായിരുന്നു. പക്ഷേ പുതിയനിയമത്തിൽ എല്ലാവർക്കും പരിശുദ്ധാത്മാവിനെ പ്രാപിക്കാം. ഇത് എത്ര വലിയ പദവിയാണെന്നു നാം തിരിച്ചറിയേണ്ടതത്രേ.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പത്രോസ് യേശുവിനെ മനുഷ്യനെന്നു പ്രസ്താവിക്കുന്നതു നാം കാണുന്നു - ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷനായ(മനുഷ്യനായ) നസറായനായ യേശു. (2: 22, 23)

യേശു എപ്പോഴും ദൈവമായിരുന്നു; ഇപ്പോഴും ദൈവം തന്നെ. അത് ഒരിക്കലും മാറുകയില്ല.യേശു ഭൂമിയിൽ വന്നപ്പോൾ ദൈവമല്ലാതായിത്തീർന്നില്ല.

ദൈവത്തിനു മനുഷ്യർക്കും ഇടയിൽ മധ്യസ്ഥനും ഒരുവൻ,മനുഷ്യനായ ക്രിസ്തുയേശു തന്നെ എന്നു നാം 1 തിമൊ: 2:4-5 ൽ വായിക്കുന്നു. ചില ക്രിസ്ത്യാനികൾ വിളിക്കുന്നതുപോലെ ബൈബിൾ, യേശുവിനെ ദൈവമനുഷ്യൻ എന്നു വിളിക്കുന്നില്ല. ബൈബിൾ യേശുവിനെ 'മനുഷ്യനായ ക്രിസ്തുയേശു' എന്നാണ് വിളിക്കുന്നത്. കർത്താവ് നമ്മുടെ മനുഷ്യപ്രകൃതിയോട് പൂർണ്ണമായും ശാശ്വതമായും താദാത്മ്യം പ്രാപിച്ചതിനാൽ, ആത്മനിറവു പ്രാപിച്ച പത്രോസ് ആത്മപ്രേരിതനായി യേശുവിനെ 'മനുഷ്യൻ' എന്നു വിളിക്കുന്നു. ഹാലേലുയ്യാ!

യേശുക്രിസ്തുവിന്റെ ക്രൂശീകരണം ദൈവത്തിന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ആയിരുന്നു എന്ന് 2: 23 ൽ നാം വായിക്കുന്നു. ഈ ഭൂമിയിൽ നടന്ന ഏറ്റവും ഹീനമായ കാര്യമായിരുന്നു ക്രിസ്തുവിന്റെ ക്രൂശീകരണം. കാരണം, ഇതിനെക്കാളും വലിയ കുറ്റകൃത്യം ഈ ഭൂമിയിൽ നടന്നിട്ടില്ല. എന്നാൽ മനുഷ്യവർഗ്ഗത്തിന് അതുമൂലം വീണ്ടെടുപ്പു സാധിച്ചതിനാൽ ഈ ലോകത്തിൽ നടന്ന ഏറ്റവും ഉത്തമമായ കാര്യവും യേശുവിന്റെ ക്രൂശീകരണം തന്നെ. ഏറ്റവും ചീത്തയായതിനെ ദൈവം ഏറ്റവും ഉത്തമമാക്കിത്തീർത്തു. ഈ ദൈവം നമ്മുടെ ദൈവമാണ്.പിശാച് നമ്മോടു ചെയ്യുന്ന (താൻ തന്നെയോ തന്റെ ഏജന്റുമാരിൽ കൂടിയോ) ഏറ്റവും തീയതിനെ തന്റെ സർവ്വശക്തിയാൽ ഏറ്റവും വലിയ നന്മയാക്കിത്തീർക്കുവാൻ ദൈവത്തിനു മുൻനിർണ്ണയിക്കപ്പെട്ട ഒരു പദ്ധതിയുണ്ട്.

(തുടരും)

**മൊഴിമാറ്റം: സാലി ജോസ്**


**'Now, you can pay your subscription, online!'.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**

Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

You can directly remit the subscription at ELS Book Shop, Kesavadasapuram, Thiruvananthapuram-4

സഹോദരിമാരോട്

# സ്ത്രീയേ നീ കരയുന്നതെന്ത്?

ആനി പുന്നൻ

### അധ്യായം 1 (തുടർച്ച)

ഒരു പക്ഷേ വിവാഹത്തിനു മുൻപായി നിങ്ങളിലൊരാൾ പാപം ചെയ്ത് ഗർഭിണി ആയിട്ടുണ്ടാകാം.ഇത്തരം സാഹചര്യങ്ങളിൽ ശരിയായ തീരുമാനം എടുത്ത് കുഞ്ഞുങ്ങളെ ജീവനോടെ സൂക്ഷിച്ച അനേകം പെൺകുട്ടികളെ എനിക്കറിയാം. ചിലർ കുഞ്ഞുങ്ങളെ അവരുടെ കൂടെത്തന്നെ സൂക്ഷിച്ചു.മറ്റു ചിലർ അവരെ കുഞ്ഞുങ്ങളെ ദത്തെടുക്കുന്നവർക്ക് കൊടുത്തു.ആ അമ്മമാർ സ്വന്തം കുഞ്ഞുങ്ങളെ കൊന്നുകളഞ്ഞില്ല.അവർ ദൈവമുൻപാകെ തങ്ങളെത്തന്നെ താഴ്ത്തി മാനസാന്തരപ്പെട്ടപ്പോൾ അവരെ മനസ്സിലാക്കുവാൻ കഴിയുന്ന ഭർത്താക്കന്മാരെ ദൈവം അവർക്കു നല്കി. അവരുടെ കുറ്റബോധവും ലജ്ജയും കർത്താവ് നീക്കിക്കളഞ്ഞു. മറ്റുള്ളവർ നിന്നെ കുറ്റപ്പെടുത്തിയാലും ഇത്തരം ഇരുളടഞ്ഞ അവസരങ്ങളിൽ നിനക്ക് ദൈവത്തിൽ വിശ്വാസമർപ്പിക്കുവാൻ കഴിയും.

നിന്നെ സ്വീകരിക്കുവാനും നിനക്കൊരു പുതുജീവിതം നൽകുവാനും കർത്താവ് കാത്തിരിക്കുന്നു.

കുറച്ചുകാലം മുമ്പ് ഒരു കുടുംബത്തിലെ വിവാഹപ്രായമെത്തിയ മുന്നു സഹോദരിമാർ ഒരുമിച്ച് ആത്മഹത്യ ചെയ്തതിനെക്കുറിച്ച് നാം ഇന്ത്യയിലെ ദിനപത്രങ്ങളിൽ വായിക്കുകയുണ്ടായി. അവർ കിടപ്പുമുറിയിൽ തൂങ്ങിമരിക്കുകയാണ് ചെയ്തത്. അവരെ വിവാഹം അന്വേഷിച്ചു വന്ന ചെറുപ്പക്കാരുടെ മാതാപിതാക്കൾ ചോദിക്കുന്ന വലിയ സ്ത്രീധനത്തുക കൊടുക്കുവാൻ സാധിക്കാതെ അവരുടെ പിതാവ് കുഴങ്ങി ഹതാശനായി കഴിയുകയായിരുന്നു. തങ്ങളുടെ ജീവിതം അവസാനിപ്പിക്കുന്നതിലൂടെ പിതാവിന്റെ വിഷമത്തിന് ഒരറുതി വരുത്തുവാൻ ആ പെൺകുട്ടികൾ തീരുമാനിച്ചു!! എത്ര ദാരുണമായ സംഭവം!

ഒരു പക്ഷേ നിങ്ങൾ ഇതുപോലെയൊരു സാഹചര്യത്തെ അഭിമുഖീകരിക്കുന്നുണ്ടാകാം. വലിയ സ്ത്രീധനത്തുക കൊടുക്കാൻ കഴിയാത്തതുകൊണ്ട് നിങ്ങൾക്കു വരുന്ന എല്ലാ വിവാഹാലോചനകളും തള്ളിപ്പോകുന്നുണ്ടാവാം. നിരാശപ്പെടരുത്. ദൈവം നിങ്ങളുടെ പിതാവാണ്. അവൻ നിങ്ങളുടെ ആവശ്യം അറിയുന്നു; അവൻ നിങ്ങൾക്കായി കരുതുന്നു. ലോകത്തിലെ ഏറ്റവും വലിയ കാര്യം വിവാഹം കഴിക്കുക എന്നതല്ല. നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി നിറവേറ്റുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് പൂർണ്ണമായും ദൈവത്തോടു ചേർന്നിരിക്കുക. നിന്റെ ജീവിതത്തിൽ അവിടുത്തെ ഹിതം മാത്രം ചെയ്യുവാൻ ശ്രദ്ധിക്കുക. അങ്ങനെ ചെയ്താൽ നിങ്ങൾ വിവാഹിതയായാലും, ഇല്ലെങ്കിലും ഫലപ്രദമായ ഒരു ജീവിതം





നയിച്ചു എന്ന് ജീവിതാവസാനത്തിൽ ആശ്വസിക്കാൻ നിനക്കു കഴിയും! ലോകത്തിലെ ഏറ്റവും വലിയ മിഷനറിമാരിൽ ചിലർ അവിവാഹിതരായ സ്ത്രീകളായിരുന്നു.

നന്നായി പരിശ്രമിച്ചിട്ടും നിങ്ങൾ പരീക്ഷയിൽ തോറ്റു പോയിട്ടുണ്ടാവാം. മറ്റുള്ളവർ നിങ്ങളോടു സഹതാപം കാട്ടുന്നില്ല എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? നിങ്ങളുടെ ജീവിതം മുഴുവൻ ഒരു പരാജയമാണ് എന്നു പിശാച് നിങ്ങളോട് മന്ത്രിക്കുന്നുണ്ടോ? ഇത്തരം പൈശാചിക ചിന്തകളെ താലോലിക്കരുത്. നിങ്ങളുടെ ജീവിതം അവസാനിപ്പിക്കുവാനുള്ള നിലയിലേക്ക് ആ ചിന്തകൾ നിങ്ങളെ കൊണ്ടെത്തിച്ചെന്നുവരാം.

പ്രിയ സഹോദരീ, കരയേണ്ട. ഒരു പരീക്ഷയിലോ, അനേകം പരീക്ഷകളിലോ തോറ്റുപോയി എന്നു വച്ച് നിന്റെ ജീവിതത്തിന്റെ മുന്നോട്ടുള്ള ഗതി നിന്നുപോകണമെന്നില്ല. ആ പരീക്ഷകൾ ഒന്നുകൂടി എഴുതിനോക്കുക. ഒരുനാൾ നീ ജയിക്കും. പരിശ്രമിക്കുന്നത് നിർത്തിക്കളയരുത്. ഒരു പക്ഷേ വീണ്ടും നീ തോറ്റുപോയെന്നു വരാം. പഠിച്ചു ജയിക്കുവാനാവശ്യമായ ബുദ്ധിശക്തിയോ തുടർന്നു പഠിക്കുവാൻ ആവശ്യമായ സാമ്പത്തികനിലയോ ഇല്ലെങ്കിൽപ്പോലും നിരാശപ്പെടരുത്. ഈ ലോകത്തിലെ ബുദ്ധിമാന്മാരേയും, ധനവാന്മാരേയും ലജ്ജിപ്പിക്കുവാൻ ദൈവം ദരിദ്രരേയും ബലഹീനരേയും തിരഞ്ഞെടുത്തിരിക്കുന്നു എന്ന കാര്യം ഓർക്കുക.

നീ പരീക്ഷയിൽ ജയം വരിച്ചാലും, ഇല്ലെങ്കിലും നീ ആയിരിക്കുന്നതുപോലെ തന്നെ ദൈവം നിന്നെ സ്നേഹിക്കുന്നു! നിന്നെ സ്വീകരിക്കുന്നതിനു മുൻപായി നിന്റെ മാർക്ക്ഷീറ്റ് വിലയിരുത്തേണ്ട ആവശ്യം ദൈവത്തിനില്ല!

ഒരു പക്ഷേ പ്രേമനൈരാശ്യം നിന്നെ പിടികൂടിയിട്ടുണ്ടാകും! നീ വിവാഹം കഴിക്കണമെന്ന് ആഗ്രഹിച്ചിരുന്ന വ്യക്തി മറ്റൊരു പെൺകുട്ടിയെ വിവാഹം കഴിച്ചു കാണും. ഇത്തരം സന്ദർഭങ്ങളിൽ ചെറുപ്പക്കാർ കരയുന്നതുപോലെ തന്നെ നീയും കരയുകയാണ്.

നീ സ്നേഹിച്ചിരുന്ന ചെറുപ്പക്കാരൻ മറ്റൊരാളെ വിവാഹം കഴിച്ചുവെങ്കിൽ നിന്നെക്കുറിച്ചുള്ള ദൈവികപദ്ധതിയിൽ അവൻ ഉൾപ്പെട്ടിട്ടില്ല എന്നാണ് തെളിയിക്കപ്പെട്ടിരിക്കുന്നത്. ദൈവം നിനക്കായി മെച്ചപ്പെട്ട വേറൊരു വ്യക്തിയെ കരുതിയിട്ടുണ്ട്. ഒരു പക്ഷേ ദൈവത്തെ സേവിച്ചുകൊണ്ട് അവിവാഹിതയായി നീ ജീവിക്കണം എന്നതാവാം ദൈവത്തിന്റെ പദ്ധതി.

ലോകത്തിലുള്ള ആരേക്കാളും എന്തിനെക്കാളും അധികം വിലപ്പെട്ടതായി ദൈവത്തെ നാം കരുതണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അതിനുവേണ്ടി പല കാര്യങ്ങളും നമ്മുടെ ജീവിതത്തിൽ സംഭവിക്കുവാൻ ദൈവം ഇട വരുത്തുന്നു. അതുകൊണ്ട് ഈ സമയം മുതൽ എല്ലാവരെക്കാളും സുന്ദരനായ വ്യക്തി നിനക്ക് അവിടുന്നു തന്നെയായിരിക്കട്ടെ.

മാതാപിതാക്കളാൽ പരിത്യജിക്കപ്പെട്ടവരോട് ഒരു വാക്കു പറയട്ടെ. മാതാപിതാക്കൾ നിങ്ങളെ എന്തുകൊണ്ടാണ് ഉപേക്ഷിച്ചതെന്നു കണ്ടുപിടിക്കേണ്ട ആവശ്യമേ ഇനിയില്ല. നിങ്ങൾ അബദ്ധവശാൽ ഉണ്ടായതല്ല. നിത്യകാലം മുതൽ തന്നെ നിങ്ങളുടെ നാളുകളെല്ലാം ദൈവത്തിന്റെ പുസ്തകത്തിൽ എഴുതിയിട്ടുണ്ടായിരുന്നു. (സങ്കീ. 139:15, 16)

ലോകസ്ഥാപനത്തിനു മുമ്പുതന്നെ ദൈവം നിങ്ങളെ തിരഞ്ഞെടുത്തിരുന്നു. (എഫെ. 1:4, 11) മാതാപിതാക്കൾ വരുത്തിയ അബദ്ധങ്ങൾക്ക് നിങ്ങൾ ഉത്തരവാദിയല്ല.

നിങ്ങൾ ദീർഘനാളുകളായി ഒരു കുടുംബത്തിനുവേണ്ടി ആഗ്രഹിച്ചുകാണും. നിങ്ങൾക്ക് ഒരു സ്വർഗ്ഗീയപിതാവുണ്ട് എന്നതിൽ സന്തോഷിക്കുക. നിങ്ങളെ അവിടുത്തെ കുടുംബാംഗങ്ങളിൽ ഒരാളാക്കിത്തീർക്കുവാൻ അവിടുത്തേക്കു മന

സ്സാണ്. ദൈവം ഒരിക്കലും തന്റെ മക്കളെ പരിത്യജിക്കുകയില്ല.

നിത്യസ്നേഹത്താൽ അവിടുന്നു നിന്നെ സ്നേഹിക്കുന്നു; അവിടുന്നു നിന്റെ മേൽ സ്നേഹം വർഷിപ്പിക്കുന്നു. സ്വർഗ്ഗീയപിതാവിന്റെ സ്നേഹം നിറഞ്ഞ കരങ്ങളിൽ സുരക്ഷിതയായിരിക്കുന്ന ഒരു കുട്ടിയായി എപ്പോഴും നിങ്ങൾ സ്വയം കരുതുക. അവിടുത്തെ സാദൃശ്യത്തിൽ നിങ്ങൾ സൃഷ്ടിക്കപ്പെട്ടു. നിങ്ങളെ അനുഗ്രഹിക്കുവാനും എപ്പോഴും നിങ്ങൾക്കു സമീപസ്ഥനായിരിക്കുവാനും അവിടുന്ന് ആഗ്രഹിക്കുന്നു.

നിങ്ങൾക്കുവേണ്ടി കരുതിവെച്ചതെല്ലാം നിങ്ങളെ കാണിക്കുവാൻ അവിടുന്നു കാത്തിരിക്കുന്നു. നിങ്ങൾക്കായി ഒരുക്കിയ ഭവനത്തിലേക്ക് അവിടുന്ന് ഒരു നാൾ നിങ്ങളെ കൊണ്ടുപോകും. ഭൂമിയിലെ ഏതു വീടിനേക്കാളും, ഏതൊരു അവകാശത്തേക്കാളും വളരെ മെച്ചപ്പെട്ട സ്ഥലമാണ് അത്. അതു ലഭിക്കുവാൻ വേണ്ടി നിങ്ങൾ അവിടുത്തെ മകളും, അവിടുത്തെ കുടുംബത്തിന്റെ ഭാഗവും ആയിത്തീരണം. അപ്പോൾ ആർക്കും നിങ്ങളെ തന്റെ കയ്യിൽനിന്നു പറിച്ചെടുക്കുവാൻ സാധിക്കുകയില്ല. അതിനാൽ നിങ്ങളുടെ ജീവിതം മുഴുവനായി അവിടുത്തേക്കു നൽകുക. "അവനെ (യേശുവിനെ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12)

നിങ്ങൾ ഒരു പാപിയാണെന്നു സമ്മതിക്കുകയും നിങ്ങളുടെ പാപങ്ങൾക്കു വേണ്ടിയുള്ള യേശുവിന്റെ മരണത്തെ അംഗീകരിക്കുകയും ചെയ്താൽ നിങ്ങൾക്കു സ്വർഗ്ഗീയപിതാവിന്റെ മകളായിത്തീരുവാൻ കഴിയും.

നിങ്ങൾ എല്ലാ പാപങ്ങളെക്കുറിച്ചും അനുതപിച്ച് അവയെ ഉപേക്ഷിക്കുക. നിങ്ങൾക്കുവേണ്ടി ചൊരിഞ്ഞ രക്തം കൊണ്ട് അവിടുന്നു നിങ്ങളെ മുഴുവനായി ശുദ്ധീകരിക്കും. നിങ്ങളോടു തെറ്റു ചെയ്ത എല്ലാവരോടും ക്ഷമിക്കുക. നിങ്ങളുടെ മാതാപിതാക്കളോടും ക്ഷമിക്കുക.

ഭൂതകാലഓർമ്മകൾ നിങ്ങളെ വേട്ടയാടുകയോ, കുറ്റപ്പെടുത്തുകയോ ചെയ്യാൻ അനുവദിക്കരുത്. കുറ്റബോധം കൊണ്ട് ഭാരപ്പെട്ടിരുന്നാൽ ദൈവത്തിനു നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള പദ്ധതി നിറവേറ്റുവാൻ നിങ്ങൾക്കു കഴിയാതെ വരാം. എന്നന്നേക്കുമായി കഴിഞ്ഞ കാലപാപങ്ങളെ നിങ്ങൾ പുറകിലേക്ക് എറിഞ്ഞു കളയണം. അവയെ യേശുവിന്റെ രക്തത്തിന്റെ കീഴിൽ കൊണ്ടു വരിക. അതിനുശേഷം മുന്നോട്ട് ഉത്സാഹപൂർവ്വം മുന്നേറുക.

നിങ്ങളെ വെടിപ്പാക്കുവാൻ വേണ്ടി മാത്രമല്ല യേശു കഷ്ടമനുഭവിക്കുകയും മരിക്കുകയും ചെയ്തത്. പിന്നെയോ, നിങ്ങൾ വെടിപ്പായി എന്നു നിങ്ങൾക്കു തോന്നാൻ വേണ്ടി കൂടിയാണ് അവൻ കഷ്ടമനുഭവിച്ചത്. ക്രിസ്തു നിങ്ങളുടെ ജീവിതത്തിലേക്കു വരുമ്പോൾ നിങ്ങൾ ദൈവമുമ്പാകെ നീതികരിക്കപ്പെടുന്നു. ഇപ്പോൾ ദൈവം നിങ്ങളെ നോക്കുന്നത് നിങ്ങളുടെ മുഴുജീവിതത്തിലും നിങ്ങൾ ഒരിക്കലും പാപം ചെയ്തിട്ടേയില്ല എന്ന മട്ടിലാണ്.ആ തിരിച്ചറിവ് നിങ്ങളുടെ ഹൃദയത്തെ എല്ലായ്പോഴും സന്തോഷിപ്പിക്കട്ടെ. മേൽപ്പറഞ്ഞ കാര്യങ്ങൾ നിറവേറ്റിയ ഞങ്ങളിൽ അനേകരെപ്പോലെ നിങ്ങളും ഇപ്രകാരം ദൈവത്തിന്റെ അത്ഭുതകരമായ ഭവനത്തിലെ ഒരംഗം ആയിത്തീരും.

വേദപുസ്തകം വായിക്കുമ്പോൾ ദൈവം നിങ്ങളുടെ ഹൃദയത്തോടു സംസാരിക്കുന്നതു നിങ്ങൾക്കു ശ്രവിക്കുവാൻ കഴിയും. പ്രാർത്ഥനയിൽ ദൈവത്തോടു സംസാരിക്കുമ്പോൾ അവിടുന്നു സ്വർഗ്ഗത്തിൽനിന്ന് നിങ്ങളുടെ പ്രാർത്ഥന കേൾക്കുന്നു എന്നും ഉത്തരമരുളുന്നു





എന്നുമുള്ള ഉറപ്പ് നിങ്ങൾക്കുണ്ടാകും.

പിതാവായ ദൈവം യേശുവിനോട് പറഞ്ഞു, "നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." ഒരുനാൾ അവിടുന്നു നിന്നേയും താൻ പ്രസാദിക്കുന്ന തന്റെ പ്രിയപുത്രി എന്നു വിളിക്കും. ഇനി നിങ്ങൾ വിലപിക്കരുത്.

നീ ഒരനാഥയല്ല. നി രാജാവിന്റെ മകളാണ്. ഞാൻ പറയുവാൻ ശ്രമിക്കുന്ന കാര്യം ഭംഗിയായി പ്രതിപാദിക്കുന്ന ഒരു എഴുത്ത് ഞാൻ കുറച്ചുകാലം മുമ്പ് വായിക്കുകയുണ്ടായി. അത് ബാരി ആംഡസ് എഴുതിയതാണ്. അദ്ദേഹം സമാഹരിച്ചു വച്ച പ്രചോദനം നൽകുന്ന ഉദ്ധരണികൾ മുഴുവനും ഇവിടെ എഴുതുവാൻ അദ്ദേഹം എനിക്ക് സദയം അനുവാദം നൽകി. അത് ഇവിടെ കൊടുത്തിരിക്കുന്നു.

**പിതാവിന്റെ സ്നേഹം തുളുമ്പുന്ന കത്ത്:**

താഴെക്കൊടുത്തിരിക്കുന്ന വരികൾ സത്യമാണ്. നീ അനുവദിച്ചാൽ അവ നിന്റെ ജീവിതത്തെ വ്യത്യാസപ്പെടുത്തും. ഈ വരികൾ ദൈവത്തിന്റെ ഹൃദയത്തിൽ നിന്നു വരുന്നു. അവൻ നിന്നെ സ്നേഹിക്കുന്നു. നീ ജീവിതകാലം മുഴുവൻ തിരഞ്ഞ പിതാവ് അവനാണ്. അവന്റെ സ്നേഹം നിറഞ്ഞൊഴുകുന്ന കത്താണ് ഇത്:

എന്റെ കുഞ്ഞേ,

നീ എന്നെ അറിയുന്നില്ലായിരിക്കും. എന്നാൽ നിന്റെ എല്ലാ കാര്യങ്ങളും എനിക്കറിയാം. (സങ്കീ. 139:1)

നീ ഇരിക്കുന്നതും, എഴുന്നേൽക്കുന്നതും ഞാൻ അറിയുന്നു. (സങ്കീ. 139:2)

നിന്റെ വഴികളൊക്കെയും എനിക്കു മനസ്സിലായിരിക്കുന്നു. (സങ്കീ. 139:3)

നിന്റെ തലയിലെ മുടികളെല്ലാം എണ്ണപ്പെട്ടിരിക്കുന്നു (മത്താ. 10:29–31)

നീ എന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (ഉല്പ. 1:27)

എന്നിൽ നീ ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നു. (അപ്പോ. പ്രവൃ. 17:28)

നീ എന്റെ സന്താനമല്ലോ (അപ്പോ. പ്രവൃ. 17:28)

നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു (യിരെ. 1:4,5)

ലോകസ്ഥാപനത്തിനു മുമ്പെ ഞാൻ നിന്നെ തിരഞ്ഞെടുത്തു. (എഫെ. 1:4)

നീ അബദ്ധവശാൽ ഉണ്ടായതല്ല. (you were not a mistake)

നിന്റെ നാളുകളെല്ലാം എന്റെ പുസ്തകത്തിൽ എഴുതിയിരുന്നു. (സങ്കീ. 139:15 ,16)

നിന്റെ ജനനസമയവും നീ എവിടെ ജീവിക്കണം എന്നതും ഞാൻ നിശ്ചയിച്ചു. (അപ്പോ. പ്രവൃ. 17:26)

ഭയങ്കരവും, അതിശയകരവുമായി നീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (സങ്കീ. 139:14)

നിന്റെ അമ്മയുടെ ഉദരത്തിൽ ഞാൻ നിന്നെ മെടഞ്ഞു. (സങ്കീ. 139:13)

നിന്റെ അമ്മയുടെ ഉദരത്തിൽ നിന്ന് നിന്നെ എടുത്തവൻ ഞാൻ തന്നേ. (സങ്കീ. 71:6)

എന്നെ അറിയാത്തവർ എന്നെക്കുറിച്ചുള്ള തെറ്റായ ധാരണകൾ നിനക്കു തന്നു. (യോഹ. 8:41–44)

ഞാൻ ദൂരസ്ഥനും കോപിച്ചിരിക്കുന്നവും അല്ല.

ഞാൻ സ്നേഹത്തിന്റെ പൂർണ്ണപ്രകാശനമാണ്. (1 യോഹ. 4:16)

എന്റെ സ്നേഹം നിന്റെ മേൽ ചൊരിയാൻ ഞാൻ ആഗ്രഹിക്കുന്നു. (1 യോഹ. 3:1)

കാരണം നീ എന്റെ മകളും ഞാൻ നിന്റെ പിതാവുമാണ്. (1 യോഹ. 3:1)

ഭൂമിയിലെ നിന്റെ പിതാവിനു തരാൻ കഴിയുന്നതിലുമധികം ഞാൻ നിനക്കു വാഗ്ദാനം (offer) ചെയ്യുന്നു (മത്താ. 7:11)

ഞാനാണ് തികവുള്ള പിതാവ്. (മത്താ.

***നിങ്ങളെ വെടിപ്പാക്കുവാൻ വേണ്ടി മാത്രമല്ല യേശു കഷ്ടമനുഭവിക്കുകയും മരിക്കുകയും ചെയ്തത്. പിന്നെയോ, നിങ്ങൾ വെടിപ്പായി എന്നു നിങ്ങൾക്കു തോന്നാൻ വേണ്ടി കൂടിയാണ് അവൻ കഷ്ടമനുഭവിച്ചത്. ക്രിസ്തു നിങ്ങളുടെ ജീവിതത്തിലേക്കു വരുമ്പോൾ നിങ്ങൾ ദൈവമുമ്പാകെ നീതികരിക്കപ്പെടുന്നു. ഇപ്പോൾ ദൈവം നിങ്ങളെ നോക്കുന്നത് നിങ്ങളുടെ മുഴുജീവിതത്തിലും നിങ്ങൾ ഒരിക്കലും പാപം ചെയ്തിട്ടേയില്ല എന്ന മട്ടിലാണ്.ആ തിരിച്ചറിവ് നിങ്ങളുടെ ഹൃദയത്തെ എല്ലായ്പോഴും സന്തോഷിപ്പിക്കട്ടെ.***

5:48)

നിനക്കു ലഭിക്കുന്ന എല്ലാ നല്ല ദാനവും എന്റെ പക്കൽ നിന്നു വരുന്നു. (യാക്കോ. 1:17)

ഞാനാണ് നിന്റെ ദാതാവ്; നിന്റെ എല്ലാ ആവശ്യങ്ങളും ഞാൻ സാധിച്ചുതരുന്നു. (മത്താ. 6:31-33)

നിന്റെ ഭാവിയെക്കുറിച്ച് എനിക്കുള്ള പദ്ധതികൾ എല്ലായ്പോഴും പ്രത്യാശ നിറഞ്ഞവയാണ്. (യിരെ. 29:11)

കാരണമെന്തെന്നാൽ നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. (യിരെ. 31:3)

നിന്നെക്കുറിച്ചുള്ള എന്റെ ചിന്തകൾ കടൽത്തീരത്തെ മണൽപോലെ എണ്ണിയാൽ തീരാത്തതാണ്. (സങ്കീ. 139:17,18)

സംഗീതത്തോടെ (with singing) ഞാൻ നിന്നിൽ സന്തോഷിക്കുന്നു. (സെഫ. 3:17)

നിനക്കു നന്മ ചെയ്യുന്നതു ഞാൻ ഒരിക്കലും നിർത്തിക്കളയുകയില്ല. (യിരെ. 32:40)

കാരണം നിങ്ങൾ എനിക്കു പ്രത്യേക സമ്പത്താണ്. (പുറ. 19:5)

ഞാൻ പൂർണ്ണഹൃദയത്തോടും, പൂർണ്ണ മനസ്സോടും കൂടെ നിന്നെ ഈ ദേശത്തു നടും. (യിരെ. 32:41)

വലുതും, അത്ഭുതകരവുമായ കാര്യങ്ങളെ നിനക്കു കാണിച്ചുതരുവാൻ ഞാൻ ആഗ്രഹിക്കുന്നു. (യിരെ. 33:3)

നീ പൂർണ്ണഹൃദയത്തോടെ എന്നെ അന്വേഷിച്ചാൽ എന്നെ കണ്ടെത്തും. (ആവ. 4:29)

എന്നിൽ രസിച്ചുകൊൾക; ഞാൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. (സങ്കീ. 37:4)

ഞാനാണ് ആ ആഗ്രഹങ്ങളെ നിന്റെ ഉള്ളിൽ തന്നത്. (ഫിലി. 2:13)

നിനക്കു സങ്കല്പിക്കുവാൻ കഴിയുന്നതിലധികമായി നിനക്കു ചെയ്തുതരുവാൻ ഞാൻ ശക്തനാണ്. (എഫെ. 3:20)

ഞാനാണ് നിന്റെ ഏറ്റവും വലിയ ഉത്സാഹദായകൻ (encourager). (2 തെസ്സ. 2:16, 17)

നിന്റെ കഷ്ടങ്ങളിൽ നിന്നെ ആശ്വസിപ്പിക്കുന്ന പിതാവും ഞാൻ തന്നെയാണ്. (2 കൊരി. 1:3, 4)

നിന്റെ ഹൃദയം തകർന്നിരിക്കുമ്പോൾ ഞാൻ നിനക്കു സമീപസ്ഥനാണ്(സങ്കീ. 34:18)

ഒരിടയൻ കുഞ്ഞാടിനെ എടുക്കുന്നതുപോലെ ഞാൻ നിന്നെ എന്റെ ഹൃദയത്തോടു ചേർത്ത് വഹിക്കുന്നു. (യെശ. 40:11)

ഒരു നാൾ ഞാൻ നിന്നെ കണ്ണിൽനിന്നും കണ്ണുനീർ എല്ലാം തുടച്ചുകളയും. (വെളി. 21:3, 4)

ഭൂമിയിൽ നീ സഹിച്ച വേദനകളെല്ലാം ഒരുനാൾ ഞാൻ നീക്കിക്കളയും. (വെളി. 21:4, 5)

ഞാൻ നിന്റെ പിതാവാണ്; ഞാൻ എന്റെ പുത്രനായ യേശുവിനെ സ്നേഹിക്കുന്നതുപോലെ നിന്നേയും സ്നേഹിക്കുന്നു. (യോഹ. 17:23)

എന്തുകൊണ്ടെന്നാൽ എനിക്കു നിന്നോടുള്ള സ്നേഹം യേശുവിൽ വെളി

*ശേഷം പേജ് 39 ൽ*





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-11

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി. റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.......* **തുടർന്നു വായിക്കുക**

## ജീവിക്കുന്ന രക്തസാക്ഷി

**ക്ഷ**യരോഗിണിയായ സഹോദരിയുടെ കാര്യത്തിൽ സംഭവിച്ചത് ഒരു പരാജയമാണന്ന് ഒറ്റനോട്ടത്തിൽ തോന്നാമെങ്കിലും ഫലത്തിൽ അതൊരു വിജയമായിരുന്നുവെന്നു റീസിന് ബോധ്യമായി. എന്നാൽ തനിക്കു ലഭിച്ച ഈ ഉറപ്പ്, അത്ഭുതകരമായ ഒരു സംഭത്തിലൂടെ ദൈവം മറ്റുള്ളവർക്കും ബോധ്യമാക്കിക്കൊടുക്കുമെന്നു റീസിന് വ്യക്തമായിരുന്നു. സത്യത്തിൽ റീസിന് ദൈവം തന്റെ ഉള്ളിൽ തന്ന ബോധ്യത്തിനു ബാഹ്യമായ ഒരു തെളിവു വേണ്ടിയിരുന്നില്ല. എന്നാൽ മറ്റുള്ളവർക്കു വേണ്ടി ദൈവം വൈകാതെ അത്യത്ഭുതകരമായ ഒരു തെളിവു നൽകി.

ചില മാസങ്ങൾക്കുശേഷമായിരുന്നു അത്. ഗ്രാമത്തിൽ മരണാസന്നനായ ഒരാളെ സന്ദർശിക്കുവാൻ റീസിനെ ചിലർ കൂട്ടിക്കൊണ്ടുപോയി. മരണാസന്നനായ വ്യക്തി ഇതിനകം അബോധാവസ്ഥയിൽ ആയിക്കഴിഞ്ഞിരുന്നു. കിടക്കയ്ക്കരികിൽ ദുഃഖഭാരത്തോടെ ഏങ്ങലടിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യ. അവർക്കു പത്തു മക്കളാണുണ്ടായിരുന്നത്. പറക്കമുറ്റാത്ത ആ കുഞ്ഞുങ്ങൾ മരണക്കിടക്കയ്ക്കു ചുറ്റും അന്ധാളിച്ചു നിന്നു. ആ വീട്ടിൽ ഭക്ഷണത്തിനുള്ള വക സമ്പാദിക്കുന്ന ഏക ആൾ ഗൃഹനാഥനായിരുന്നു!

ആ ഭവനത്തിലെ അന്തരീക്ഷം റീസിനെ പൊടുന്നനെ പിടിച്ചുലച്ചു. ആ സഹോദരിക്കു നേരിട്ട ദുര്യോഗം സ്വന്തം സഹോദരിക്ക് ഉണ്ടാകുന്ന വേദനപോലെ റീസിനെ ആഴത്തിൽ സ്പർശിച്ചു.പെട്ടെന്നു റീസ് വീട്ടിൽ നിന്നിറങ്ങി സമീപത്തുള്ള വയലിലേക്കു പോയി പൊട്ടിക്കരഞ്ഞു. "നിങ്ങൾ, അല്ലെങ്കിൽ നിങ്ങളിലുള്ള പരിശുദ്ധാത്മാവു നിലവിളിക്കുമ്പോൾ നിങ്ങൾ ദൈവിക സിംഹാസനത്തെ സ്പർശിക്കുന്ന ഒരുവനായി മാറുന്നു" — റീസിന്റെ തന്നെ വാക്കുകൾ.

ആ സഹോദരിയെ സഹായിക്കാനുള്ള ഒരേ ഒരു മാർഗ്ഗം അവളുടെ ഭർത്താവിനെ ജീവനോടെയും ആര്യോഗ്യത്തോ

ടെയും അവളെ തിരികെ ഏൽപിക്കുക എന്നതാണെന്നു റീസിനറിയാം. പക്ഷേ, അയാളുടെ അവസ്ഥ മാനുഷികമായ എല്ലാ കഴിവുകളുടെയും അപ്പുറത്താണ്. ഇതേ സമയം ആ സഹോദരിയുടെ കഷ്ടതകൾ തന്റെ കഷ്ടതകളായി എടുത്ത് അവളുടെ ദുഃഖങ്ങളിലേക്കു പ്രവേശിക്കുവാനും ആ കുടുംബത്തിന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കേണ്ടത് തന്റെ ചുമതലയായി കാണാനും ദൈവം തന്നോട് ആവശ്യപ്പെടുന്നതായി റീസിനു ബോധ്യമായി. കർത്താവ്, 'പിതാവല്ലാത്തവർക്കു നല്ല താതനും', 'വിധവയ്ക്കു കാന്ത'നുമാണ്. അതുകൊണ്ട് ആ ഗൃഹനാഥനെ മരണത്തിൽ നിന്നു ജീവനിലേക്കു തിരികെ പിടിക്കാൻ മധ്യസ്ഥപ്രാർത്ഥനയിൽ പോരാടാൻ താൻ ബാധ്യസ്ഥനാണെന്നു റീസിനു മനസ്സിലായി. അദ്ദേഹം തിരികെ ജീവിതത്തിലേക്കു വന്നില്ലെങ്കിൽ ആ കുടുംബത്തിന്റെ ഉത്തരവാദിത്തവും ആ കുഞ്ഞുങ്ങളുടെ ചുമതലയും ഏറ്റെടുക്കാൻ പരിശുദ്ധാത്മാവു തന്നെ നിർബന്ധിക്കുമെന്നുള്ളതും റീസിന് എത്രയും വ്യക്തമായിരുന്നു!

കരച്ചിൽ അവസാനിപ്പിച്ച് വയലിൽ നിന്നു റീസ് ആ സഹോദരിയുടെ വീട്ടിലേക്കു തിരക്കിട്ടു നടന്നു. ഒടുവിൽ അവിടെ എത്തിയപ്പോൾ വീടിന്റെ താഴത്തെ നിലയിൽ ആരുമില്ല. മുകളിലത്തെ നിലയിൽ നിന്ന് അവൾ ഇറങ്ങിവരുന്നതും കാത്ത് റീസ് താഴത്തെ മുറിയിൽ ഇരിപ്പുറപ്പിച്ചു. അപ്പോൾ അത്ഭുതകരമായ ഒരു കാര്യം സംഭവിച്ചു. താഴ്ന്ന ശബ്ദത്തിൽ ആരോ പറയുന്നു: 'അവൻ മരിക്കേണ്ടവനല്ല; അവൻ ജീവിക്കേണ്ടവനാണ്'. റീസ് ചുറ്റും നോക്കി. മുറിയിൽ ആരുമില്ല. പെട്ടെന്നു മുറിയിൽ ഒരു ശാന്തത നിറഞ്ഞു. 'ദൈവസാന്നിധ്യം അനുഭവപ്പെടുമ്പോഴുള്ളതുപോലെ ഒരു ശാന്തതയായിരുന്നു അത്'- റീസ് ഓർക്കുന്നു.

ആ പ്രശാന്തതയിൽ റീസ് ഒറ്റയ്ക്കങ്ങനെ ഇരിക്കുമ്പോൾ ആ സഹോദരി മുകളിലത്തെ നിലയിൽ നിന്ന് ഇറങ്ങി വന്നു. അവരെ കണ്ടപാടെ റീസ് പറഞ്ഞു: "നോക്കൂ, നേരത്തെ ഞാൻ ഇവിടെ വന്നു നിങ്ങളെ കണ്ടു കഴിഞ്ഞപ്പോൾ നിങ്ങളുടെ ഭർത്താവിന്റെ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കാനുള്ള ഒരു വലിയ ഭാരം എനിക്കുണ്ടായി. ഞാൻ പ്രാർത്ഥിച്ചു. 'അദ്ദേഹം മരിക്കുകയില്ലെന്നും ജീവിക്കുമെന്നും' കർത്താവ് എന്നോടു പറഞ്ഞു."

അവളുടെ കണ്ണിൽ അവിശ്വാസത്തിന്റെ തിരയിളക്കം. എങ്ങനെ വിശ്വസിക്കും? ഭർത്താവിന്റെ സ്ഥിതി അങ്ങേയറ്റം മോശമാണ്. ഒരു നേരിയ പ്രതീക്ഷയ്ക്കു പോലും വകയില്ല. മാത്രമല്ല റീസ് ഇതിനു തൊട്ടുമുൻപ് 'സൗഖ്യമാകും' എന്നു പറഞ്ഞിരുന്ന ക്ഷയരോഗിണിയായ സഹോദരി സൗഖ്യമായില്ലെന്നു മാത്രമല്ല ആയിടെ മരിച്ചു പോകുകയും ചെയ്തു!

പക്ഷേ ഈ സംശയമൊന്നും അവൾ പുറമേ പ്രകടിപ്പിച്ചില്ല. റീസിനു നന്ദി പറഞ്ഞു. റീസും തിരക്കിട്ടു വീട്ടിലേക്കു മടങ്ങി.

വഴിയാത്രയിൽ കർത്താവ് അവനോട് സംസാരിക്കാൻ തുടങ്ങി. "നോക്ക്, നീ അവളോടു സംസാരിച്ചത് രോഗ സൗഖ്യം ലഭിക്കുമെന്നു നിനക്കു പൂർണ ബോധ്യം ഉള്ളതുപോലെയല്ല. നീ നാളെ അതിരാവിലെ തന്നെ തിരിച്ചുപോയി രോഗ സൗഖ്യം ലഭിക്കുമെന്നു നല്ല ഉറപ്പോടെ അവളോടു പറയണം. നേരിയ സംശയം പോലും ഇല്ലാതെ പോയി അവളോടു അക്കാര്യം പറയണം."

കർത്താവിന്റെ ആ വാക്കുകൾ റീസിന് ഏറെ ഉറപ്പും ധൈര്യവും പകർന്നു. രാത്രി കിടക്കുമ്പോൾ റീസ് അല്പം ഉറക്കത്തന്നെ ഇങ്ങനെ പറഞ്ഞു: "നാളെ ഞാൻ മരണത്തെ വെല്ലുവിളിക്കാൻ പോകുകയാണ്. 'ഈ മനുഷ്യനെ നിനക്കു കിട്ടുകയില്ല' എന്നു ഞാൻ നാളെ മരണ





ത്തോടു പ്രഖ്യാപിക്കും."

-പിറ്റേദിവസം

അന്ന് രാവിലെ എട്ടുമണിക്ക് റീസിന് സ്വന്തഗ്രാമത്തിൽ നിന്ന് പട്ടണത്തിലേക്ക് ഒരു ട്രെയിൻ പിടിക്കണമായിരുന്നു. അതുകൊണ്ട് പുലർച്ചെ ആറുമണിക്കു തന്നെ റീസ് ആ സഹോദരിയോടു വിവരം പറയാനായി അടുത്ത ഗ്രാമത്തിലേക്ക് യാത്രയായി. സൂര്യനുദിച്ചിട്ടില്ല. കനത്ത അന്ധകാരം. മഞ്ഞുവീണുകൊണ്ടിരിക്കുന്നു.പക്ഷേ റീസ് നടന്നുകൊണ്ടേയിരുന്നു. വിജനമായ വഴി. യാത്രയിൽ ശത്രുവിന്റെ പോരാട്ടം ശക്തമായി ഉണ്ടായി. റീസു പറയുന്നു - "ഒട്ടേറെ പിശാചുക്കൾ എനിക്കെതിരെ പൊരുതുന്നതുപോലെ. തിരകൾക്കെതിരെ നടന്നു പോകുന്ന ഒരു മനുഷ്യനാണു ഞാനെന്ന് എനിക്കു തോന്നി. പിശാചുക്കൾ തുടർച്ചയായി എന്നോടു മന്ത്രിച്ചുകൊണ്ടിരുന്നു 'നീ ഇന്നലെ രാത്രി പോന്നു കഴിഞ്ഞപ്പോൾ അയാൾ മരിച്ചു പോയി."

വിശ്വാസത്തിന്റെ ഒരു പോരാട്ടമായിരുന്നു അത്. എന്നാൽ വഴിയിലുടനീളം അവിശ്വാസത്തോടു പോരാടി, റീസ് ഒടുവിൽ ആ വീടിന് ഒരു വിളിപ്പാടടുത്തെത്തി. അകലെ നിന്നു നോക്കിയപ്പോൾ പ്രഭാതവെളിച്ചത്തിൽ കുളിച്ച് സാധാരണ പോലെ തന്നെ ആ വീട് നിലകൊള്ളുന്നു. ഇല്ല. അസാധാരണമായി ഒന്നും അവിടെ സംഭവിച്ചിട്ടില്ല. എന്തൊരു ആശ്വാസം!

റീസ് ദൃഢമായ കാൽവയ്പുകളോടെ വീട്ടിലേക്കു പ്രവേശിച്ചു. ആ സഹോദരിയെ കണ്ടപാടെ ഇങ്ങനെ പറഞ്ഞു: "ഇന്നലെ ഞാൻ പറഞ്ഞ കാര്യം വിശ്വസിക്കാഞ്ഞതിനു ഞാനൊരിക്കലും നിങ്ങളെ കുറ്റപ്പെടുത്തുകയില്ല. കാരണം എനിക്കു പൂർണ്ണ ബോധ്യമുള്ള ഒരു കാര്യം പറയുന്നു എന്ന ഉറപ്പോടെയും ദൃഢമായ സ്വരത്തിലുമല്ല ഞാൻ നിങ്ങളോടു സംസാരിച്ചത്. എന്നാൽ ഇന്നു രാവിലെ ഞാൻ വന്നത്, നിങ്ങളുടെ ഭർത്താവു മരിക്കുകയില്ലെന്നു നിങ്ങളോടു തറപ്പിച്ചു വീണ്ടും പറയുവാനാണ്. അതിനുള്ള തെളിവ് എന്ന നിലയിൽ ഞാൻ നിങ്ങളോട് ഒരു വാഗ്ദാനം നടത്താം- 'അദ്ദേഹം മരിച്ചാൽ ഞാൻ നിങ്ങളേയും കുട്ടികളെയും സംരക്ഷിക്കാം."

പൊടുന്നനെ അവളുടെ മുഖം ദീപ്തമായി. റീസിന്റെ വാക്കുകൾ അവൾ വിശ്വസിച്ചുവെന്നു വ്യക്തം. റീസ് വലിയ സന്തോഷത്തോടെ ധൃതിയിൽ വീട്ടിലേക്കു മടങ്ങി. അങ്ങോട്ടു പോയതും ഇപ്പോഴുള്ള മടക്കയാത്രയും തമ്മിൽ എന്തൊരു വ്യത്യാസം! 'സ്വർഗം താണിറങ്ങി വന്ന അനുഭവം. മരണത്തിന് അദ്ദേഹത്തെ പിടികൂടാൻ കഴിയില്ലെന്ന് അപ്പോൾ എനിക്കു പകൽപോലെ വ്യക്തമായിരുന്നു' — റീസ് ഓർമിക്കുന്നു.

റീസ് വീട്ടിലെത്തിയ ഉടനെ നേരത്തെ നിശ്ചയിച്ചതുപോലെ എട്ടുമണിയുടെ ട്രെയിൻ പിടിച്ച് മറ്റൊരു സ്ഥലത്തേക്കു പോയി. രണ്ടു ദിവസത്തേക്കായിരുന്നു ആ യാത്ര. ആ രണ്ടു ദിവസവും സാത്താന്റെ അലട്ടലുകളെ റീസ് ഗൗനിച്ചതേയില്ല. എന്നാൽ തിരിച്ചു വരുമ്പോൾ സാത്താൻ റീസിനോടു മന്ത്രിച്ചു: "നീ റയിൽവേസ്റ്റേഷനിൽ ചെന്നിറങ്ങുമ്പോൾ സ്നേഹിതർ നിന്നെ കാത്തുനിൽക്കുന്നതു നീ കാണും. അയാൾ മരിച്ചുപോയെന്ന വിവരം പറയുവാനും ശവസംസ്കാരത്തെക്കുറിച്ച് ആലോചിക്കുവാനുമാണ് അവർ നിന്നെ കാത്തുനിൽക്കുന്നത്."

റീസ് വിഷമിച്ചുപോയി. സൂക്ഷം പോലെ സ്റ്റേഷനിൽ വണ്ടി ഇറങ്ങുമ്പോൾ കൂട്ടുകാർ റീസിനെ കാത്തു നിൽക്കുന്നു. എന്നാൽ കണ്ട പാടെ അവരിൽ ഒരാൾ വിളിച്ചു പറഞ്ഞതിങ്ങനെ: 'അദ്ദേഹത്തിനു സുഖമായി റീസ്, താങ്കൾ ആ വീട്ടിൽ നിന്ന് രണ്ടു ദിവസം മുൻപ് ഇറങ്ങിയ നിമിഷം മുതൽ അദ്ദേഹ

ത്തിന്റെ നിലമെച്ചപ്പെടുവാൻ തുടങ്ങി. ഇപ്പോൾ പൂർണമായും അപകടനില തരണം ചെയ്തു കഴിഞ്ഞു.’

ക്ഷയരോഗിണിയായ സഹോദരിയുടെ മരണത്തിനുശേഷം ദൈവം നൽകിയ ഈ വിജയം മധ്യസ്ഥപ്രാർത്ഥന എന്ന ശുശ്രൂഷയ്ക്കായി ദൈവം തിരഞ്ഞെടുത്ത വ്യക്തിയാണു റീസെന്ന ബോധ്യം നാട്ടിൽ പരക്കുവാനിടയാക്കി. മധ്യസ്ഥപ്രാർത്ഥന സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ ദൈവം റീസിനെ പഠിപ്പിക്കുകയും ചെയ്തു. സാധാരണ ഒരു പ്രാർത്ഥനക്കാരനിൽ നിന്നു വ്യത്യസ്തമായി മൂന്നു കാര്യങ്ങൾ മധ്യസ്ഥപ്രാർത്ഥക്കാരന് ആവശ്യമാണെന്നു റീസിനു ബോധ്യമായി — താദാത്മ്യം, വേദന, അധികാരം എന്നിവയാണിവ.

താൻ ആർക്കുവേണ്ടി മധ്യസ്ഥത അണയ്ക്കുന്നുവോ അവരോട് എല്ലാ അർത്ഥത്തിലും താദാത്മ്യം പ്രാപിക്കുന്ന അനുഭവമാണ് ഒന്നാമത്തേത്. ഇതു കർത്താവിൽ കാണാൻ കഴിയും. അവിടുന്നു തന്റെ പ്രാണനെ മരണത്തിനു ഒഴുക്കിക്കളയുകയും അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്തു. അവിടുന്ന് അനേകരുടെ പാപം വഹിച്ചു. അതിക്രമക്കാർക്കുവേണ്ടി ഇടിവിൽ നിന്നു. ദിവ്യനായ മധ്യസ്ഥൻ എന്ന നിലയിൽ നഷ്ടപ്പെട്ട ലോകത്തിനുവേണ്ടി അവിടുന്ന് മറുവിലയായി നിൽക്കുകയും നമ്മുടെ നഷ്ടപ്പെട്ട അവസ്ഥയുടെ പാനപാത്രത്തിൽ നിന്ന് അവസാന തുള്ളിവരെ കുടിച്ചു തീർക്കുകയും ചെയ്തു. എല്ലാ മനുഷ്യർക്കും വേണ്ടി അവിടുന്നു ‘മരണം ആസ്വദിച്ചു.’ സാധ്യമായ എല്ലാ നിലയിലും അതു ചെയ്യുവാൻ വേണ്ടി നമ്മൾ ഇരുന്ന സ്ഥാനത്ത് അവിടുന്നും ഇരുന്നു. നമ്മുടെ പ്രകൃതി അവിടുന്നു സ്വീകരിച്ചു. കഷ്ടങ്ങളാൽ അനുസരണം പഠിച്ചു. നമ്മെപ്പോലെ എല്ലാറ്റിലും പരീക്ഷിക്കപ്പെട്ടു. നമുക്കുവേണ്ടി ദരിദ്രനായിത്തീർന്നു. ഒടുവിൽ നമുക്കുവേണ്ടി താൻ പാപമായി. ചുരുക്കത്തിൽ താദാത്മ്യമാണ് ഇടിവിൽ നിൽക്കുന്നതിന്റെ ആദ്യനിയമം.

മറ്റൊരു മധ്യസ്ഥൻ പരിശുദ്ധാത്മാവാണ്. നാം മധ്യസ്ഥശുശ്രൂഷയുടെ രണ്ടാമത്തെ ഘടകമായ വേദന പരിശുദ്ധാത്മാവിൽ ദർശിക്കുവാൻ കഴിയും. ആത്മാവ് ‘ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാലാണു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നത്.’ പരിശുദ്ധാത്മാവിന് തന്റെ ഭാരങ്ങൾ പങ്കുവയ്ക്കുവാൻ കഴിയുന്ന ഹൃദയങ്ങളും കഷ്ടം അനുഭവിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ കഴിയുന്ന ശരീരങ്ങളും വേണം. തന്റെ വാസസ്ഥലങ്ങളായ ഹൃദയങ്ങളും ശരീരങ്ങളും മാത്രമേ പരിശുദ്ധാത്മാവിന് അതിനായി ഉപയോഗിക്കാൻ കഴിയൂ. അങ്ങനെയുള്ളവരിലൂടെ പരിശുദ്ധാത്മാവു തന്റെ മധ്യസ്ഥപ്രവൃത്തി ഭൂമിയിൽ നിറവേറ്റുന്നു. ഇങ്ങനെ ഉപയോഗിക്കപ്പെടുന്നവർ കർത്താവു ഭൂമിയിൽ ജീവിച്ച ജീവിതത്തിനു ചേർന്ന മട്ടിൽ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

പക്ഷേ ഇതിനായി തിരഞ്ഞെടുക്കപ്പെട്ട ഒരുവനെ അത്തരം മധ്യസ്ഥതയ്ക്കായി തിരഞ്ഞെടുക്കുന്നതിനു മുൻപ് പരിശുദ്ധാത്മാവ് അവനോട് കർശനമായി ഇടപെടും. പണസ്നേഹം, വ്യക്തിപരമായ അഭിലാഷങ്ങൾ, പ്രിയപ്പെട്ടവരോടുള്ള സ്വാഭാവിക സ്നേഹം എന്നിവ എല്ലാം ആഴത്തിൽ പരിശുദ്ധാത്മാവു കൈകാര്യം ചെയ്യും. ശരീരത്തിന്റെ താത്പര്യങ്ങൾ, ജീവിതത്തോടു തന്നെയുള്ള സ്നേഹം, മാനസാന്തരപ്പെട്ട ഒരുവനെ തനിക്കുവേണ്ടി ജീവിക്കുന്നതിന് പ്രേരിപ്പിക്കുന്ന എല്ലാം, സ്വന്തസുഖങ്ങൾ, നേട്ടങ്ങൾ, സ്വയത്തിന്റെ പുരോഗതി, സുഹൃത്തുക്കൾ, അവരുമായുള്ള അടുപ്പങ്ങൾ എന്നിവയെല്ലാം ക്രൂശിലേക്കു പോകേണ്ടതുണ്ട്. സിദ്ധാന്തപരമായ ഒരു മരണമല്ല അത്. മറിച്ച് ക്രിസ്തുവിനോടു ചേർന്നുള്ള യഥാർത്ഥ ക്രൂശീകരണമാണത്. “ഞാൻ





ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടു. ഇപ്പോഴും ക്രൂശിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു” എന്ന പൗലോസിന്റെ വാക്കുകൾ ഒരു നിർണായക സമയത്തേയും തുടർന്നുള്ള വഴിയെയും വെളിപ്പെടുത്തുന്നു.

ക്രൂശീകരണം പുരോഗമിക്കുമ്പോൾ മധ്യസ്ഥത ആരംഭിക്കുന്നു. ആന്തരിക ഭാരം പുറമേയുള്ള അനുസരണത്തിനായി ആഹ്വാനം ചെയ്യും. തന്റെ നിർമലമായ ‘മാധ്യമ’ത്തിലൂടെ പരിശുദ്ധാത്മാവ് സ്നേഹത്തിന്റെയും ത്യാഗത്തിന്റേതുമായ തന്റെ ജീവിതം ജീവിക്കാൻ ആരംഭിക്കും. താൻ ആർക്കുവേണ്ടി മധ്യസ്ഥത അണയ്ക്കുന്നുവോ അവരോടൊപ്പം നിന്നു കഷ്ടതയും വേദനയും ഏറ്റുവാങ്ങുന്ന അനുഭവം മോശ, ഹോശെയാ, യിരെമ്യാവ്, യെഹസ്കേൽ തുടങ്ങിയ പഴയ നിയമ ഭക്തന്മാരിലും പൗലൊസ് തുടങ്ങിയ പുതിയനിയമ വിശുദ്ധന്മാരിലും കാണാൻ കഴിയും. വെസ്ലി, വില്യം ബൂത്ത്, ഹഡ്സൺ ടെയ്ലർ, സി.ടി. സ്റ്റഡ്, ജോർജ് മുള്ളർ തുടങ്ങിയ ആധുനിക വിശ്വാസവീരന്മാരും ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെന്നും പരിശുദ്ധാത്മാവു റീസിനെ ഓർമ്മിപ്പിച്ചു.

മധ്യസ്ഥത അണയ്ക്കുന്നവർ താദാത്മ്യം, വേദന, എന്നിവ മാത്രമല്ല അനുഭവിക്കുന്നത്. അവർ ‘അധികാര’വും അറിയും. ഗോതമ്പുമണിയുടെ നിയമം ഇതാണ്: ‘ഗോതമ്പു മണി നിലത്തു വീണു ചത്താൽ വളരെ വിളവുണ്ടാകും.’ യേശുവിന്റെ ജീവിതത്തിൽ താദാത്മ്യം, വേദന എന്നിവയിലൂടെ കടന്ന് അവിടുന്ന് എല്ലാനാമത്തിനും മേലായനാമം എന്ന നിലയിൽ പിതാവിന്റെ വലത്തുഭാഗത്ത് അധികാരം പ്രാപിച്ചു.

മധ്യസ്ഥതയുടെ ഈ അനുഭവങ്ങളിലേക്കെല്ലാം പരിശുദ്ധാത്മാവ് റീസിന്റെ കണ്ണുകൾ തുറന്നു. ക്ഷയരോഗിണിയായ സഹോദരി, തുടർന്നു മരണാസന്നനായ ഗൃഹനാഥൻ എന്നിവരുടെ അനുഭവങ്ങളിലൂടെ റീസിനെ ദൈവം ഒട്ടേറെ കാര്യങ്ങൾ പഠിപ്പിച്ചു. പല കാര്യങ്ങളിലും വ്യക്തത നൽകുകയും ചെയ്തു.

എന്നാൽ മരണാസന്നനായ ഗൃഹനാഥന്റെ വിടുതലിനുശേഷം കൂടുതൽ പ്രയാസമുള്ള മറ്റൊരു അനുഭവമാണ് റീസിനെ കാത്തിരുന്നത്. പ്രസവത്തെ തുടർന്ന് ആരോഗ്യം പാടേ തകർന്നുപോയ ചെറുപ്പക്കാരിയായ മറ്റൊരു സഹോദരിയുടെ അനുഭവമായിരുന്നു അത്. വില്യം ഡേവിസ് എന്ന സഹോദരന്റെ ഭാര്യയായിരുന്നു അവർ. പ്രസവശേഷം പെട്ടെന്നു രോഗിയായി അവൾ മാറി. ഡോക്ടർമാർ കൈയൊഴിഞ്ഞു. റീസ് ആ വീട്ടിലേക്കു ചെല്ലുമ്പോൾ വലിയ നിലവിളി അവിടെ നിന്ന് ഉയരുകയാണ്. റീസിനെ കണ്ടപ്പോൾ കരച്ചിൽ ഉച്ചസ്ഥായിയിലായി.

വില്യം ഡേവിസ് കണ്ണീരു തുടച്ചുകൊണ്ട് റീസിനോട് ആകാംക്ഷയോടെ ചോദിച്ചു: ‘റീസ്, ഇതു സംബന്ധിച്ച ദൈവഹിതം നിങ്ങൾക്കു വെളിപ്പെട്ടു കിട്ടിയോ?’

“ദൈവം ഇതുവരെ അതെനിക്കു വെളിപ്പെടുത്തിയില്ല. എന്നാൽ എന്നോടു പറയാതെ ദൈവം അവളെ എടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല” — റീസിന്റെ മറുപടി.

വില്യം ഡേവിസിന് പ്രകാശത്തിന്റെ ആദ്യകിരണം വീണു കിട്ടി. പക്ഷേ ഒട്ടും സമയമില്ല. അതുകൊണ്ടു വില്യം ഡേവിസ് ഉൽക്കണ്ഠയോടെ റീസിനെ കൂടുതൽ സമ്മർദ്ദത്തിലാക്കി: ‘ആട്ടെ, ദൈവം ഇന്നുതന്നെ താങ്കളെ വിവരം അറിയിക്കുമായിരിക്കും. അല്ലേ?’

“തീർച്ചയായും. അങ്ങനെ തന്നെ ഞാൻ വിശ്വസിക്കുന്നു.” റീസ് അവിടെ നിർത്തിയില്ല. ഇങ്ങനെ തുടർന്നു: “ഞാൻ ഇപ്പോൾ വീട്ടിലേക്കു തിരിച്ചു നടക്കുവാൻ പോകു

കയാണ് ദൈവം വഴിയിൽ എന്നോടു സംസാരിക്കും."

വീട്ടിലേക്കുള്ള രണ്ടു മൈൽ നടത്തത്തിനിടയിൽ ദൈവം എപ്പോഴും റീസിനോടു സംസാരിച്ചിട്ടുണ്ട്. 'ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിക്കുന്നു' എന്ന് കർത്താവു പറഞ്ഞത് റീസിനെ സംബന്ധിച്ചും അങ്ങനെയായിരുന്നു. അതു വെറും വാക്കുകളല്ലെന്നു റീസും വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ ദൈവം തനിക്കു തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുമെന്നു റീസിന് ഉറപ്പായിരുന്നു.

എന്നാൽസുപ്രധാന ചോദ്യം ഇതാണ്: ' ഇക്കാര്യത്തിൽ എന്താണു ദൈവഹിതം?' ഓരോ കാര്യത്തിലും ദൈവഹിതം മനസ്സിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഈ സഹോദരി ജീവിച്ചിരിക്കണം എന്ന സ്വാഭാവിക ഇഷ്ടം റീസിനുള്ളതിനാൽ അതു തന്റെ തീരുമാനത്തെ സ്വാധീനിച്ചേക്കാം. യോഹന്നാൻ 5:30-ൽ കർത്താവു പറഞ്ഞിട്ടുള്ളതുപോലെ പക്ഷാഭേദങ്ങൾ ഇല്ലാത്തവനു മാത്രമേ ദൈവഹിതം കണ്ടെത്താനാകൂ.

മടക്കയാത്രയിൽ പ്രതീക്ഷിച്ചപോലെ സംഭവിച്ചു. "അവൾ സൗഖ്യമാകും. മരിക്കുകയില്ല" — കർത്താവിന്റെ വാക്കുകൾ ശക്തിയോടെ റീസിന്റെ ഹൃദയത്തിൽ വന്നു. "സൗഖ്യം ലഭിച്ച സന്തോഷം തന്നെ അപ്പോൾ എനിക്കുണ്ടായി" — റീസിന്റെ വാക്കുകൾ.

ഉച്ചകഴിഞ്ഞപ്പോൾ തന്നെ റീസ്, വില്യം ഡേവിസിന്റെ വീട്ടിലേക്കു തിരിച്ചു നടന്നു. കാരണം ഓരോ മിനിറ്റും വിലപ്പെട്ടതാണ്.

അവിടെ എത്തിയപ്പോഴും റീസു തികഞ്ഞ സന്തോഷത്തിലായിരുന്നു. വില്യം ഡേവിസിനോട് തമാശ പറയത്തക്കവണ്ണം റീസ് സന്തോഷഭരിതനായിരുന്നു— "ദൈവഹിതം ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? നിങ്ങളുടെ ഭാര്യക്കു സുഖമാകും എന്നു ഞാനിപ്പോൾ പറഞ്ഞാൽ പിന്നെ കണ്ണീരുണ്ടാകരുത്! നിങ്ങൾക്കു കരയണമെങ്കിൽ ഞാൻ വിവരം പറയുന്നതിനു മുൻപു വേണമെങ്കിൽ അല്പം കരഞ്ഞോളൂ."

"ആ ഭവനത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം പ്രകടമായിരുന്നു. അവിടുന്നു മരണത്തെ ജയിച്ചവനാണെന്ന് എനിക്കറിയാം. സ്വാഭാവികമായി പറഞ്ഞാൽ മരണം ആ മുറിയിലുണ്ടായിരുന്നു. പക്ഷേ ഞാൻ പരിപൂർണസ്വസ്ഥതയിലായിരുന്നു. ഞങ്ങൾ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി. ആറോളം കുട്ടികളും ഞങ്ങളോടൊപ്പം ചേർന്നു. വലിയ സ്തുതിയുടെ യോഗമായി അതുമാറി. അന്നു മുതൽ അവളുടെ സ്ഥിതി മെച്ചപ്പെടാൻ തുടങ്ങി." — റീസ് ഓർമിക്കുന്നു.

ക്ഷയരോഗിണിയായ സഹോദരിയുടെ സംഭവം കഴിഞ്ഞശേഷം റീസ് രോഗങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും ദൈവഹിതം തിരിച്ചറിയുന്നതിൽ കൂടുതൽ സംവേദനക്ഷമതയുള്ളവനായി. വളരെ വേഗത്തിൽ റീസിനു ദൈവഹിതത്തെക്കുറിച്ചുള്ള ബോധ്യങ്ങൾ ലഭിക്കാൻ തുടങ്ങി. ഇത്തരം ധാരാളം സംഭവങ്ങൾ അക്കാലത്തുണ്ടായി. റീസിന്റെ പ്രത്യേക ശുശ്രൂഷ ഇതാണെന്ന തോന്നൽ തന്നെയുണ്ടായി. ആ കാലം മുതൽ ക്രിസ്തീയ സഭകളിലും അത്ഭുതരോഗശാന്തിയുടെ ഒരു കാലം തുറക്കപ്പെട്ടതായി തനിക്കു തോന്നാറുണ്ടെന്ന് റീസ് പലപ്പോഴും പറയുമായിരുന്നു. പരിശുദ്ധാത്മാവിന്റെ മധ്യസ്ഥതയിലൂടെ തുടർന്നുള്ള വർഷങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അത്ഭുതരോഗശാന്തികൾക്കു പിന്നിലുള്ള യഥാർത്ഥ ചിത്രം നിത്യതയിലേ നമുക്കു മനസ്സിലാകുകയുള്ളൂ.

അടുത്തലക്കത്തിൽ:

**അനാഥർക്ക് ഒരു പിതാവ്**

(തുടരും)





# കഷ്ടതകൾക്കു മുൻപിൽ...

*10-ാം പേജിൽ നിന്നു തുടർച്ച*

യിൽനിന്ന് എന്നെ രക്ഷിക്കണമേ" എന്നു പ്രാർത്ഥിച്ചില്ല. നേരേ മറിച്ച് "പിതാവേ, നിന്റെ നാമത്തെ മഹത്വീകരിക്കണമേ" എന്നാണ് അവിടുന്നു പ്രാർത്ഥിച്ചത്. (യോഹ. 12:27, 28) "പിതാവേ, എന്നെ കഷ്ടതയിൽനിന്നു രക്ഷിക്കണമേ" എന്നതാണ് വേശ്യാസഭയുടെ പ്രാർത്ഥന.എന്നാൽ കാന്തയുടെ പ്രാർത്ഥനയാകട്ടെ "പിതാവേ നിന്റെ നാമത്തെ മഹത്വപ്പെടുത്തണമേ" എന്നായിരിക്കും. നാം പീഡനങ്ങളിൽ ആനന്ദിക്കുന്നു. വളരെയേറെ കഷ്ടതയിൽക്കൂടി മാത്രമേ നാം ദൈവരാജ്യത്തിൽ കടക്കുകയുള്ളൂ.

തന്റെ ശിഷ്യന്മാരായ നമ്മെ ലോകത്തിൽനിന്ന് എടുക്കണമെന്നല്ല, 'പാപത്തിൽ അകപ്പെടാതവണ്ണം കാത്തുകാള്ളണ'മെന്നാണ് യേശു പ്രാർത്ഥിച്ചത്. (യോഹ. 17:15) പീഡനത്തിൽ നിന്നു രക്ഷപ്പെടുവാൻ വേണ്ടി തന്റെ കാന്ത ദൈവസന്നിധിയിലേക്ക് എടുക്കപ്പെടണമെന്ന് യേശു ഒരിക്കലും ആഗ്രഹിച്ചിട്ടില്ല.

ക്രിസ്തു രഹസ്യമായിവന്ന് എല്ലാ വിശ്വാസികളെയും അവർ മഹാപീഡനത്തിൽ അകപ്പെടാതവണ്ണം എടുത്തുകൊള്ളും എന്നിങ്ങനെ ആദ്യകാല അപ്പൊസ്തലന്മാരുടെ കാലത്ത് അറിയപ്പെട്ടിട്ടില്ലാത്ത ഒരു ഉപദേശം ഏതാണ്ട് 150 വർഷം മുമ്പ് ക്രൈസ്തവലോകത്തിൽ പ്രചരിക്കുവാനാരംഭിച്ചു. മനുഷ്യരിൽനിന്നുള്ള പീഡനം ദൈവത്തിന്റെ ഒരു ശിക്ഷയാണെന്നു തോന്നിക്കുമാറുള്ള ഒരു പദേശമാണിത്. ക്രിസ്ത്യാനികൾ പീഡനം അനുഭവിച്ചിരുന്ന ദേശങ്ങളിലല്ല, പിന്നയോ ശതാബ്ദങ്ങളായി യാതൊരു പീഡനവും ഉണ്ടാകാതിരുന്ന പാശ്ചാത്യ നാടുകളിലാണ് ഈ ഉപദേശം ഉയർന്നു വന്നത്. ഈ ഉപദേശത്തിനു യോജിക്കുമാറ് തിരുവെഴുത്തുകളെയും ഇതിന്റെ ഉപജ്ഞാതാക്കൾ കോട്ടിക്കളഞ്ഞു. പീഡനത്തിന്റെ കാറ്റ് തങ്ങളുടെമേൽ ആഞ്ഞടിക്കുമ്പോൾ ക്രിസ്ത്യാനികൾ ഒരുക്കമില്ലാത്തവരായിത്തീരുമാറ് അവരെ ഒരു തെറ്റായ സ്വയം സംതൃപ്തിയിൽ മുഴുകിക്കുവാൻ ഇതുമൂലം സാത്താനു സാധിച്ചു.

പീഡനത്തിൽനിന്ന് ഒഴിവാകുന്നതിനെക്കുറിച്ചുള്ള ഈ ഉപദേശത്തെ ലോകത്തിലുടനീളമുള്ള വിശ്വാസികളുടെ വിപുല സമൂഹങ്ങൾ സസന്തോഷം സ്വീകരിച്ചു. എന്തെന്നാൽ, "കർത്താവേ, എന്റെ ഇഹലോകജീവിതം സന്തോഷപൂർണ്ണമാക്കേണമേ" എന്ന തരത്തിലുള്ളതാണല്ലോ അടിസ്ഥാനപരമായി മിക്ക ക്രിസ്ത്യാനികളുടെയും പ്രാർത്ഥന. എന്നാൽ പീഡനത്തിൽനിന്നോ ഉപദ്രവത്തിൽനിന്നോ രക്ഷപ്പെടുന്നതിൽ ഒരു മേൻമയും അടങ്ങിയിട്ടില്ല എന്ന സത്യം യേശുവിന്റെ ഉപദേശം ശരിയായി ഗ്രഹിച്ചിട്ടുള്ളവർ വ്യക്തമായിത്തന്നെ മനസ്സിലാക്കിയിട്ടുണ്ട്. തന്റെ ശിഷ്യൻമാർക്കു ലോകത്തിൽ പീഡനവും കഷ്ടതയും ഉണ്ടാകുമെന്ന കാര്യം കർത്താവ് അവരെ പലപ്പോഴും ഓർമ്മിപ്പിച്ചിരുന്നു.

എതിർക്രിസ്തുവിനെ നേരിടുവാൻ അർദ്ധമനസ്കരായ വിശ്വാസികളെ ഇവിടെ വിട്ടശേഷം പൂർണ്ണഹൃദയത്തോടെ തന്നെ പിന്തുടരുന്നവരെ യേശുക്രിസ്തു സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടുപോകുമെന്നു പഠിപ്പിക്കുന്ന ചിലരുണ്ട്. വിശ്വസ്തന്മാർക്കു ദൈവം നൽകുന്ന പ്രതിഫലമാണ് ഉപദ്രവത്തിൽനിന്നുള്ള ഈ മോചനമെന്നാണല്ലോ അവരുടെ വിവക്ഷിതം. വിവേകമുള്ള ഒരു സേനാനായകനും ഒന്നാംകിടയിൽപ്പെട്ട യോദ്ധാക്കളെ പിന്നിൽ നിറുത്തിയശേഷം രണ്ടാം

കിടക്കാരെ യുദ്ധരംഗത്തേക്കു നിയോഗി ക്കുകയില്ല. തന്റെ ഏറ്റവും നല്ല പടയാളി കളെ തനിക്ക് ഏറ്റവും കൂടുതൽ ആവ ശ്യമുള്ള സമയത്ത് ദൈവം യുദ്ധരംഗ ത്തു നിന്ന് പിൻവലിച്ചുകളയും എന്ന കാര്യം സങ്കല്പിക്കുവാൻ പോലും പ്രയാ സം. എതിർക്രിസ്തുവിനോട് യുദ്ധം ചെയ്യുന്നവർ ദൈവകല്പനകൾ പ്രമാണി ക്കുന്നവരും യേശുവിന്റെ സാക്ഷ്യം മുറു കെപ്പിടിക്കുന്നവരുമാണെന്നുള്ള വസ്തുത തിരുവെഴുത്തിൽ വളരെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട് (വെളി. 12:17). ഇക്കൂട്ടർ തീർച്ചയായും അർദ്ധമനസ്ക രായ വിശ്വാസികളല്ല. നേരേ മറിച്ച് ജീവ പുസ്തകത്തിൽ പേരുള്ള ജയാളികളാണ് ഇവർ(വെളി. 13:8; 2:5). അർദ്ധമനസ്ക രായ ക്രിസ്ത്യാനികളുടെ നേരെയല്ല, മറിച്ച് പൂർണ്ണമനസ്കരുടെ നേരെയാണ് സാത്താൻ ക്രുദ്ധനായിത്തീരുന്നത്. ഇന്ന് ദൈവത്തോടു പൂർണ്ണാനുസരണം പഠിപ്പി ക്കുന്നവരോട് സാത്താൻ കോപിഷ്ഠനാ യിരിക്കുകയാണ്. ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിക്കുകയും അപ്ര കാരമുള്ള അനുസരണം മറ്റുള്ളവരെ പഠി പ്പിക്കുകയും ചെയ്യുന്നവരാണ് സാത്താന്റെ മുഖ്യമായ ആക്രമണലക്ഷ്യം. ഈ കാര ണത്താലാണ് തനിക്കു വേണ്ടി പ്രാർത്ഥി ക്കുവാൻ പൗലോസ് എല്ലാ വിശ്വാസിക ളോടും ആവശ്യപ്പെട്ടിരുന്നത്. എന്തെ ന്നാൽ താൻ സാത്താന്റെ പ്രധാനപ്പെട്ട ആക്രമണലക്ഷ്യങ്ങളിൽ ഒന്നാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. പൂർണ്ണാനു സരണം പഠിപ്പിക്കുന്ന ദൈവഭൃത്യൻമാരെ ദൈവം സംരക്ഷിക്കുവാൻ വേണ്ടി നാമും പ്രാർത്ഥിക്കേണ്ടതാവശ്യമാണ്.

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾക്കെതിരേ ഭയാനകമായ പീഡനം ഉയർന്നു വന്നപ്പോൾ ദൈവം അവരെ ആ പീഡനങ്ങളിൽ നിന്ന് ഒഴി വാക്കിയില്ല. അധികാരികൾ അവരെ സിംഹങ്ങൾക്ക് ഇരയാക്കുകയും കെട്ടി യിട്ട് ദഹിപ്പിക്കുകയും ചെയ്തു. യേശു വിന്റെ ശിഷ്യന്മാർ കൊല ചെയ്യപ്പെട്ട റോമൻ കൊലക്കളങ്ങളിൽ നിന്ന് ദൈവം അവരെ എടുത്തു മാറ്റിയില്ല. ദാനിയേ ലിന്റെ കാലത്ത് സിംഹത്തിന്റെ വായ് അട യ്ക്കുകയും തീയുടെ ബലം കെടുത്തു കയും ചെയ്ത ദൈവം, ആ ആദ്യ നൂറ്റാ ണ്ടുകളിൽ യേശുക്രിസ്തുവിന്റെ പൂർണ്ണ മനസ്കരായ ശിഷ്യൻമാർക്കുവേണ്ടി അത്തരം അത്ഭുതങ്ങളൊന്നും പ്രവർത്തി ച്ചില്ല. കാരണം തീയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുന്ന പുതിയനിയമ വിശ്വാസികളായിരുന്നു അവർ. യേശുക്രി സ്തുവിന്റെ രണ്ടാമത്തെ വരവിനു മുമ്പുള്ള അവസാന നൂറ്റാണ്ടിലും ഇപ്രകാരം തന്നെയായിരിക്കും സംഭവിക്കു ക. ദൈവത്തിന്റെ ഒന്നാം കിടയിൽപ്പെട്ട പടയാളികൾ ആദ്യ നൂറ്റാണ്ടിൽ മരണം വരെയും അവനോടു വിശ്വസ്തരായിത്തു ടർന്നു. പന്ത്രണ്ടു ലെഗ്യോൻ ദൈവദൂത ന്മാർ വന്ന് തങ്ങളെ എടുത്തുകൊണ്ടു പോകുമെന്ന് അവർ പ്രതീക്ഷിക്കുകയോ അതിനു വേണ്ടി പ്രാർത്ഥിക്കുകയോ ചെയ്തില്ല. തന്റെ പുത്രന്റെ കാന്തയെ സിംഹങ്ങൾ കടിച്ചു കീറുന്നതും കെട്ടി യിട്ടു ദഹിപ്പിക്കുന്നതും നോക്കി ദൈവം മിണ്ടാതിരുന്നു. അവരുടെ ആ സാക്ഷ്യം അവിടത്തേക്കു മഹത്വം കരേറ്റുകയും ചെയ്തു. എന്തെന്നാൽ കുഞ്ഞാടുപോകു ന്നിടത്തൊക്കെയും, അതിക്രൂരമായ ശാരീ രിക മരണത്തിൽപ്പോലും അവനെ അനു ഗമിക്കുന്നവരായിരുന്നു അവരെല്ലാം. യേശു അവരോടു സംസാരിച്ച ഏകവ ചനം ഇതായിരുന്നു:- 'മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവന്റെ കിരീടം നിനക്കു തരും.'

ഇപ്പോഴും ഇതു തന്നെയാണ് അവി ടുന്ന് നമ്മോടരുളിച്ചെയ്യുന്നത്. എന്നാൽ എതിർക്രിസ്തുവിന്റെ വരാൻ പോകുന്ന ഭരണ കാലത്ത് നാം വിശ്വസ്തരായിരിക്ക ണമെങ്കിൽ ഇന്ന് നമ്മെ അഭിമുഖീകരി





ക്കുന്ന ചെറിയ പീഡനങ്ങളിലും പരീക്ഷ കളിലും നാം വിശ്വസ്തരായിത്തീരണം. ഈ കാരണത്താലാണ് രഹസ്യജീ വിതത്തിൽ ചിന്തകളിലും മനോഭാവങ്ങ ളിലും ഉദ്ദേശ്യ ലക്ഷ്യങ്ങളിലും പണമിട പാടുകളിലും മറ്റും മറ്റും —നാം വിശ്വ സ്തത പരിശീലിക്കേണ്ടിയിരിക്കുന്നത്. ഇവ ചെറിയ കാര്യങ്ങളാണ്, എന്നാൽ ഈ അല്പത്തിൽ നാം വിശ്വസ്തരാണെങ്കിൽ മാത്രമേ ഒരിക്കൽ അധികത്തിലും വിശ്വ സ്തത പാലിക്കാൻ നമുക്കു കഴിവുണ്ടാ കുകയുള്ളൂ. ചെറിയ കാര്യങ്ങളിൽ നാം അവിശ്വസ്തരായിത്തീർന്നാൽ പീഡന ത്തിന്റെ ദിവസത്തിലും നാം അവിശ്വസ്ത രായിത്തീരും. "കാലാളുകളോടു കൂടി ഓടീട്ട് നീ ക്ഷീണിച്ചു പോയാൽ കുതിര കളോട് എങ്ങനെ മത്സരിച്ചോടും? സമാ ധാനമുള്ള ദേശത്ത് നീ നിർഭയനായിരി ക്കുന്നു; എന്നാൽ യോർദ്ദാന്റെ വൻകാട്ടിൽ നീ എന്തു ചെയ്യും?" (യിരെമ്യാവ് 12:5) വേഗം സമീപിച്ചു കൊണ്ടിരിക്കുന്ന ആ ഭാവി ദിനത്തിൽ നമ്മെ തന്റെ കമാൻഡോ കളാക്കിത്തീർക്കുന്നതിനായി ഇന്നു നമ്മെ പരിശീലിപ്പിക്കുവാൻ ദൈവം ആഗ്രഹി ക്കുന്നു.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. ആമേൻ

❖

# നീ കരയുന്നതെന്ത്...

*30-ാം പേജിൽ നിന്നു തുടർച്ച*

പ്പെട്ടിരിക്കുന്നു. (യോഹ. 17:26)

അവൻ എന്നെ കൃത്യമായി പ്രതിനി ധാനം ചെയ്യുന്നു. (exact representation) (എബ്രാ. 1:3)

ഞാൻ നിനക്കെതിരല്ല, ഞാൻ നിന്റെ വശത്താണ് എന്നു വെളിപ്പെടുത്താനാണ് അവൻ വന്നത്. (റോമ. 8:31)

ഞാൻ നിന്റെ പാപങ്ങളെ കണക്കിടുന്നില്ല എന്നു നിന്നോടു പറയു വാനാണ് അവൻ വന്നത്. (2 കൊരി. 5:18 –19)

യേശു മരിച്ചത് ഞാനും, നീയും തമ്മിൽ നിരപ്പ് ഉണ്ടാകുവാൻ വേണ്ടിയാ ണ്. (2 കൊരി. 5:18–19)

എനിക്കു നിന്നോടുള്ള സ്നേഹ ത്തിന്റെ ആത്യന്തികമായ പ്രകാശനമാണ് അവന്റെ മരണം (ultimate expression) (1 യോഹ. 4:10)

നിന്റെ സ്നേഹം നേടുവാനായി ഞാൻ സ്നേഹിക്കുന്നതെല്ലാം ഞാൻ വിട്ടുകള ഞ്ഞു. (റോമ. 8:31, 32)

എന്റെ പുത്രനായ യേശു എന്ന ദാനത്തെ നീ സ്വീകരിക്കുമെങ്കിൽ നീ എന്നെ സ്വീകരിക്കുന്നു. (1 യോഹ. 2:23)

എന്റെ സ്നേഹത്തിൽനിന്നും ഒന്നും തന്നെ നിന്നെ ഒരിക്കലും വേർപിരിക്കു കയില്ല. (റോമ. 8:38, 39)

വീട്ടിലേക്കു വരിക; സ്വർഗ്ഗം കണ്ടിട്ടു ള്ളതിൽ വച്ച് ഏറ്റവും വലിയ പാർട്ടി ഞാൻ നടത്താം. (ലൂക്കോ. 15:7)

ഞാൻ എല്ലായ്പോഴും പിതാവായി രുന്നു; ഞാൻ എന്നും പിതാവായിരിക്കും. (എഫെ. 3:14, 15)

"നീ എന്റെ കുട്ടിയായിത്തീരുമോ?" എന്നാണ് എന്റെ ചോദ്യം (യോഹ. 1:12, 13)

ഞാൻ നിനക്കായി കാത്തിരിക്കുന്നു. (ലൂക്കോ. 15:11–32)

സ്നേഹത്തോടെ,
നിന്റെ ഡാഡി

സർവ്വശക്തനായ ദൈവം

(തുടരും)

**മൊഴിമാറ്റം:സുജ ഏബ്രഹാം**

❖

Youth Section




MEDITATIONS ON THE HOLY SPIRIT

# A Dove and A Fire

Sandeep Poonen

***Question:***

Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***

This month, I want to talk about the two visual symbols with which the Holy Spirit appeared to us, and what we can learn about Him from these symbols. Now, there are several other symbols that are associated with the Holy Spirit in the Bible (e.g. water, oil, etc). But here, I want to simply talk about the two symbols that we physically SEE when the Holy Spirit came to rest upon people in the New Testament.

I first want to say that I have heard several stories of the Holy Spirit appearing nowadays as gold dust, feathers, etc. For myself, I pay NO attention to this because I see no evidence of this in the Bible. So I hope that you too will pay no attention to all such evidences, but that you will pay attention to the symbols for the Holy Spirit that the Bible gives us.

**THE SYMBOL OF A DOVE: The Holy Spirit comes to bring peace between God and us**

The very first symbol that the Holy Spirit used to appear to humans in the New Covenant was as a dove Who rested on Jesus as He came up out of the waters of baptism. *Matthew 3:16 - After being baptized, Jesus came up immediately from the water; and behold, the heavens were opened, and he saw the Spirit of God descending as a dove and lighting on Him*

The dove is a symbol of peace - and is at the core of the message that God wants to bring to ALL humans. God's message is now for more than just the Israelites, who were favored in the Old Covenant. God's truth is now available to EVERY SINGLE race, culture, and ethnicity. There is NOBODY who is exempted from being able to gain access to the promises of God.

As we read the Old Testament, we see what a unique place the Israelites had in God's plan. Because God only breathed on humans when He created us,





only humans have been created with a longing for Him. But among all the cultures that existed in the Old Testament times, God chose only the descendants of Abraham, Isaac, and Jacob to receive the commands and instructions from God. They alone were told by God Himself on how to be pleasing to Him. No other person and no other culture in the Old Testament times were given this revelation.

But something changed when Jesus died, rose again, and gave us His Holy Spirit. By the Holy Spirit that came to dwell within us, people of every race and nation were now able to be cleansed from all sin, and even be joined together into the Body of Christ (Ephesians 2:11-22). So now, there is no special distinction anymore for one group of humans. Every human is now the same, with EQUAL opportunity to enter God's presence.

This is unbelievably good news, that some of us who have been Christians for a while can so easily forget. So it is good for us to often remember this symbol of the Holy Spirit - one who brings peace. He is a bearer of PEACE who tells us that we don't need to run away from God. No! Because of Christ, we can be at peace with God, and draw near to Him - so near that we interact with Him as a loving Daddy, and are fully united with His first-born Son Jesus Christ. Now, that's a kind of peace that nobody in the world can ever manufacture!

**THE SYMBOL OF FIRE: The Holy Spirit comes as an unquenchable fire to purge us of all sin**

*Acts 2:3 - And there appeared to them tongues as of fire distributing themselves, and they rested on each one of them*

When the Holy Spirit came to first dwell among humans in the New Covenant (on the day of Pentecost), he rested on each individual one of them as a tongue of fire. Just as the Holy Spirit RESTED on Jesus as a dove, the Holy Spirit RESTED on each person on the day of Pentecost as a tongue of fire.

This is also a necessary work of the Holy Spirit. The Holy Spirit desires to rest upon us as a symbol of fire over our lives - because He comes to utterly consume and burn up every last sin that lies within us. The Holy Spirit didn't have to rest on Jesus as a fire, because Jesus had no sin within Him. But for every one of us, the symbol of fire is crucial for us.

See these words uttered by John the Baptist about Jesus. *Matthew 3:11-12 - As for me, I baptize you with water for repentance, but He who is coming after me is mightier than I, and I am not fit to remove His sandals; He will baptize you with the Holy Spirit and fire. His winnowing fork is in His hand, and He will thoroughly clear His threshing floor; and He will gather His wheat into the barn, but He will burn up the chaff with unquenchable fire.*

The Holy Spirit here again is associated with fire - and specifically as an unquenchable fire.

Now, if we read this passage carefully, we see that the immersion by fire is for the chaff to be burnt up. So please note that God does not want all of us to

be fully burnt up. No, He loves us tremendously, more than we can ever imagine. And precisely because of His great love for us, He wants to burn up those things from us that cannot co-exist with Him. And the only thing that cannot co-exist with God is our sin. So sin is what needs to be burnt up.

Sin in our lives is just like the chaff that covers the wheat grain and prevents the grain from being able to bear fruit. Only as the chaffs that cover the wheat grains are removed can the wheat grains fall into the ground and even one day bear fruit. Otherwise, the chaff becomes like a shell that covers the wheat grain and prevents it from growing.

But we might ask, isn't it good enough that the chaff just be removed from the wheat and be set aside (maybe for the animals to eat it)? NO! There is absolutely NO USE for the sins that inhabit us. Yes, Jesus wants to separate us from every sin. But He is so brutally opposed to these sins that He even wants to burn them up with an unquenchable fire.

So the question I ask myself and you is whether we still desire the Holy Spirit - even when He says that He must come as an unquenchable fire that burns up ALL sin within us. Will we still fully embrace the Holy Spirit and even invite Him to every area of our lives - so that He can brutally burn up any sin that gets in the way of allowing us to bear fruit for Him?

Now, those of us who have been Christians for a while know that some of our sins don't go away easily. It is not easy to give up some sins that cling close to us and that have been sources of comfort and pleasure to us for many years, maybe even decades. So it is good for us to remind ourselves that the Holy Spirit comes as a fire - because not only does He want to be free from those sins, He wants to even take them and utterly burn them up.

Just imagine if we all had this attitude of a fire burning up all the sins within ourselves (not the sins of others most of all, mind you). Imagine if the world around us could see that we were passionate that every sin *within us* be burnt up! Think for a moment about those sins that give us temporary pleasure - like our fits of anger, our sexual lusts, our thinking evil and judgmental thoughts about others, etc. Imagine if we hated them SO MUCH that we persistently longed and cooperated with the Holy Spirit for these sins to be completely burnt up. I truly believe that this is God's intention in giving us the Holy Spirit. He desires that our hatred for all our sins would increase day by day, and especially year by year!

I pray that God helps us be Christians who truly and fully embrace the Holy Spirit as He chose to evidence Himself to us - as a dove that seeks to bring complete peace between God and us, and as an unquenchable fire that seeks to burn up every last sin that dwells within us.

(please mail your genuine doubts to: **sandeep@poonen.org**)

ജീവമൊഴികൾ

വാല്യം 10 ജൂൺ 2011 ലക്കം 6

എഡിറ്റോറിയൽ ബോർഡ്

മാനേജർ

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു പുറത്ത് | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ

വിദേശപ്രതിനിധികൾ

U.S.A - Binoy James

DUBAI - Shabu Kuruvilla

Phone: 050-84 85 287

മൊഴിമുത്ത്

## യഥാർത്ഥ ദൈവഹിതം



യഥാർത്ഥ ദൈവഹിതമെന്നതു നമ്മെയും മറ്റുള്ളവരെയും ലോകത്തെയും സംബന്ധിച്ച എല്ലാ ദൈവപ്രവർത്തനത്തിനും പൂർണമായി കീഴടങ്ങുന്നതാണ്. ദൈവഭരണത്തിനു തങ്ങളെത്തന്നെ വിധേയപ്പെടുത്തുന്നതായി ചിലർ ചിന്തിക്കുന്നുണ്ടെങ്കിലും പലതിലും ദൈവവ്യവസ്ഥകളെ അവർ ചോദ്യം ചെയ്യുന്നതായിട്ടാണു കാണുന്നത്.

ആദാം പാപം ചെയ്യുവാൻ എന്തുകൊണ്ട് ദൈവം അനുവദിച്ചു? എന്തുകൊണ്ടു പാപം ലോകത്തിൽ കടക്കുവാൻ അവിടുന്നു സമ്മതം നൽകി? എന്തുകൊണ്ടു ദൈവം ഇപ്രകാരം അല്ലെങ്കിൽ അപ്രകാരം പ്രവർത്തിച്ചു? ഈ കാര്യങ്ങളിൽ ഒന്നിനും നമുക്കു തൃപ്തികരമായ മറുപടി ലഭിക്കാതിരുന്നാൽ തന്നെയും സംഭവിക്കുവാൻ ദൈവം അനുവദിച്ച സകലത്തിനും പൂർണമായും വിധേയപ്പെടുന്നതാണ് യഥാർത്ഥമായ കീഴടക്കം.

**ചാൾസ് ഫിന്നി**

## ലോകത്തിന്റെ വെളിച്ചം

A **Joyful 'toon** by Mike Waters




'ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ... ജീവന്റെ വെളിച്ചമുള്ളവൻ ആകും'. *(യോഹ. 8:12)*

# REALLY POOR

In his book 'Philosophical Fragments', Kierkegaard explains the meaning of Christ's emptying himself with a simple story.

A king falls in love with a humble maiden. How should the king declare his love with a humble maiden? How should the king declare his love to her? Should he elevate her to his level? Should he show himself to her in all his kingly glory? If he were to do so, he would totally overwhelm her. And suppose she were to respond to the king's love, would there not always linger in the king's mind the suspicion that it was not he whom she loved but his power and riches?

To get around this problem, the king might disguise himself as a beggar and so approach the girl. But this would introduce a new problem. Suppose that as beggar he managed to win her love, she would then love a beggar and not a king.

So the only solution is for the king actually to become a beggar, not merely to pretend to be one, and so seek to win the maiden's love.

This is what happened when Christ emptied himself and became a human being. He actually became something that he had never been before: poor. That is why God made him so rich afterward.

## *Just a minute*

*'യേശു അവളോട് ഈ വെള്ളം കുടിക്കുന്നവന് എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല'. (യോഹന്നാൻ 4: 13, 14)*

***Pheba Cleetus***

